മാസിക
# സുന്നത്ത്

**2026 ജൂലൈ, 1448 മുഹർറം – സഫർ**
പുസ്തകം 49 / ലക്കം 5, വില 18 രൂപ



Samastha Kerala
Sunni Jam-iyyathul Mu-allimeen
Samastha Islamic Centre,
P.O Eranhippalam, Calicut-6

**Ph: 0495 277 2846**

sunnethmonthly@gmail.com
Sunnethcirculation@gmail.com





**മുഖക്കുറി**

## ലഹരിക്കെതിരെ ഒരുമിക്കാം

ലഹരിക്കെതിരെ കേരള സർക്കാർ തുടങ്ങിവച്ച ഓപ്പറേഷൻ തൂഫാൻ പ്രതീക്ഷാവഹമാണ്. ദിവസങ്ങൾക്കകം കോടിക്കണക്കിന് രൂപയുടെ ലഹരി വസ്തുക്കളാണ് ഈ ഉദ്യമത്തിന്റെ ഭാഗമായി കേരളത്തിന്റെ വിവിധ ഭാഗങ്ങളിൽനിന്ന് പിടിച്ചെടുത്തത്. ലഹരി ഉപയോക്താവിനെ മാത്രം ബാധിക്കുന്ന പ്രശ്നമല്ല. പ്രത്യുത, സാമൂഹ്യ വ്യവസ്ഥയെയും സാംസ്കാരിക പുരോഗതിയെയും ലഹരി ആഴത്തിൽ ബാധിക്കും. യുവതലമുറ ലഹരിക്കടിമപ്പെടുന്നതോടെ രാഷ്ട്രത്തിന്റെ വികസന പ്രവർത്തനങ്ങളെയും അത് സാരമായി ബാധിക്കും.

സിന്തറ്റിക്, രാസലഹരികൾ മാത്രമല്ല; മദ്യവും ഗൗരവമേറിയ ലഹരിയാണെന്ന ബോധം സമൂഹത്തിനും ഭരണകർത്താക്കൾക്കും ഉണ്ടാകണം. വീര്യം കുറഞ്ഞ മദ്യത്തിന് തീരുവ കുറച്ച ഗവൺമെന്റ് തീരുമാനം പുനഃപരിശോധിക്കണം. ലഹരിക്കെതിരെയുള്ള പ്രവർത്തനങ്ങളിൽ പോലീസ്, എക്സൈസ് വകുപ്പുകളോടൊപ്പം പൊതുജനങ്ങളും പങ്കാളികളാവണം. ലഹരിമുക്ത നാടിന്റെ നിർമ്മാണത്തിനായി ഒറ്റക്കെട്ടായ പ്രവർത്തനങ്ങൾ അനിവാര്യമാണ്.

**എഡിറ്റർ**


**Managing Editor**
Sayyid Ali Bafaqy Thangal

**Chief Editor**
V.P.M Villyapalli
9446 731 889, 0496 253 4373

**Executive Editor**
Shafeeq Bukhari Kanthapuram
cp222306@gmail.com

**General Manager**
Sulaiman Saqafi Kunhukulam

**Editor**
Muhammed Parannur

**Sub Editor**
E.M Sufyan Bukhari

**Circulation Manager**
Shareef saqafi Edayur

**Design & Layout**
Anvar Sadique Bukhari


കവർസ്റ്റോറി

## മഴയുടെ ഭാവങ്ങൾ

○ സൈറ അലി അരീക്കോട്

മഴ വലിയൊരു അനുഗ്രഹമാണ്. ചിലപ്പോൾ വിശ്വാസികൾക്കത് പരീക്ഷണവുമാകാം. മഴയെ ശപിക്കരുതെന്നാണ് ഇസ്‌ലാമികാധ്യാപനം. മഴയെപ്പോലെ മാഞ്ഞു പോകാത്ത സൗന്ദര്യമുണ്ട് മഴയോർമ്മകൾക്കും.

06



കവർസ്റ്റോറി

## സാമ്പത്തിക അച്ചടക്കം ശീലമാക്കാം

○ ശഹബാസ് അഹ്മദ്

ജീവിതത്തിൽ സംതൃപ്തി ലഭിക്കാൻ സാമ്പത്തിക അച്ചടക്കം അനിവാര്യമാണ്. അന്ധമായ അനുകരണ സ്വഭാവവും ഓൺലൈൻ ഷോപ്പിംഗ് മാനിയയും മലയാളികളുടെ സാമ്പത്തിക വിനിമയങ്ങളെ സാരമായി ബാധിച്ചിട്ടുണ്ട്.

10



കവർസ്റ്റോറി

## വീടുനിർമ്മാണം; ഇക്കാര്യങ്ങൾ ശ്രദ്ധിക്കാം

○ സിയാദ് സഖാഫി പാറന്നൂർ

മനുഷ്യജീവിതത്തിലെ വലിയ അനുഗ്രഹങ്ങളിലൊന്നാണ് സൗകര്യപ്രദമായ ഭവനം. വീടു നിർമ്മാണത്തിൽ വിശ്വാസിക്ക് ശ്രദ്ധിക്കാൻ പല കാര്യങ്ങളുണ്ട്. പുറംമോടിയെക്കാൾ അകത്തെ സംതൃപ്തിക്കാണ് നാം പ്രാധാന്യം കൽപിക്കേണ്ടത്.

19





15

### സ്ക്രീൻ അഡിക്ഷൻ മോചനം സാധ്യമാണോ?

മുഹമ്മദ് പാറന്നൂർ

### സന്താനപരിപാലനം ഇസ്‌ലാമിക പരിപ്രേക്ഷ്യം

സൈനുദ്ദീൻ ശാമിൽ ഇർഫാനി



29



34

### ലഹരി വിതയ്ക്കും വിനകൾ

ബഷീർ സഖാഫി എളാട്

19 ### സമസ്ത മുന്നേറ്റത്തിന്റെ സമരജ്വാല

അബൂറയ്യാൻ

33 ### എഴുത്ത് ത്വലാഖാകുമോ ?

അബ്ദുൽ ജലീൽ സഖാഫി


05 തസ്കിയ
26 ചരിത്രാഖ്യായിക
39 നോവൽ
42 ശാഫിഈ ഫിഖ്ഹ്
47 ഹനഫീ ഫിഖ്ഹ്
48 വാർത്തകൾ

# മാരകമായ മൂന്നുകാര്യങ്ങൾ

തസ്കിയ

തിരുനബി(സ) പറഞ്ഞു: 'അല്ലാഹു നിങ്ങൾക്കു മൂന്നുകാര്യം വെറുക്കുന്നു. 'പറഞ്ഞു', 'കേട്ടു' എന്നിങ്ങനെയുള്ള സംസാരമാണ് അവയിലൊന്ന്. രണ്ടാമത്തേത് സമ്പത്ത് ദുർവ്യയം ചെയ്യലാണ്. ആവശ്യമില്ലാത്ത ചോദ്യങ്ങൾ വർദ്ധിപ്പിച്ചു കൊണ്ടിരിക്കലാണ് മൂന്നാമത്തേത്.' (ബുഖാരി)

അല്ലാഹു വെറുക്കുന്ന ഈ മൂന്നുകാര്യങ്ങളും ഇന്നത്തെ സാമൂഹികജീവിതത്തിൽ സർവ്വസാധാരണമല്ലേ? അറിഞ്ഞും അറിയാതെയും നാം പലപ്പോഴും ഇവയിൽ പങ്കുകൊള്ളുന്നില്ലേ? ആത്മപരിശോധന നടത്തണം.

സോഷ്യൽമീഡിയയുടെ വ്യാപനത്തോടെ വാർത്തകളുടെ വ്യാപനം അതിശീഘ്രഗതിയിലാണ്. ഓരോ സംഭവങ്ങളെക്കുറിച്ചും സംഭവിക്കാത്ത കാര്യങ്ങളെക്കുറിച്ചും പൊടിപ്പും തൊങ്ങലും വെച്ച് വാർത്തകളുണ്ടാക്കുന്നുണ്ട് പലരും. ചിലർക്കതൊരു ഹോബിയാണ്. വാട്സാപ്പിലും ഫേസ്ബുക്കിലും മറ്റും വരുന്ന അത്തരം വാർത്തകൾ ശരിയാണോ, അടിസ്ഥാനമുള്ളതാണോ എന്നൊന്നും നോക്കാതെ മറ്റു ഗ്രൂപ്പുകളിലേക്ക് ഫോർവാഡ് ചെയ്യുന്നു നമ്മിൽ പലരും. ആ വാർത്തകളിൽ പലതും വ്യക്തികളെ അപകീർത്തിപ്പെടുത്തുന്നതാവാം, അപമാനിക്കുന്നതാവാം, അഭിമാനക്ഷതമുണ്ടാക്കുന്നതാവാം, രഹസ്യമറകൾ പറിച്ചുചീന്തുന്നതാവാം, വെറും അപവാദങ്ങളാകാം. നിമിഷങ്ങൾക്കകം അവ നാടാകെ പ്രചരിക്കുന്നു. അതിന്റെ ദുരന്തഫലം എത്ര ഭയാനകമാണെന്ന് ആലോചിച്ചിട്ടുണ്ടോ? എത്ര പേരെയാണത് ആത്മഹത്യയിലേക്കുപോലും നയിച്ചത്! അപമാനഭാരത്താൽ മനംനൊന്ത് മാനസികരോഗികളായിത്തീർന്നവരെത്ര! എത്ര കുടുംബങ്ങളെയാണ് പല വ്യാജവാർത്തകളും ശിഥിലമാക്കിയത്! ഇങ്ങനെ തീർത്താൽ തീരാത്ത സങ്കടങ്ങളും ദുരിതങ്ങളും വിതയ്ക്കുന്നതോ 'ആരോ പറഞ്ഞു', 'അങ്ങനെ കേട്ടു' എന്നൊക്കെയുള്ള അടിസ്ഥാനരഹിതമായ ആരോപണങ്ങളും അനുമാനങ്ങളുമാണ്. വിശ്വാസി ഒരിക്കലും ഇത്തരം സാമൂഹികദ്രോഹത്തിൽ പങ്കാളിയാവരുത്. അല്ലാഹു വെറുക്കുന്ന മഹാപാതകമാണതെന്നോർക്കുക.

സാമ്പത്തിക ദുർവ്യയമാണ് മറ്റൊരു വെറുക്കപ്പെട്ട കാര്യം. പൊങ്ങച്ചപ്രകടനത്തിന്നായി, ജനങ്ങൾക്കിടയിൽ ആളാവാനായി, സ്ഥാനമാനങ്ങൾ നേടിയെടുക്കാനായി, വെറും ആത്മസുഖത്തിന്നായി എത്രമാത്രം സമ്പത്താണിന്ന് പലരും വാരിയെറിയുന്നത്. മുസ്‌ലിം സമൂഹം ഇത്തരം ദുർവ്യയത്തിൽ മുൻപന്തിയിലാണെന്ന് പറയാതിരിക്കാൻ വയ്യ. പലരുടെയും സാമൂഹികജീവിതം പോലും പ്രതിസന്ധിയിലാക്കുന്ന ദുർവ്യയങ്ങളെക്കുറിച്ച് എത്ര ബോധവൽക്കരണം നടത്തിയാലും മുന്നറിയിപ്പ് ലഭിച്ചാലും പിന്മാറുന്നവരല്ല പലരും. ഓർക്കുക; ഈ ദുർവിയത്തിന്റെ തിക്തഫലം അതിവിദൂരമല്ലാത്ത ഭാവിയിൽ അനുഭവിക്കേണ്ടിവരും. അല്ലാഹു വെറുക്കുന്ന കാര്യമായതിനാൽ പരലോകത്തും അനുഭവിക്കാനുണ്ടാവും.

ഹദീസിൽ പരാമർശിച്ച മൂന്നാമത്തെ കാര്യം, ആവശ്യമില്ലാത്ത ചോദ്യങ്ങളുടെ വർദ്ധനവാണ്. ആവശ്യമുള്ള കാര്യങ്ങൾ ചോദിച്ചറിയേണ്ടതു തന്നെ. എന്നാൽ, നമ്മുടെ ചോദ്യങ്ങളിലധികവും മറ്റുള്ളവരുടെ അവസ്ഥകളെക്കുറിച്ചായിരിക്കും; അവരുടെ രഹസ്യങ്ങളെയും പ്രവർത്തനങ്ങളെയും കുറിച്ച്. അങ്ങനെ കുത്തിച്ചോദിച്ചറിഞ്ഞ് ആത്മരതി കൊള്ളുന്നവരേറെയുണ്ട് സമൂഹത്തിൽ. ചിലർ അത്തരം കാര്യങ്ങളുടെ പ്രചാരകരായും മാറുന്നു. എത്ര മാരകമായ പാപങ്ങൾ!

നമ്മുടെ സർവ്വപുണ്യങ്ങളും നിഷ്ഫലമാക്കുന്ന ഇത്തരം കാര്യങ്ങളെക്കുറിച്ചുള്ള ഗൗരവതരമായ താക്കീതാണ് പ്രസ്തുത ഹദീസ്.

കവർസ്റ്റോറി

സൈറ അലി അരീക്കോട്

# മഴയുടെ ഭാവങ്ങൾ

കഠിനമായ പട്ടിണികാരണം മരണത്തെ മുഖാമുഖം കണ്ട് സുഡാനിബാലൻ വിഴുന്നതു കാത്തിരിക്കുന്ന കഴുകന്റെ ചിത്രം പകർത്തിയത് കെവിൻകാർട്ടറാണ്. ലോകപ്രശസ്തമായ ഈ ചിത്രത്തിലൂടെ ഒരിക്കലെങ്കിലും കണ്ണോടിച്ചവരായിരിക്കും നമ്മിൽ പലരും. 1993 ൽ പകർത്തിയ ചിത്രം ലോകത്തെ ഏറെ വേദനിപ്പിക്കുകയും ചിന്തിപ്പിക്കുകയും ചെയ്തു. ഐക്യരാഷ്ട്രസഭയുടെ ഭക്ഷണകേന്ദ്രത്തിലേക്കുള്ള വഴിയിൽ തളർന്നു വീഴുന്ന ഈ കുരുന്നിന്റെ ചിത്രം കണ്ടതു മുതൽ, അതൊരു അസ്വസ്ഥമാക്കുന്ന ഓർമയായി മാറി. കടുത്ത വരൾച്ചയും ക്ഷാമവും എങ്ങനെയാണ് മനുഷ്യരെ നാമമാത്ര ജീവനുകളാക്കിമാറ്റുന്ന ദുസ്ഥിതിയിലേക്ക് നയിക്കുന്നതെന്ന് കാണിച്ചുതരുന്ന ഭയാനകമായ ഒരു നിറം ആ ചിത്രത്തിനുള്ളതു പോലെ തോന്നി; വരൾച്ചയുടെ, ജലക്ഷാമത്തിന്റെ, ഭക്ഷ്യക്ഷാമത്തിന്റെ വരണ്ട ഭൂമിയുടെ പേരില്ലാത്ത നിറം!

മഴ വലിയ അനുഗ്രഹമാണെന്ന് ഓർത്തുപോകാറുണ്ട് പലപ്പോഴും. മഴയില്ലായിരുന്നെങ്കിൽ എന്താകുമായിരുന്നു നമ്മുടെയും ഈ ഭൂമിയുടെയും അവസ്ഥയെന്നും ഇടക്ക് ഓർത്തുനോക്കാറുണ്ട്. മഴയില്ലെങ്കിൽ മഴ ലഭിക്കാൻവേണ്ടിയും മഴ പെയ്യുമ്പോൾ അത് ഉപകാരപ്രദമാക്കാൻ വേണ്ടിയും പ്രാർത്ഥിക്കാൻ തിരുദൂതർ നമ്മെ പഠിപ്പിച്ചിട്ടുണ്ടല്ലോ. എന്തുകൊണ്ടായിരിക്കുമത്? മഴക്ക് ഉരുൾപൊട്ടലിന്റെ, മണ്ണിടിച്ചിലിന്റെ, വെള്ളപ്പൊക്കത്തിന്റെ മറ്റൊരു ഭീകരഭാവം കൂടിയുള്ളതുകൊണ്ടായിരിക്കുമോ?

കുട്ടിക്കാലത്തെ തണുത്ത ഒരു രാത്രി ഓർമയിലുണ്ട്. രണ്ടു മൂന്നു ദിവസം തോരാതെപെയ്ത മഴയെ ആരും കാര്യമായെടുത്തില്ല. അന്നു രാത്രി ഞാൻ ഞെട്ടിയെണീറ്റത് ഉമ്മയുടെ ഉച്ചത്തിലുള്ള നിലവിളി കേട്ടാണ്. 'പടച്ചറബ്ബേ' എന്ന് ഉമ്മ വലിയ ഉച്ചത്തിൽ വിളിക്കുന്നത് കേട്ടു. ഞാൻ ഉറക്കത്തിൽ തപ്പിപ്പിടിച്ച് ഉമ്മാന്റെ കൈയിൽ തൊട്ടു. ഉമ്മാന്റെ കൈയിൽ നിന്ന് വെള്ളം എന്റെ കൈയിലേക്ക് പടർന്നു. എന്താണ് സംഭവിക്കുന്നത്? ഒന്നും മനസ്സിലായില്ല. തൊട്ടപ്പുറത്തെ കട്ടിലിൽ ഇത്താത്ത കിടക്കുന്നുണ്ട്.

'ഉമ്മാ, ലൈറ്റ് കത്തുന്നില്ല'



മഴ വലിയ അനുഗ്രഹമാണെന്ന് ഓർത്തു പോകാറുണ്ട് പലപ്പോഴും. മഴയില്ലായിരുന്നെങ്കിൽ എന്താകുമായിരുന്നു നമ്മുടെയും ഈ ഭൂമിയുടെയും അവസ്ഥയെന്നും ഇടക്ക് ഓർത്തുനോക്കാറുണ്ട്. മഴയില്ലെങ്കിൽ മഴ ലഭിക്കാൻവേണ്ടിയും മഴ പെയ്യുമ്പോൾ അത് ഉപകാരപ്രദമാക്കാൻ വേണ്ടിയും പ്രാർത്ഥിക്കാൻ തിരുദൂതർ നമ്മെ പഠിപ്പിച്ചിട്ടുണ്ടല്ലോ. എന്തുകൊണ്ടായിരിക്കുമത്? മഴക്ക് മറ്റൊരു ഭീകരഭാവം കൂടിയുള്ളതുകൊണ്ടായിരിക്കുമോ?

എന്ന് ഇത്താത്ത പറയുന്നതുകേട്ടു.

'കറണ്ടില്ല മോളേ.'

'ടോർച്ചെവിടെ ഉമ്മാ?'

'കട്ടിലിനു താഴെ വച്ചിരുന്നല്ലോ.'

'അതൊന്നെടുക്കോ?'

'അതിനി കിട്ടുമെന്ന് തോന്നുന്നില്ല. തറയിൽ നിറയെ വെള്ളമാണ്.'

ഉമ്മ വെള്ളത്തിലൂടെ നടക്കുന്ന ശബ്ദവും ജനൽ തുറന്ന് അയൽവാസികളെ വിളിക്കുന്ന ശബ്ദവും കേൾക്കാമായിരുന്നു. ആരൊക്കെയോ തോണിയും ടോർച്ചുകളുമായി വന്നു. അപ്പോഴേക്കും വെള്ളം കട്ടിലുമായി സമനില പിടിച്ചിരുന്നു. ഒറ്റ രാത്രി കൊണ്ടാണ് വെള്ളം അത്രയും കൂടിയത്. ഉറങ്ങാൻ പോകു



ഞാൻ ചാടിയെണീറ്റു. ഒന്നും കാണുന്നില്ല. ആകെ അറിയാൻ പറ്റുന്നത് ഉമ്മാന്റെ കൈയിലെ നനവാണ്. പുഴവെള്ളം തൊട്ടടുത്തെത്തിയിരിക്കുന്നു...! ഉപ്പ നാട്ടിലില്ല. ഇക്കാക്കമാരാണെങ്കിൽ വീടിന്റെ മുകൾനിലയിലാണ് ഉറങ്ങുന്നത്. എന്ത് ചെയ്യും? ഞങ്ങൾ കുറച്ചുസമയം നിശ്ശബ്ദരായി ഇരുന്നു. പിന്നീട് ഉമ്മ കട്ടിലിൽ നിന്നിറങ്ങുന്നതറിയാൻ കഴിഞ്ഞു. ഉമ്മാന്റെ കൂടെ ഞാനും ഇറങ്ങി. താഴേക്ക് കാൽവെച്ച മാത്രയിൽ തിരിച്ചെടുത്തു. തറയിൽ മുട്ടറ്റം വെള്ളമാണ്. തണുത്ത വെള്ളം. തലച്ചോറിലേക്കെത്തുന്ന തണുപ്പ്.

മ്പോൾ വെള്ളപ്പൊക്കത്തിന്റെ യാതൊരു ലക്ഷണങ്ങളും ഉണ്ടായിരുന്നില്ല. കടുത്ത മഴയുടെ മങ്ങലുണ്ടായിരുന്നെങ്കിലും നേരം പുലരുന്നതിന്റെ ചെറിയവെളിച്ചം അകത്തേക്ക് വരാൻ തുടങ്ങിയതോടെ കാഴ്ചകൾക്കു കുറച്ചുകൂടി വ്യക്തത വന്നു.

ഞങ്ങളുടെ കിടക്കകളും വസ്ത്രങ്ങളും ആരൊക്കെയോ മരഗോവണി കയറി മച്ചിൻപുറത്തേക്ക് കൊണ്ടുപോകുന്നുണ്ടായിരുന്നു. കട്ടിലുകളും മേശകളും ജനാലകളോട് ചേർത്തു ബന്ധിച്ചു. അമ്മിത്തറയിൽ ഉമ്മ കഴുകിക്കമഴ്ത്തിവെച്ച പാത്രങ്ങളിൽ ചിലത് മുറ്റത്തൂടെ ഒഴുകിപ്പോകുന്നതു കണ്ടു. രക്ഷക്കെത്തിയ ഏതോ ഒരു തോണിയിൽ കയറുന്നതിനുവേണ്ടി ഞങ്ങൾ ഒരു വിധം വീടിനു പുറത്തിറങ്ങി.

'ഉമ്മാ, നമ്മളെ കോയ്ക്കുട്ടികൾ?' ഞാൻ  ചോദിച്ചു.

'പടച്ചോനേ, അവറ്റ ചത്തുപോയീണ്ടാവ്വോ?' ഉമ്മ ചോദിച്ചു.

'വേഗം കേറിത്താത്താ.' മഴ കൊണ്ട് കുതിർന്നുപോയ തോണിക്കാരൻ ദാവൂദിക്ക അക്ഷമനായി പുറഞ്ഞു.

ഉമ്മ കേറുന്നതിനിടയിൽ വിളിച്ചുപറഞ്ഞു: 'അബ്ദുല്ലാ, ന്റെ കോയിക്കൂടൊന്ന് പോയി നോക്കോ?'

അബ്ദുല്ലാക്ക കഴുത്തറ്റം വെള്ളത്തിലൂടെ നീങ്ങിനീങ്ങി കോഴിക്കൂടിനടുത്തേക്കുപോകുന്നത് ഞാൻ തെല്ലൊരു പേടിയോടെ നോക്കി നിന്നു. മഴ കനക്കുന്നുണ്ട്. ആരോ ഒരാൾ തോണിയിൽ നിന്ന് വെള്ളം കോരി ഒഴിവാക്കിക്കൊണ്ടിരുന്നു. മുറ്റത്തുനിന്ന് തോണി നീങ്ങിത്തുടങ്ങി. എന്റെ നോട്ടം കോഴിക്കൂടിലാണ്. കോഴിക്കൂട് തുറന്നുനോക്കി അല്പനേരം മിണ്ടാതിരുന്ന ശേഷം അബ്ദുല്ലാക്ക സങ്കടത്തോടെ വിളിച്ചു പറഞ്ഞു: 'ഒക്കെ പോയിട്ടോ...' വീട്ടിൽ നിന്ന് അകന്നുകൊണ്ടിരിക്കുന്ന തോണിയിൽ നിന്ന് മഴത്തുള്ളികളും കണ്ണീർത്തുള്ളികളും മൂടിക്കളഞ്ഞ കാഴ്ചയിൽ ചത്തുപൊന്തിയ കോഴികൾ വെള്ളത്തിന്റെ മുകളിൽ വെളുത്ത ആമ്പൽപ്പൂക്കൾ പോലെ തോന്നിച്ചു. അതിരുകൾ മാഞ്ഞുപോയ പുഴയുടെ മാറിലൂടെ തോണി നീങ്ങിക്കൊണ്ടിരുന്നു.

'പടച്ചോനേ.. എന്താദ് ഒലിച്ചു പോണത്ന്ന് നേക്ക്യേ...' ദാവൂദാക്ക പങ്കായം ചൂണ്ടിയ ഭാഗത്തേക്ക് നേക്കിയപ്പേഴാണ് എല്ലാവരും ആ കാഴ്ച്ച കാണുന്നത്. വെള്ളത്തിനല്പം മുകളിലേക്കു വീർത്ത് ചാക്കുപോലെ എന്തോ ഒന്ന് ഒഴുകുപ്പോകുന്നു.

'അതൊരു പയ്യാണല്ലോ...' ആരോ വിളിച്ചുപറഞ്ഞു.

'ഇത്രകാലം ജീവിച്ചിട്ട് ഇങ്ങനൊരു കാഴ്ച്ച ആദ്യായിട്ടാ...' കൂട്ടത്തിലേറ്റവും പ്രായം ചെന്നയാൾ പറഞ്ഞത് ഉമ്മയും ശരിവച്ചു. ഉമ്മാന്റെ ഓർമയിലൊന്നും അത്തരമൊരു വെള്ളപ്പൊക്കം

ഉണ്ടായിരുന്നില്ലത്രെ!

നാട്ടിലെ അല്പം ഉയർന്ന പ്രദേശത്തേക്ക് തോണിയടുപ്പിച്ചു. അവിടെയുണ്ടായിരുന്ന ഒരു വീട്ടുകാർ ഞങ്ങളെ അവരുടെ വീട്ടിലേക്ക് കൂട്ടിക്കൊണ്ടുപോയി. ആ വീട്ടിൽ ഞങ്ങൾ ആറു ദിവസം താമസിച്ചു. പിന്നീട് വെള്ളം പതിയെ ഇറങ്ങിത്തുടങ്ങി. ആരൊക്കെയോ ചേർന്ന് വീടുകൾ വൃത്തിയാക്കി. ഞങ്ങൾ വീടുകളിലേക്ക് തിരിച്ചെത്തി. നികത്താനാവാത്ത വലിയ നഷ്ടങ്ങളൊന്നും റബ്ബ് തന്നില്ലാലോ എന്ന് ഞങ്ങൾ ആശ്വസിച്ചു. പക്ഷേ, മറ്റൊരു മഴക്കാലം നികത്താനാവാത്ത മറ്റൊരു നഷ്ടം സമ്മാനിച്ചു. കുഞ്ഞിമ്മു! ഉപ്പാന്റെ ഇളയസഹോദരിയുടെ മകൾ. എന്നെക്കാൾ മൂന്ന് വയസ്സ് കൂടുതലായിരുന്നു അവൾക്ക്. എങ്കിലും കുഞ്ഞിമ്മു എന്നായിരുന്നു ഞാനവളെ വിളിച്ചിരുന്നത്.

കുഞ്ഞിമ്മുവിന് ജന്മനാ കാഴ്ച്ചയില്ലായിരുന്നു. എന്നാൽ, അവളോട് സംസാരിക്കുമ്പോൾ നമുക്കത് തോന്നുകയേയില്ല. എല്ലാം കുഞ്ഞിമ്മുവിന് പരിചിതമാണ്. വയസ്സിനു മാറ്റമുണ്ടായിരുന്നെങ്കിലും ഞങ്ങൾ സ്കൂളിൽ ഒരേ ക്ലാസ്സിലായിരുന്നു. കാരണം, അല്പം വൈകിയായിരുന്നു അവളെ സ്കൂളിൽ ചേർത്തത്.

മിടുക്കിയായിരുന്നു കുഞ്ഞിമ്മു. കോഴിക്കോടുള്ള ഒരു അന്ധവിദ്യാലയത്തിലായിരുന്നു കുഞ്ഞിമ്മുന്റെ പഠനവും താമസവും. അതുകൊണ്ടു തന്നെ, വല്ലപ്പോഴുമാണ് കുഞ്ഞിമ്മുവിനെ കാണാൻ കിട്ടുന്നത്. അവൾ വീട്ടിലുള്ളപ്പോൾ ശബ്ദമില്ലാതെ പതുങ്ങിയാണ് അങ്ങോട്ടുപോയത്. കാരണം, സംസാരം കേട്ടാൽ കുഞ്ഞിമ്മു തിരിച്ചറിയും ആരാണ് വരുന്നതെന്ന്. കുടുംബക്കാർ ആരു വന്നാലും കുഞ്ഞിമ്മു ശബ്ദം കേട്ട് തിരിച്ചറിയും. അയൽവാസികളെയും പരിചയക്കാരെയും തിരിച്ചറിയും. അപരിചിതർ വന്നാൽ 'നിങ്ങളുടെ ശബ്ദം എനിക്ക് പരിചയമില്ലല്ലോ' എന്നു ചോദിക്കും.

ഒരിക്കൽ ശബ്ദമുണ്ടാക്കാതെ പതിയെ അടുത്തുപോയി കൈയിൽ പിടിച്ചു. കുഞ്ഞിമ്മു എന്റെ കൈ മുറുകെപ്പിടിച്ചുകൊണ്ട് ചോദിച്ചു: 'ആരാണ്?' ഞാൻ മിണ്ടിയില്ല. ഈ രംഗം കണ്ടുകൊണ്ടിരിക്കുന്ന അമ്മായി ചിരിച്ചുകൊണ്ട് കുഞ്ഞിമ്മുവിനോടായി പറഞ്ഞു: 'നീ തന്നെ പറ.' കുറച്ചു നേരം കുഞ്ഞിമ്മു എന്റെ വിരലുകളിൽ എന്തോ തിരഞ്ഞു. എന്നിട്ട് പൊട്ടിച്ചിരിച്ചുകൊണ്ട് ഉറക്കെ പറഞ്ഞു: 'ഇതെന്റെ കുഞ്ഞാമിനാ....!' എന്നെ കുഞ്ഞാമിന എന്നായിരുന്നു അവൾ വിളിക്കാറ്. അന്നവൾ സന്തോഷംകൊണ്ട് കൈകൾ കൊട്ടി ഉച്ചത്തിൽ ശബ്ദമുണ്ടാക്കിക്കൊണ്ടിരുന്നു. ഞാൻ അടുത്തുണ്ടാവുമ്പോൾ വലിയ സന്തോഷമായിരുന്നു അവൾക്ക്. ഹോസ്റ്റലിലെ കാര്യങ്ങൾ ഒരുപാടു പറയാനുണ്ടാവും. ഞാനതൊക്കെ ശ്രദ്ധിച്ചുകേട്ടുകൊണ്ട് അരികിൽ തന്നെയിരിക്കും. കാഴ്ച്ചയില്ലാവർക്കായുള്ള ബ്രെയ്‌ലി ലിപിയെക്കുറിച്ച് ഞാൻ ആദ്യമായി മനസ്സിലാക്കുന്നത് കുഞ്ഞിമ്മുവിൽ നിന്നാണ്. ഹോസ്റ്റലിൽ നിന്ന് കുഞ്ഞിമ്മു എഴുതിയതൊക്കെ വിരൽതുമ്പുകൊണ്ട് എന്നെ വായിച്ചുകേൾപ്പിക്കും. ഞാനതൊക്കെ കൗതുകത്തോടെ കേട്ടിരിക്കും. അവിടെ അവർക്ക് ക്രാഫ്റ്റ്‌വർക്കുകൾ ചെയ്യാനും പഠിപ്പിക്കുന്നുണ്ട്. അവൾ ചെയ്ത വർക്കുകളിൽ ചിലതെല്ലാം എന്നെ കാണിക്കാൻ കൊണ്ടുവരും. അകക്കണ്ണുകൊണ്ട് അവൾ തുന്നിയ അതിമനോഹരമായ ആ വർക്കുകൾ എന്നെ പലപ്പോഴും അത്ഭുതപ്പെടുത്തിയിരുന്നു.

ഒരു ദിവസം കുഞ്ഞിമ്മു കഥ പറയുന്നതിനിടയിൽ ഞാൻ ചോദിച്ചു: 'കുഞ്ഞിമ്മൂ, നിനക്ക് എപ്പോഴെങ്കിലും എന്നെ കാണാൻ തോന്നിയിട്ടുണ്ടോ?' അവൾ ഒരു തമാശ കേട്ടതുപോലെ പൊട്ടിച്ചിരിച്ചുകൊണ്ട് പറഞ്ഞു: 'പിന്നില്ലാതെ... നിന്നെ കാണാൻ പൂതിയില്ലാതിരിക്കുമോ?'

ഞാൻ വീണ്ടും ചോദിച്ചു: 'നിന്റെ മനസ്സിൽ എങ്ങനെയാണ് എന്റെ രൂപം?'

'വെളുത്ത്, നീളൻ മുഖമുള്ള നീലക്കണ്ണുകളുള്ള...' അവൾ പറഞ്ഞു.

'ഈ വെളുപ്പും നീളവും നീലയുമെല്ലാം നിനക്കെങ്ങനെ അറിയുന്നു?' ഞാൻ അതിശയത്തോടെ ചോദിച്ചു.

'അതോ... അതൊക്കെ ഉമ്മ പറഞ്ഞുതന്നതാണ്. ബാക്കാക്കനെ (എന്റെ ഉപ്പ) കാണാൻ അങ്ങനെയാണെന്ന്.'

'അനക്കും അന്റെ ബാപ്പാന്റെ അതേ കോലമായിരിക്കും.' അവൾ പൊട്ടിച്ചിരിച്ചു.

'അല്ല... എനിക്കേയ്, എന്റെ ഉമ്മാന്റെ വട്ട മുഖവും കറുത്ത കണ്ണുകളുമാണ് കിട്ടിയത്.' ഞാനല്പം പരിഭവത്തോടെ പറഞ്ഞു.

അവൾ ഒരു നിമിഷം നിശ്ശബ്ദയായി.

എന്നിട്ടു പറഞ്ഞു: 'ന്റെ കു

**കുഞ്ഞിമ്മുവിന് ജന്മനാ കാഴ്ച്ചയില്ലായിരുന്നു. എന്നാൽ, അവളോട് സംസാരിക്കുമ്പോൾ നമുക്കത് തോന്നുകയേയില്ല. എല്ലാം കുഞ്ഞിമ്മുവിന് പരിചിതമാണ്. വയസ്സിനു മാറ്റമുണ്ടായിരുന്നെങ്കിലും ഞങ്ങൾ സ്കൂളിൽ ഒരേ ക്ലാസ്സിലായിരുന്നു. കാരണം, അല്പം വൈകിയായിരുന്നു അവളെ സ്കൂളിൽ ചേർത്തത്. മിടുക്കിയായിരുന്നു കുഞ്ഞിമ്മു. കോഴിക്കോടുള്ള ഒരു അന്ധവിദ്യാലയത്തിലായിരുന്നു കുഞ്ഞിമ്മുന്റെ പഠനവും താമസവും.**



ഞാമിനാ... അനക്ക് കറുത്തതെങ്കിലും കണ്ണുണ്ടല്ലോ!'

ഞാൻ ഞെട്ടിപ്പോയി. ശരിയാണ്. എനിക്ക് കണ്ണുകളുണ്ടല്ലോ! കൈയിലുണ്ടാവുമ്പോൾ തിരിച്ചറിയാത്ത അനുഗ്രഹങ്ങളായിരിക്കാം പിന്നീട് വലിയ ഖേദമായി മാറുന്നത്.

വീണ്ടും ഒരുപാട് അവധിക്കാലങ്ങൾ കടന്നുപോയി. കണ്ടുമുട്ടുമ്പോഴൊക്കെ കളി ചിരികളും ചിന്തകളും പുതിയ അറിവുകളുമായി കുഞ്ഞിമ്മു എനിക്കേറെ പ്രിയപ്പെട്ടവളായി. ഒരു അവധിക്കാലം കഴിഞ്ഞ് ഹോസ്റ്റലിലേക്ക് പോയ കുഞ്ഞിമ്മുവിന്റെ മരണവാർത്തയാണ് പിന്നീടെന്നെ തേടിയെത്തിയത്. തലച്ചോറിൽ നിന്നുള്ള രക്തസ്രാവത്തെ തുടർന്ന് ഹോസ്റ്റലിൽ വച്ചായിരുന്നത്രെ അവൾ മരിച്ചത്.

അന്നൊരു പെരുമഴ പെയ്തു. മയ്യിത്തു കൊണ്ടുവരുന്നതു കാണാൻ ആളുകൾ മരണവീടിനു ചുറ്റും തടിച്ചു കൂടി. ആരൊക്കെയോ അടക്കം പറയുന്നത് കേട്ടു: 'ഹോസ്റ്റൽ ബാത്റൂമിൽ വീണുകിടക്കുകയായിരുന്നത്രെ!, ഓള് ചിലപ്പോ ആർത്തുവിളിച്ചിട്ടുണ്ടാവും, ആരും കേട്ടിട്ടുണ്ടാവില്ല. അമ്മാതിരി മഴയല്ലേ രണ്ടുമൂന്ന് ദെവസായിട്ട് പെയ്യണത്!'

'അതെന്നെ, അവസാനം ഇവ്ടെ വന്നുപോകുമ്പോ ഒരു കൊയപ്പോം ല്ലാത്ത കുട്ട്യായിര്ന്ന്!'

'ഓള് വിളിച്ചിട്ടുണ്ടാവും കേട്ടീണ്ടാവൂല...'

ആരൊക്കെയോ അഭിപ്രായങ്ങളെ ശരിവെക്കുകയും നിഷേധിക്കുകയും ചെയ്തു. ആരൊക്കെയോ മഴയെ ശപിച്ചുകൊണ്ടിരുന്നു.  കുഞ്ഞിമ്മുവിന് മഴ നല്ല ഇഷ്ടമായിരുന്നുവെന്ന് ഞാൻ മനസ്സിലോർത്തു.

ഒരു വാഹനം വീട്ടിലേക്ക് കടന്നുവന്നു. അതിൽ നിന്ന് മയ്യിത്തിനെ ഇറക്കാൻ വേണ്ടി ആരോ വാഹനത്തിന്റെ ഡോർ തുറന്നു. പിന്നീട് ഞാൻ നോക്കിയില്ല. മഴ നനയുന്ന ആൾക്കൂട്ടത്തിനു നടുവിലായി ഞാനും നിന്നു. മഴയും കണ്ണീരും ചേർന്നൊഴുകി...! മഴ കാരുണ്യമാണെന്നും മഴയെ ശപിക്കരുതെന്നും മഴ പാടെ നിലച്ചുപോകാൻ പ്രാർത്ഥിക്കരുതെന്നും നമുക്ക് മതിയായാൽ ചുറ്റുമുള്ളവർക്കു ലഭിക്കാൻ പ്രാർത്ഥിക്കുകയാണ് വേണ്ടതെന്നും ഉസ്താദ് ഓർമ്മിപ്പിക്കുന്നതു കേട്ടു. മഴത്താളത്തിനുമീതെ അപ്പോഴും യാസീൻ പാരായണത്തിന്റെ അനശ്വരസംഗീതം ഉയർന്നുകൊണ്ടിരുന്നു.

ചിലപ്പോൾ നല്ലതിനായിരിക്കാം ആ മഴയെന്ന് ഞാനിപ്പോൾ ആലോചിക്കുന്നു. കാഴ്ച്ചയുള്ളവരെത്തന്നെ കൂട്ടം ചേർന്ന് ആക്രമിക്കുന്ന ഈ ലോകത്ത് കാഴ്ച്ചയില്ലാത്ത എന്റെ കുഞ്ഞിമ്മുവിന് അതിജീവനം പ്രയാസകരമായേനെ എന്ന് ഞാൻ സ്വയം ആശ്വസിക്കുന്നു.

എല്ലാ കാര്യങ്ങൾക്കുമുള്ളതുപോലെ മഴക്കുമുണ്ട് രണ്ടു വശങ്ങൾ: ഒന്ന് അനുഗ്രഹത്തിന്റേതാണെങ്കിൽ മറ്റൊന്ന് പരീക്ഷണത്തിന്റേതാണ്. അതിൽ ഏതുവശം വേണമെന്നത് തീരുമാനിക്കുന്നത് ലോകരക്ഷിതാവാണ്. അടിമകളുടെ ഇരവുകൾ യജമാനന് ഏറെ പ്രിയപ്പെട്ടതാണല്ലോ!

കവർസ്റ്റോറി

ശഹബാസ് അഹ്മദ്



# സാമ്പത്തിക അച്ചടക്കം ശീലമാക്കാം

'നാൽപതിനായിരത്തിനു മുകളിലാണ് മാസശമ്പളം. എന്നിട്ടും, എങ്ങനെയൊക്കെ ശ്രമിച്ചാലും മാസാവസാനമാകുമ്പോഴേക്ക് ആരോടെങ്കിലും ആയിരമോ രണ്ടായിരമോ കടം വാങ്ങേണ്ട അവസ്ഥയാണ്. ചുരുക്കിപ്പറഞ്ഞാൽ മാസത്തിന്റെ തുടക്കത്തിൽ കിട്ടുന്ന ശമ്പളം ആദ്യവാരത്തിൽ തന്നെ പല വഴിയിലേക്ക് പോകും. 5721 രൂപയാണ് ബൈക്കിന്റെ അടവ്. അടവു തീരാൻ ഏതാനും മാസം കൂടിയുണ്ട്. വീടുമായി ബന്ധപ്പെട്ട മറ്റൊരു ആവശ്യത്തിനായെടുത്ത ലോൺ അടവ് 6000 രൂപ വേറെയുമുണ്ട്. വീട്ടിൽ നിന്ന് ഓഫീസിലേക്കും തിരിച്ചുമുള്ള ബൈക്ക്യാത്രയുടെ ഇന്ധനച്ചെലവ് ചുരുങ്ങിയത് 6000 രൂപ വരും. ചില മാസങ്ങളിൽ അതിനു മുകളിലും വരും. വീട്ടിൽ നിന്ന് രാവിലെ ഇറങ്ങുന്ന ദിവസം പ്രാതലും ഉച്ചയൂണും ഹോട്ടലിൽ നിന്നായിരിക്കും. പൊതുവിൽ വീട്ടിലെ ഭക്ഷണം പൊതിഞ്ഞുകൊണ്ടുപോകുന്ന ശീലമില്ല. അതൊരു അധികഭാരമായാണ് അനുഭവപ്പെടാറ്. രാത്രി വൈകി വീട്ടിലെത്തുന്ന ദിവസവും ഭക്ഷണം പുറത്തുനിന്നു തന്നെ. ഇതിനെല്ലാം പുറമെ, മാസത്തിൽ ചുരുങ്ങിയത് അഞ്ചു തവണയെങ്കിലും കൂട്ടുകാരോടൊപ്പം ചായ കുടിക്കാൻ അടുത്തുള്ള അങ്ങാടിയിൽ പോകും. ചായയോടൊപ്പമുള്ള കടി ചിലപ്പോൾ ഹെവിയാകും. അവർക്കിടയിൽ താരതമ്യേന വലിയ ശമ്പളക്കാരനായതിനാൽ മിക്കവാറും പണം കൊടുക്കേണ്ട ഉത്തരവാദിത്തം എന്റെ ചുമലിലാകും. അതിനിടയിൽ വീട്ടിലെ അല്ലറ ചില്ലറ ചെലവുകൾ, അനിയത്തിയുടെ കോളജ് ഫീസ് അങ്ങനെയങ്ങനെ... എങ്ങനെ വന്നാലും മാസാവസാനമാകുമ്പോൾ കീശ കാലിയാകും. ഇത് നിയന്ത്രിക്കണമെന്ന് പല തവണ ആലോചിച്ചിട്ടുണ്ടെങ്കിലും കഴിയുന്നില്ല.' കോഴിക്കോട്ടെ ഒരു സ്വകാര്യസ്ഥാപനത്തിൽ ജോലി ചെയ്യുന്ന ഇരുപത്തിയെട്ടുകാരന്റെ വാക്കുകളാണിത്.

കൊച്ചിയിലെ ഒരു സ്വകാര്യകമ്പനിയിൽ ജോലി ചെയ്യുന്ന ഫസ്നയുടെ (പേരുകൾ സാങ്കൽപികം) അവസ്ഥ ഇതിൽ നിന്നൽപം വ്യത്യസ്തമാണ്. 'പതിനായിരം രൂപ അധിക ശമ്പളം വാഗ്ദാനം ചെയ്തതിന്റെ അടിസ്ഥാനത്തിൽ ഈയടുത്താണ് പുതിയ കമ്പനിയിലേക്ക് മാറിയത്. പക്ഷേ മുപ്പതിനായിരം രൂപ ശമ്പളം കിട്ടിയ സമയത്തെ അവസ്ഥ തന്നെയാണിപ്പോഴും. മാസാവസാനമാകുമ്പോഴേക്ക് സുഹൃത്തുക്കളോട് ചെറിയ തുക കടം ചോദിക്കേണ്ട അവസ്ഥ. ശമ്പള വർധനവ് വന്നിട്ടും ഇതിലൊരു മാറ്റം വരുന്നില്ലല്ലോ എന്നത് വലിയൊരു തലവേദനയായി നിലനിൽക്കുന്നു. കുടുംബത്തിന്റെ പേരിലുള്ള ചിട്ടിയിലേക്കാണ് ശമ്പളത്തിന്റെ നല്ലൊരു വിഹിതം പോകുന്നത്. ഉപ്പാക്കും ഉമ്മാക്കും ജോലിയുള്ളതിനാൽ വീട്ടുചെലവിലേക്ക് പണം നൽകേണ്ട അവസ്ഥയില്ല.

അതേസമയം, താമസം കൊച്ചിയിലായതിനാൽ നല്ലൊരു തുക റൂം വാടകയ്ക്ക് പോകും. ഭക്ഷണത്തിന് മൂന്നു നേരവും ഭക്ഷണ ഡെലിവറി ആപ്പുകളെയാണ് ആശ്രയിക്കുന്നത്. ഒറ്റ ക്ലിക്കിൽ ഭക്ഷണം നമ്മെ തേടി വരുന്നതിനാൽ പാചകം ചെയ്യാനും അടുത്തുള്ള ഹോട്ടൽ, കാന്റീൻ എന്നിവിടങ്ങളിലേക്ക് നടന്നുപോകാനും മടിയാണ്. സാധാരണഗതിയിൽ 100 രൂപയ്ക്ക് കിട്ടുന്ന ഭക്ഷണം, ഡെലിവറി ആപ്പ് വഴിയാകുമ്പോൾ പിന്നെയും കൂടും. കണക്കാക്കാൻ പറ്റാത്ത തുകയാണ് ഓരോ മാസവും ഭക്ഷണത്തിനായി മാത്രം ചെലവാകുന്നത്. ഗത്യന്തരമില്ലാഞ്ഞിട്ട് ഇനി മുതൽ ഭക്ഷണം സ്വന്തമായി പാകം ചെയ്യണമെന്ന് തീരുമാനിച്ചിട്ടുണ്ട്. നടക്കുമോ എന്നറിയില്ല.

ഓഫീസിലേക്കുള്ള യാത്രയ്ക്ക് ഓൺലൈൻ ടാക്സികളെയാണ് ആശ്രയിക്കാറുള്ളത്. പത്തുമിനുട്ട് നടന്നാൽ ബസ് സ്റ്റോപ്പിലെത്തും. പക്ഷേ, അലസതയെ കൂടെപ്പിറപ്പായി കൊണ്ടു നടക്കുന്നതിനാൽ ഓഫീസിൽ എത്തേണ്ട സമയത്തിന്റെ 15 മിനിറ്റ് മുമ്പാണ് പോകാനുള്ള തയ്യാറെടുപ്പ് തുടങ്ങുന്നത്. പിന്നെ ബസ് കാത്തിരിക്കാനൊന്നും സമയം കിട്ടാത്തതിനാൽ ഊബറിനെയോ മറ്റോ ആശ്രയിക്കും. അതാകുമ്പോൾ ഒറ്റ ക്ലിക്കിൽ ടാക്സി വിളിപ്പുറത്തെത്തുമല്ലോ, സമയത്തിന് ഓഫീസിലെത്തുകയും ചെയ്യും. അക്കൗണ്ട് വേഗത്തിൽ കാലിയാകുമെന്നു മാത്രം. വസ്ത്രങ്ങളോട് കമ്പമുള്ളതുകൊണ്ട് കൂട്ടുകാരോടൊപ്പം മാളിലോ മറ്റോ കറങ്ങാനിറങ്ങുമ്പോൾ അവരാരും എടുത്തില്ലേലും ഞാൻ വസ്ത്രങ്ങൾ പർച്ചേസ് ചെയ്യും. അതുകൊണ്ടു തന്നെ റൂമിൽ നിറയെ വസ്ത്രങ്ങളാണ്. പലതും ഇപ്പോൾ ഉപയോഗിക്കാറേയില്ല. ഫ്ളിപ്കാർട്ട്, ആമസോൺ പോലെയുള്ള കൊമേഴ്ഷ്യൽ ആപ്പുകളും പലപ്പോഴും എന്നെ ചുഴിയിൽ പെടുത്താറുണ്ട്. ഒന്നോ രണ്ടോ സാധനം വാങ്ങാൻ ആപ്പ് തുറന്നാൽ, ഓഫറുകളിൽ കണ്ണുകളുടക്കും. ആപ്പ് ക്ലോസ് ചെയ്യുമ്പോഴേക്ക്

**നമ്മുടെ ശ്രദ്ധയിൽപ്പെടാതെ, വളരെ ചെറിയ തുകകളായി മാസംതോറും ബാങ്ക് അക്കൗണ്ടുകളിൽ നിന്നോ ക്രെഡിറ്റ് കാർഡുകളിൽ നിന്നോ ഈടാക്കപ്പെടുന്ന ആവർത്തിച്ചുള്ള ചെലവുകളാണ് നിശ്ശബ്ദകടങ്ങൾ. വലിയ കടങ്ങൾ നമ്മെ പലപ്പോഴും ജാഗ്രത്താക്കുമെങ്കിലും ഇത്തരം ചെറിയ കടങ്ങൾ നിശ്ശബ്ദമായി നമ്മുടെ സമ്പാദ്യത്തെ ഇല്ലാതാക്കുന്നു. കൃത്യമായ പ്ലാനിംഗില്ലെങ്കിൽ വലിയ സാമ്പത്തിക പ്രതിസന്ധിയിലേക്ക് ഇത് നമ്മെ നയിച്ചേക്കാം.**

പത്തോളം സാധനങ്ങൾ ഓർഡർ ചെയ്തിട്ടുണ്ടാകും. അക്കൗണ്ടിൽ പണമില്ലെങ്കിൽ ഡെബിറ്റ് കാർഡും ചിലപ്പോൾ ഉപയോഗിക്കാറുണ്ട്. അവസാനം മാസാവസാനമാകുമ്പോൾ കൂട്ടുകാരോട് കടം വാങ്ങും. വല്ലാത്തൊരു അവസ്ഥയാണ്.'

ഇരുപത്തിയെട്ടുകാരിയായ ഫസ്നയ്ക്ക് ഇതിൽ പലതും ചൂഷണം ചെയ്യുന്ന ചുഴികളാണെന്ന ബോധ്യമുണ്ട്. സാമ്പത്തിക അച്ചടക്കം ജീവിതത്തിൽ കൊണ്ടുവരണമെന്ന ആഗ്രഹവുമുണ്ട്. പക്ഷേ, പല രൂപത്തിലുള്ള ഓൺലൈൻ സൗകര്യങ്ങളുടെ അടിമയാണിപ്പോൾ. ഇതിൽ നിന്ന് പുറത്തുവരാൻ മാനസികവും ശാരീരികവുമായ അധ്വാനവും തയ്യാറെടുപ്പും ആവശ്യമാണെന്നതാണ് യാഥാർത്ഥ്യം.

ഇവർ രണ്ടുപേരിൽ നിന്നും വ്യത്യസ്തമാണ് മലപ്പുറം സ്വദേശിയായ മുസ്തഫയുടെ ജീവിതം. കേരളത്തിലെ പ്രശസ്തമായ മതകലാലയത്തിലെ അധ്യാപകനാണദ്ദേഹം. പഠനം പൂർത്തിയാക്കി ജോലിയിൽ പ്രവേശിച്ചിട്ട് അധികം കാലമായിട്ടില്ല. ശമ്പളം പതിനയ്യായിരത്തിൽ താഴെ. ഒരു വർഷം മുമ്പ് വിവാഹവും ഈയടുത്ത് ഭാര്യയുടെ പ്രസവവും കഴിഞ്ഞു. പ്രസവാനന്തരം കുട്ടിയുടെ മുടികളച്ചിലടക്കമുള്ള ചടങ്ങുകളും ഭംഗിയായി പൂർത്തിയായി. ഒരുരൂപ പോലും കടമില്ല. മാസാവസാനം ആരോടും കടം ചോദിക്കേണ്ട അവസ്ഥയുമില്ല. ഒരു വാഹനം സ്വന്തമായുണ്ട്. ജീവിതം സന്തോഷകരമായി മുന്നോട്ടുപോകുന്നു. നിലവിൽ കിട്ടുന്ന ശമ്പളത്തിൽ പൂർണ സംതൃപ്തൻ. വിവാഹത്തിന്റെയും പ്രസവത്തിന്റെയും ചെലവുകളുടെ ഭാഗമായി ചേർന്ന കുറിയിലേക്കാണ് ലഭിക്കുന്ന ശമ്പളത്തിന്റെ മുക്കാൽ ശതമാനവും പോകുന്നത്. ബാക്കി കൈയിലുണ്ടാവുക കാൽ ശതമാനം മാത്രം. കുറി വീട്ടിക്കഴിഞ്ഞാൽ അതും സേവിംഗ്സിലേക്ക് മാറ്റാം. അധ്യാപനജോലിക്കു പുറമെ, തന്റെ സർഗാത്മക കഴിവുകൾ ഉപയോഗപ്പെടുത്തി ചെറിയ രൂപത്തിൽ സമ്പാദ്യം നേടാനും മുസ്തഫ ശ്രമിക്കുന്നുണ്ട്. അത് മറ്റൊരു അക്കൗണ്ടിൽ സേവിംഗ്സായി സൂക്ഷിക്കുന്നു. ഒരു രൂപ പോലും എടുത്തിട്ടില്ല. ഭാവിയിൽ നേരിട്ടേക്കാവുന്ന ചില അത്യാവശ്യങ്ങൾക്കാണിത് മാറ്റി വച്ചതാണ്. നിലവിൽ സംതൃപ്തനാണ്.

മുകളിൽ നൽകിയ മൂന്നുപേരുടെ ജീവിതം നമുക്കൊരു പാഠപുസ്തകമാണ്. വലിയ ശമ്പളം ലഭിച്ചിട്ടും ചെലവിന് തികയാത്തവരാണ് ആദ്യം പരാമർശിക്കപ്പെട്ട രണ്ടുപേർ. മൂന്നാമനാകട്ടെ, ലഭിക്കുന്നത് ചെറുതാണെങ്കിലും കൃത്യമായി കൈകാര്യം ചെയ്ത് സന്തോഷത്തോടെ മുന്നോട്ടു പോകുന്നു. സാധാരണ ചെയ്യുന്ന ജോലിക്കുപുറമെ, അധികവരുമാനം കണ്ടെത്താനുള്ള



**പലരും അറിയാതെ വീണുപോകുന്ന ഒരു വലിയ സാമ്പത്തിക ചതിക്കുഴിയാണ് 'ലൈഫ്സ്റ്റൈൽ ഇൻഫ്ളേഷൻ' അഥവാ 'ജീവിതശൈലീ പണപ്പെരുപ്പം'. റീലുകളിലും മറ്റും മറ്റുള്ളവരുടെ ആഡംബരജീവിതവും വിദേശ യാത്രകളും പുത്തൻഗാഡ്ജെറ്റുകളും കാണുമ്പോൾ 'എന്തുകൊണ്ട് എനിക്കും ഇങ്ങനെ ആയിക്കൂടാ' എന്ന ചിന്തയിൽ നിന്നാണ് ഇതുണ്ടാകുന്നത്. മറ്റുള്ളവരെ അനുകരിക്കാൻ നിത്യജീവിതത്തിലെ ചെലവുകൾ അനാവശ്യമായി കൂട്ടുന്ന പ്രവണതയാണിത്.**

മാർഗങ്ങളും തേടുന്നു. അനാവശ്യചെലവുകളെ പരമാവധി ജീവിതത്തിൽ നിന്ന് അകറ്റി നിർത്തുകയും ചെയ്യുന്നു. ഇവർ മൂന്നുപേരും നമുക്കിടയിലെ ജീവിക്കുന്ന യാഥാർത്ഥ്യങ്ങളാണ്. ഫേസ്ബുക്ക്, ഇൻസ്റ്റഗ്രാം അടക്കമുള്ള സമൂഹമാധ്യമങ്ങളും വിവിധ ബാങ്കുകളും ഓൺലൈൻ കച്ചവടക്കാരും പരമാവധി നമ്മെ വരിഞ്ഞു മുറുക്കുന്ന കാലത്ത് ഏതു വഴി സ്വീകരിക്കണമെന്ന തീരുമാനം ഓരോരുത്തരുടേതുമാണ്. അത്തരം ചില കാര്യങ്ങൾ കൂടി പരിചയപ്പെടാം.

## നിശ്ശബ്ദകടം

പുതിയ കാലത്ത് സാമ്പത്തിക സ്വാതന്ത്ര്യം ആഗ്രഹിക്കുന്ന ഏതൊരാളും അറിഞ്ഞിരിക്കേണ്ടതാണ് 'നിശ്ശബ്ദ കടം' (Silent Debt). വീട്ടുവായ്പയോ വാഹനവായ്പയോ പോലെ വലിയ ബാധ്യതയായി ഒറ്റനോട്ടത്തിൽ തോന്നില്ലെങ്കിലും നമ്മുടെ പോക്കറ്റ് ചോർത്തുന്ന അദൃശ്യ സാന്നിധ്യമാണിത്. കൃത്യമായ പ്ലാനിംഗില്ലെങ്കിൽ വലിയ സാമ്പത്തിക പ്രതിസന്ധിയിലേക്ക് ഇത് നമ്മെ നയിച്ചേക്കാം. നമ്മുടെ ശ്രദ്ധയിൽപ്പെടാതെ, വളരെ ചെറിയ തുകകളായി മാസംതോറും ബാങ്ക് അക്കൗണ്ടുകളിൽ നിന്നോ ക്രെഡിറ്റ് കാർഡുകളിൽ നിന്നോ ഈടാക്കപ്പെടുന്ന ആവർത്തിച്ചുള്ള ചെലവുകളാണ് നിശ്ശബ്ദ കടങ്ങൾ. വലിയ കടങ്ങൾ നമ്മെ പലപ്പോഴും ജാഗ്രത്താക്കുമെങ്കിലും ഇത്തരം ചെറിയ കടങ്ങൾ നിശ്ശബ്ദമായി നമ്മുടെ സമ്പാദ്യത്തെ ഇല്ലാതാക്കുന്നു.

ഡിജിറ്റൽയുഗത്തിൽ ഇത്തരം കടങ്ങൾ പല രൂപത്തിലാണ് ജീവിതത്തിലേക്ക് കടന്നുകൂടുന്നത്. നെറ്റ്ഫ്ളിക്സ്, ആമസോൺ പ്രൈം, ജിയോ ഹോട്ട്സ്റ്റാർ തുടങ്ങിയ ഒടിടി പ്ലാറ്റ്ഫോമുകളിലെ പ്രതിമാസ പ്ലാനുകളാണ് ഒന്നാമത്തേത്. ആവശ്യമില്ലെങ്കിലും വാങ്ങി വച്ചിരിക്കുന്ന ആപ്പുകളുടെ പ്രീമിയം പ്ലാനുകൾ, അധിക ക്ലൗഡ് സ്റ്റോറേജ്, മാസങ്ങളായി പോകാത്ത ജിം, ക്ലബ്ബ് മെമ്പർഷിപ്പുകൾ, വായന നിറുത്തിയ മാഗസിൻ സബ്സ്ക്രിപ്ഷനുകൾ എന്നിവയും ചിലരെ വെട്ടിലാക്കാറുണ്ട്.

ഓട്ടോ പെയ്മെന്റ് വഴി പണം തനിയെ അക്കൗണ്ടിൽ നിന്ന് കുറയുന്നതിനാൽ പലപ്പോഴും നമുക്ക് ഈ ചെലവുകളെക്കുറിച്ച് ബോധമുണ്ടാകാറില്ലെന്നതാണ് യാഥാർത്ഥ്യം. ഒറ്റനോട്ടത്തിൽ 100 രൂപയോ 200 രൂപയോ ഒക്കെയായിരിക്കും ഇവയുടെ നിരക്ക്. 'ചെറിയ തുകയല്ലേ' എന്നു കരുതി നാം ഇത് അവഗണിക്കും. എന്നാൽ ഇത്തരം അഞ്ചോ ആറോ സബ്സ്ക്രിപ്ഷനുകൾ ഒരുമിച്ചുവരുമ്പോൾ പ്രതിമാസം വലിയൊരു തുക അക്കൗണ്ടിൽ നിന്ന് അപ്രത്യക്ഷമാകും. വർഷാവസാനം കണക്കുകൂട്ടുമ്പോൾ ഇത് വലിയൊരു തുകയായി മാറിയിട്ടുണ്ടാകും. സമ്പാദ്യത്തിലേക്കോ നിക്ഷേപങ്ങളിലേക്കോ മാറ്റിവെക്കാമായിരുന്ന പണമാണ് ഇവിടെ നഷ്ടപ്പെടുന്നത്.

## ആഡംബരം

സമൂഹമാധ്യമങ്ങളുടെ അതിപ്രസരമാണെവിടെയും. ഇതിനിടയിൽ, പലരും അറിയാതെ വീണുപോകുന്ന ഒരു വലിയ സാമ്പത്തിക ചതിക്കുഴിയാണ് 'ലൈഫ്സ്റ്റൈൽ ഇൻഫ്ളേഷൻ' അഥവാ 'ജീവിതശൈലീ

പണപ്പെരുപ്പം'. റീലുകളിലും മറ്റും മറ്റുള്ളവരുടെ ആഡംബര ജീവിതവും വിദേശയാത്രകളും പുത്തൻഗാഡ്ജെറ്റുകളും കാണുമ്പോൾ 'എന്തുകൊണ്ട് എനിക്കും ഇങ്ങനെ ആയിക്കൂടാ' എന്ന ചിന്തയിൽ നിന്നാണ് ഇതുണ്ടാകുന്നത്. ലളിതമായി വിശദീകരിച്ചാൽ, വരുമാനം വർദ്ധിക്കുന്നതിനനുസരിച്ചോ മറ്റുള്ളവരെ അനുകരിക്കാൻ വേണ്ടിയോ നമ്മുടെ നിത്യജീവിതത്തിലെ ചെലവുകൾ അനാവശ്യമായി കൂട്ടുന്ന പ്രവണതയാണിത്. മുമ്പ് ഒരു സാധാരണ ഫോൺ ഉപയോഗിച്ചിരുന്ന വ്യക്തി, ശമ്പളം കൂടുമ്പോഴോ സുഹൃത്തുക്കളുടെ ഫോണുകൾ കാണുമ്പോഴോ ലക്ഷങ്ങൾ വിലയുള്ള ഐഫോണിലേക്ക് മാറുന്നു. മുമ്പ് സാധാരണ ഹോട്ടലിൽ പോയിരുന്നവർ ആഡംബരകഫേകൾ മാത്രം തിരഞ്ഞെടുക്കുന്നു. ഇവിടെ ആഗ്രഹങ്ങൾ ആവശ്യങ്ങളായി മാറുകയാണ് ചെയ്യുന്നത്.

ഇൻസ്റ്റഗ്രാമിലും ഫേസ്ബുക്കിലും മറ്റുള്ളവർ പങ്കുവെക്കുന്ന സന്തോഷനിമിഷങ്ങളും വിലകൂടിയ സാധനങ്ങളും കാണുമ്പോൾ സ്വാഭാവികമായു

## ഫിൻഫ്ളുവൻസർമാരോട് നോ പറയാം

സമൂഹമാധ്യമങ്ങളുടെ വളർച്ച, അൺലിമിറ്റഡ് ഡേറ്റ എന്നിവയോടൊപ്പം മലയാളികൾക്കിടയിലും ഏറെ ജനപ്രീതി നേടിയ ഒന്നാണ് സാമ്പത്തിക ഉപദേശങ്ങൾ നൽകുന്ന 'ഫിൻഫ്ളുവൻസർമാർ'. യുട്യൂബ്, ഇൻസ്റ്റഗ്രാം, ടെലിഗ്രാം എന്നിവയിലൂടെ ലളിതമായി പണമുണ്ടാക്കാനുള്ള വഴികൾ പറഞ്ഞുതരുന്ന ഇവർ ഇന്ന് വലിയൊരു വിഭാഗം ജനങ്ങളെ, പ്രത്യേകിച്ചും യുവാക്കളെ സ്വാധീനിക്കുന്നുണ്ട്. എന്നാൽ, ആകർഷകമായ ജീവിതശൈലിയും വലിയ ലാഭവാഗ്ദാനങ്ങളും കാണിച്ച് സാധാരണക്കാരുടെ പണം തട്ടിയെടുക്കുന്ന വലിയൊരു മാഫിയ തന്നെ ഈ രംഗത്ത് സജീവമാണെന്നത് നാം മറന്നുപോകരുത്. കൃത്രിമമായ 'സ്റ്റോക്ക് ടിപ്പുകളും' വ്യാജ നിക്ഷേപ പദ്ധതികളും പ്രചരിപ്പിച്ച് ആളുകളെ കെണിയിൽപ്പെടുത്തുന്നതാണ് ഫിൻഫ്ളുവൻസർമാരുടെ പ്രധാന രീതി.

പല രൂപത്തിലാണ് ഫിൻഫ്ളുവൻസർമാർ തട്ടിപ്പിന്റെ വല വീശുന്നത്. പെട്ടെന്ന് പണമുണ്ടാക്കി ജീവിതം ആഘോഷിക്കാനുള്ള വ്യഗ്രതയിൽ ആളുകൾ ഇവരുടെ കെണിയിൽ വീഴുകയും ചെയ്യും. വില കുറഞ്ഞതും ഗുണനിലവാരമില്ലാത്തതുമായ ചില ഓഹരികൾ മികച്ചതാണെന്ന് വരുത്തിത്തീർത്ത് വലിയ രീതിയിൽ പ്രചരിപ്പിക്കുന്നതാണ് ഒന്നാമത്തെ രീതി. ലക്ഷക്കണക്കിനാളുകൾ ഇത് വിശ്വസിച്ച് ഒരേസമയം ഓഹരികൾ വാങ്ങിക്കൂട്ടുമ്പോൾ അതിന്റെ വില കൃത്രിമമായി കുതിച്ചുയരുന്നു. ഈ സമയം ഫിൻഫ്ളുവൻസർമാർ തങ്ങളുടെ കൈവശമുള്ള ഓഹരികൾ ഉയർന്ന വിലക്ക് വിറ്റ് കോടികളുടെ ലാഭമെടുത്ത് പിന്മാറുന്നു. തൊട്ടുപിന്നാലെ ഓഹരിവില കുത്തനെ ഇടിയുകയും സാധാരണക്കാരായ നിക്ഷേപകർക്ക് വലിയ തുക നഷ്ടപ്പെടുകയും ചെയ്യുന്നു.



'ഓഹരിവിപണിയിലൂടെ പ്രതിദിനം അയ്യായിരം മുതൽ പതിനായിരം രൂപ വരെ നേടാം' എന്ന തരത്തിലുള്ള പരസ്യങ്ങളുമായി രംഗത്തെത്തുന്നതാണ് രണ്ടാമത്തെ രീതി. തുടക്കത്തിൽ ചില സൗജന്യവിവരങ്ങൾ നൽകി ആളുകളെ ആകർഷിച്ച ശേഷം, ഉയർന്ന ഫീസ് ഈടാക്കുന്ന പ്രീമിയം ടെലിഗ്രാം, വാട്സ്ആപ്പ് ഗ്രൂപ്പുകളിലേക്ക് മാറ്റുന്നു. ഈ ഗ്രൂപ്പുകൾ നൽകുന്ന തെറ്റായ മാർഗനിർദ്ദേശങ്ങൾ അനുസരിച്ച് പണം മുടക്കുന്നവർക്ക് വൻ തുക കടബാധ്യതയായി മാറുകയാണ് പതിവ്.

ചില പ്രത്യേക ആപ്പുകൾ, അന്താരാഷ്ട്ര ഫോറെക്സ് ട്രേഡിംഗ് പ്ലാറ്റ്ഫോമുകൾ, ക്രിപ്റ്റോകറൻസികൾ, ഓൺലൈൻ വാതുവെപ്പ് സൈറ്റുകൾ എന്നിവയുടെ പ്രൊമോഷനാണ് മറ്റൊന്ന്. പരസ്യത്തിനായി ഭീമൻ കുത്തക കമ്പനികളിൽ നിന്ന് പണം കൈപ്പറ്റുന്നവരും ഇക്കൂട്ടത്തിലുണ്ടെന്ന് മറക്കരുത്. ഈ ആപ്പുകളുടെയും പദ്ധതികളുടെയും പിന്നിലെ വലിയ അപകടസാധ്യതകളും നിയമവിരുദ്ധതയും ഒളിച്ചുവെച്ചാണ് ഇവർ തങ്ങളുടെ ഫോളോവേഴ്സിനു മുന്നിൽ അവതരിപ്പിക്കുന്നത്. ഇതൊന്നുമറിയാതെ പാവങ്ങൾ ചതിക്കുഴിയിൽ ചെന്നുചാടുകയും ചെയ്യുന്നു. നമ്മൾ കഷ്ടപ്പെട്ടുണ്ടാക്കിയ പണം ഏതെങ്കിലും ബിസിനസിലോ കമ്പനികളിലോ നിക്ഷേപിക്കുന്നതിനു മുമ്പ് വിശ്വസിക്കാവുന്ന വിദഗ്ധരുമായി കൂടിയാലോചന നടത്തുക എന്നത് പ്രധാനമാണ്. അമിതലാഭം മോഹിച്ച് ആരുടെയും പിന്നാലെ പോകരുത്. മറ്റൊരാളുടെ ആഡംബരജീവിതം കണ്ട് കണ്ണു മഞ്ഞളിച്ച്, ഫിൻഫ്ളുവൻസേഴ്സിന്റെ വടിവൊത്ത സംസാരത്തിൽ വീണുപോയി നിക്ഷേപം നടത്തിയാൽ നഷ്ടം നമുക്ക് മാത്രമായിരിക്കും.

മുണ്ടാകുന്ന, നമ്മൾ പിന്നിലായി പ്പോകുമോ എന്ന ഭയം (ഫിയർ ഓഫ് മിസ്സിങ് ഔട്ട് ഫോമോ), സമൂഹത്തിലും സുഹൃത്തുക്കൾക്കിടയിലും തങ്ങൾ ഉയർന്ന നിലവാരത്തിലാണ് ജീവിക്കുന്നതെന്ന് വരുത്തിതീർക്കാനുള്ള വ്യഗ്രത, കൈയിൽ പണമില്ലെങ്കിലും സാധനങ്ങൾ വാങ്ങാൻ സഹായിക്കുന്ന ക്രെഡിറ്റ് കാർഡുകളും 'ബൈ നൗ, പേ ലേറ്റർ' (ഇപ്പോൾ വാങ്ങൂ, പിന്നീട് പണമടക്കൂ) തുടങ്ങിയ ആപ്പുകളും അനാവശ്യചെലവുകൾക്ക് ആക്കം കൂട്ടുന്നവയാണ്.

## ഈ ബജറ്റ് പരീക്ഷിക്കാം

കേരളത്തിലെ സാധാരണ കുടുംബങ്ങൾക്കും വ്യക്തികൾക്കും പിന്തുടരാവുന്ന ഏറ്റവും ലളിതമായ രീതിയാണ് 50-30-20 ബജറ്റിങ് നിയമം. വരുമാനത്തെ മൂന്നായി തിരിക്കുക. ഒന്ന്, അവശ്യകാര്യങ്ങളാണ്. വീട്ടുവാടക, പലചരക്ക് സാധനങ്ങൾ, വൈദ്യുതി ബില്ലുകൾ, കുട്ടികളുടെ വിദ്യാഭ്യാസം തുടങ്ങിയവയാണവ. ഓരോരുത്തരുടെയും ജീവിതസാഹചര്യമനുസരിച്ച് ഇതിൽ മാറ്റം വന്നേക്കാം. എങ്കിലും ഓരോ കാര്യവും അത്യാവശ്യമാണോ എന്ന് ആലോചിച്ച് തീരുമാനിക്കേണ്ടത് അനിവാര്യമാണ്. അവശ്യകാര്യങ്ങൾക്കു വേണ്ടി വരുമാനത്തിന്റെ 50 ശതമാനം വരെ മാറ്റിവയ്ക്കാം. കുറയ്ക്കാനാകുമെങ്കിൽ നല്ലതാണ്. രണ്ടാമത്തേത് ആഗ്രഹങ്ങളാണ്. യാത്രകൾ, പുതിയ വസ്ത്രങ്ങൾ, പുസ്തകങ്ങൾ, കുടുംബവുമൊത്ത് പുറത്തുനിന്നുള്ള ഭക്ഷണം എന്നിവയെ ഈ ഗണത്തിൽപ്പെടുത്താം. ഇതിനായി വരുമാനത്തിന്റെ 30 ശതമാനം മാറ്റിവയ്ക്കാം. ബാക്കി വരുന്ന 20 ശതമാനം നിർബന്ധമായും നിക്ഷേപമായി സൂക്ഷിക്കാൻ ശ്രദ്ധിക്കണം. വിശ്വസനീയമായ വ്യവസായങ്ങളിലോ കച്ചവടങ്ങളിലോ നിക്ഷേപമായോ സ്വന്തമായോ ഇത് സൂക്ഷിക്കാം. നമ്മുടെ സാഹചര്യത്തിനനുസരിച്ച് ഇതിനെ ക്രമീകരിക്കാം. ആഗ്രഹങ്ങൾക്കു വേണ്ടി 30 ശതമാനത്തിലധികം തുക ചെലവഴിക്കുന്നില്ല എന്നു നാം ഉറപ്പുവരുത്തണം. അവശ്യകാര്യങ്ങൾക്കു വേണ്ടി 50 ശതമാനം ചെലവഴിക്കേണ്ട സാഹചര്യമില്ലെങ്കിൽ നിർബന്ധമായും ബാക്കി വരുന്ന തുക നിക്ഷേപത്തിലേക്ക് മാറ്റണം. ഇത് ദീർഘകാലാടിസ്ഥാനത്തിൽ ഉപകരിക്കും.



**കേരളത്തിലെ സാധാരണ കുടുംബങ്ങൾക്കും വ്യക്തികൾക്കും പിന്തുടരാവുന്ന ഏറ്റവും ലളിതമായ രീതിയാണ് 50-30-20 ബജറ്റിങ് നിയമം. വരുമാനത്തെ മൂന്നായി തിരിക്കുക. ഒന്ന്, അവശ്യകാര്യങ്ങളാണ്. വീട്ടുവാടക, പലചരക്ക് സാധനങ്ങൾ, വൈദ്യുതി ബില്ലുകൾ, കുട്ടികളുടെ വിദ്യാഭ്യാസം തുടങ്ങിയവയാണവ. ഓരോരുത്തരുടെയും ജീവിതസാഹചര്യമനുസരിച്ച് ഇതിൽ മാറ്റം വന്നേക്കാം.**

കൂടെ ഒരു കാര്യം കൂടി ശ്രദ്ധിക്കണം: പണത്തിന്റെ യഥാർത്ഥ അധികാരി നമ്മളല്ലെന്നും പടച്ചവന്റെ അനുഗ്രഹം ഇതിനു പിന്നിലുണ്ടെന്നുമുള്ള ബോധമാണത്. സ്വാഭാവികമായും ശമ്പളമായോ മറ്റോ ഓരോ മാസവും കൈയിലെത്തുന്ന തുകയിൽ നിന്ന് ചുറ്റുമുള്ള സാധുജനങ്ങളെ സഹായിക്കാനും ജീവകാരുണ്യ പ്രവർത്തനങ്ങൾക്ക് കൈത്താങ്ങ് നൽകാനും ഒരു വിഹിതം മാറ്റിവയ്ക്കണം. പരലോകത്തേക്കുള്ള നിക്ഷേപമായാണിതിനെ കണക്കാക്കേണ്ടത്. വലിയ ദുരന്തങ്ങളിൽ നിന്ന് ഇത് നമുക്ക് കാവലാകുമെന്നതിന് ഒട്ടേറെ ജീവിക്കുന്ന ഉദാഹരണങ്ങൾ നമുക്കു ചുറ്റുമുണ്ടല്ലോ. ഒന്നും ലഭിച്ചില്ലെങ്കിലും നമ്മുടെ ദാനം കൊണ്ട് ഒരാളുടെയെങ്കിലും ജീവിതം ഒരു ദിനത്തേക്കെങ്കിലും സന്തോഷത്തിലാകുമല്ലോ എന്ന ആലോചന വലിയൊരു പോസിറ്റീവ് എനർജിയാണ് നമുക്ക് സമ്മാനിക്കുക. ഇത് നമ്മുടെ പ്രവർത്തന മേഖലകളിൽ, ഓഫീസുകളിൽ, സ്ഥാപനങ്ങളിൽ എല്ലാം പ്രതിഫലിക്കും, തീർച്ച!

കവർസ്റ്റോറി

അബൂതസ്നീം

# സ്ക്രീൻ അഡിക്ഷൻ മോചനം സാധ്യമാണോ?



'ഇൗ കുട്ടികൾക്കൊക്കെ എന്തുപറ്റിപ്പോയി? നേരം പാതിരായാലും ഉറക്കമില്ല! രാവിലെ വിളിച്ചുണർത്തി പിടിച്ചു വലിച്ചാലും കണ്ണുതുറക്കില്ല. എങ്ങും പോകാനില്ലെങ്കിൽ ഉച്ചയായാലേ ഉണരൂ. ഭക്ഷണമൊന്നും നേരത്തിനു കഴിക്കില്ല. എന്തോ ഒരു ജീവിതം. അവർ മറ്റേതോ ലോകത്തിലാണെപ്പോഴും.' ഈയിടെ കേട്ട ഒരു രക്ഷിതാവിന്റെ പ്രതികരണം കേട്ടപ്പോൾ തോന്നി, നമുക്ക് പരിചയമുള്ള പല വീടുകളിലുമില്ലേ ഇത്തരക്കാർ?

ഈയിടെ നടന്ന വാശിയേറിയ നിയമസഭാ തെരഞ്ഞെടുപ്പിൽ വോട്ട് ചോദിക്കാനും നോട്ടീസ് വിതരണം ചെയ്യാനും സ്ലിപ്പ് നൽകാനുമൊക്കെ വീടുകൾ തോറും കയറിയിറങ്ങിയവരിൽ അധികപേരും അറുപതു കഴിഞ്ഞവരാണ്. അതും പലവട്ടം വീടുകളിലെത്തിയത് ഒരേ മുഖങ്ങൾ. ഇടതും വലതുമൊക്കെ ഒരുപോലെ.

'ഇതെന്താ പുതിയ തലമുറയിൽ പെട്ട ആരുമില്ലേ പ്രവർത്തകരായി?' സ്വാഭാവികമായി ചോദിച്ചു പോയി. അവർക്കും പറയാനുള്ളത് വ്യത്യസ്തമല്ല; 'പ്രവർത്തനത്തിനൊന്നും ഇപ്പോൾ ഒരു കുട്ടിയെയും കിട്ടില്ല. ജയിച്ചാൽ ആഘോഷിക്കാനും ഉറഞ്ഞുതുള്ളാനും കണ്ടേക്കാം.'

'ഒക്കെ പൊട്ടന്മാർ. വിളിച്ചാൽ കേൾക്കില്ല. ചോദിച്ചാൽ പോലും വാ തുറന്നു പറയില്ല. മുഖത്തേക്ക് നോക്കില്ല. ഏതു കാര്യം ഏൽപ്പിച്ചാലും പിന്നെ ചോദിക്കുമ്പോൾ മറുപടി, 'ങാ, മറന്നുപോയി' എന്നായിരിക്കും. വീട്ടിലെ പണികളിലൊന്നും പങ്കു ചേരില്ല. മാതാപിതാക്കളും മറ്റും കഠിനാധ്വാനം ചെയ്യുമ്പോൾ ഇതൊന്നും ഞങ്ങൾക്ക് ബാധകമല്ലെന്ന മട്ടിൽ ഒഴിഞ്ഞുമാറും. വിളിച്ചാൽ കേട്ടതായി നടിക്കില്ല. നിലവിളി കേട്ടാൽ പോലും ചെന്നു നോക്കില്ല. എന്തുണ്ടായാലും പ്രതികരിക്കില്ല' എന്നിങ്ങനെ പലർക്കുമുണ്ട് പുതുതലമുറകളെപ്പറ്റി പരിഭവങ്ങളേറെ.

എന്തുകൊണ്ടിവർ ഇങ്ങനെയൊക്കെയായിപ്പോകുന്നുവെന്ന് ചിന്തിച്ചിട്ടുണ്ടോ? പഠിക്കാൻ ഏറെ മെച്ചപ്പെട്ട വിദ്യാലയങ്ങളുണ്ട്, പുതിയ സംവിധാനങ്ങളുണ്ട്, സപ്പോർട്ടിംഗ് മേഖലകളുണ്ട്, മാനസികവും ശാരീരികവുമായ വളർച്ചക്കനുഗുണമായ സൗകര്യങ്ങൾ ഏറെയുണ്ട്. ചുരുക്കിപ്പറഞ്ഞാൽ, ഒന്നിനും കുറവില്ല. എല്ലാം മെച്ചപ്പെട്ട രീതിയിൽ തന്നെയുണ്ട്; എന്നിട്ടും?

മറുപടി തേടുമ്പോൾ ഒത്തിരി വിശാലമായി ചിന്തിക്കേണ്ടതുണ്ട്. പുറംലോകങ്ങളിലേക്ക് കണ്ണയക്കേണ്ടതുണ്ട്. എല്ലാം ഒരാഗോള പ്രതിഭാസമാണല്ലോ ഇപ്പോൾ. ലോകത്തിന്റെ ഏതു ഭാഗവും ഏത് ഓണം കേറാമൂലയും കൺമുമ്പിലും വിരൽതുമ്പിലുമാണല്ലോ.

ഇന്ന് നമ്മുടെ പുതുതലമുറകളിൽ വന്നുപെട്ട അപചയത്തിന്റെ കാരണം തേടുമ്പോൾ പരിഷ്കൃത ലോകങ്ങളിലെ ചില സംഭവവികാസങ്ങൾ ഉത്തരത്തിലേക്ക് സൂചന നൽകുന്നുണ്ട്. ഈയിടെ വന്ന ചില ലോക വാർത്തകളിലൂടെ നമുക്കല്പം ആലോചനാ നിമഗ്നരാവാം:

പതിനഞ്ചുവയസ്സുകാരുടെ സാക്ഷരതാനിലവാരവും ഗണിതശാസ്ത്ര വിജ്ഞാനവും അളക്കാനുള്ള ഒരു ആഗോള പദ്ധതിയുണ്ട്; 'പിസ' എന്ന ചുരുക്കപ്പേരിലാണത് അറിയപ്പെടുന്നത്. പ്രോഗ്രാം ഫോർ ഇന്റർനാഷണൽ സ്റ്റുഡൻസ് അസൈമെന്റ്. ഓർഗനൈസേഷൻ ഫോർ ഇക്കണോമിക്കൽ ഓപ്പറേഷൻ ആൻഡ് ഡെവലപ്മെന്റ് (OECO) ആണ് ഈ പദ്ധതി നടപ്പാക്കുന്നത്. ഈ പദ്ധതി പ്രകാരം 2022 ൽ സ്വീഡനിൽ നടത്തിയ പിസ സ്കോർ പരിശോധനയിൽ ആ രാജ്യം നാലുവർഷം മുമ്പത്തേതിനെക്കാൾ 19 പോയിന്റിൽ താഴെപ്പോയി. സ്വീഡനിലെ 25 ശതമാനത്തോളം കുട്ടികൾക്ക് ശരിയായി വായിക്കാനും വായിച്ചു കാര്യങ്ങൾ ഗ്രഹിക്കാനും കഴിയുന്നില്ലെന്നായിരുന്നു കണ്ടെത്തൽ. കുട്ടികളുടെ പഠനത്തിനും ശാരീരിക മാനസിക വികസനത്തിനും വലിയ പരിഗണന നൽകുന്ന പരിഷ്കൃതരാജ്യമാണ് സ്വീഡൻ. ഈ നൂറ്റാണ്ടിന്റെ ആദ്യ വർഷങ്ങളിൽ തന്നെ ലാപ്ടോപ്പുകൾ അവിടുത്തെ ക്ലാസ്മുറികളിൽ ഇടം പിടിച്ചിരുന്നത്രെ. 2015 ൽ ഹൈസ്കൂളുകളിലെ 80 ശതമാനം കുട്ടികൾക്കും ഏതെങ്കിലും ഒരു ഡിജിറ്റൽ ഉപകരണം ലഭ്യമാക്കിയിരുന്നുവത്രെ. നന്നേ ചെറുപ്പത്തിലേ കുട്ടികളെ ഡിജിറ്റൽ ലോകത്തിനായി തയ്യാറാക്കുക എന്നതായിരുന്നു ഭരണകൂടത്തിന്റെ ലക്ഷ്യം. എന്നിട്ടോ, ഓരോ വർഷം പിന്നിടുമ്പോൾ കുട്ടികളുടെ വിദ്യാഭ്യാസ നിലവാരവും നൈപുണികളും പിന്നോട്ടായി. ഈ പിന്നാക്കാവസ്ഥയുടെ കാരണം തേടിയപ്പോഴാണ് ഞെട്ടിക്കുന്ന സത്യം മനഃശാസ്ത്രജ്ഞർക്കും വിദ്യാഭ്യാസ



വിചക്ഷണർക്കും ബോധ്യമായത്. പാരമ്പര്യ അധ്യാപനരീതികൾ ഉപേക്ഷിച്ച് സ്ക്രീനിലേക്കു മാറിയത് അപകടകരമായിരിക്കുന്നു. കുട്ടികളുടെ ഏകാഗ്രതയും ഓർമ്മശക്തിയും വളരെ കുറഞ്ഞു പോയിരിക്കുന്നു! അതുതന്നെ മതിയല്ലോ വിദ്യാഭ്യാസ പ്രക്രിയ അപകടത്തിലാവാൻ.

വിദഗ്ധരുടെ കണ്ടെത്തലുകളുടെ അടിസ്ഥാനത്തിൽ സർക്കാർ ഇപ്പോൾ വിദ്യാഭ്യാസ മേഖലയിൽ കർശനമായ പരിഷ്കരണങ്ങൾക്ക് തുടക്കം കുറിച്ചിരിക്കുകയാണ്. 'സ്ക്രീനിൽ നിന്നു പുസ്തകത്തിലേക്ക്' എന്നാണ് ഇപ്പോഴത്തെ മുദ്രാവാക്യം. ഇതിന്റെ അടിസ്ഥാനത്തിൽ സ്വീഡനിലെ പ്രൈമറി വിദ്യാലയങ്ങളിൽ നിന്ന് ഇലക്ട്രോണിക് ഉപകരണങ്ങളെ പടികടത്തും. 2025 മുതൽ അവിടുത്തെ പ്രീ-സ്കൂളുകളിൽ ഡിജിറ്റൽ ഉപകരണങ്ങളില്ല. രണ്ടു വയസ്സിൽ താഴെയുള്ള കുട്ടികളുടെ കൈയിൽ ടാബ് പോലും കൊടുക്കാൻ പാടില്ല. ഇക്കൊല്ലം ഓഗസ്റ്റിൽ സ്കൂളിൽ മൊബൈൽഫോൺ പൂർണമായി നിരോധിക്കും. പഠനാവശ്യത്തിനുപോലും അത് തൊടാൻ പാടില്ലെന്നാണ് നിയമം.

ഇലക്ട്രോണിക് ഉപകരണങ്ങളുടെ സഹായമില്ലാതെ എഴുത്തും വായനയും പഠിപ്പിക്കാൻ സർക്കാർ ഇതിനകം 21.6 കോടി ഡോളർ അഥവാ (2040 കോടിയോളം രൂപ) ചെലവഴിച്ചുവത്രെ. ഇനിയും ഈ ലക്ഷ്യസാക്ഷാത്കാരത്തിന് എത്ര പണം വേണമെങ്കിലും ചെലവഴിക്കാൻ സന്നദ്ധമാണ് സ്വീഡിഷ് സർക്കാർ.

അക്കാദമിക് രംഗത്തെ ഗവേഷകർ, സംഘടനകൾ, പൊതുരംഗത്ത് പ്രവർത്തിക്കുന്ന ഏജൻസികൾ, പ്രാദേശിക ഭരണ സമിതികൾ തുടങ്ങിയവയുമായി കൂടിയാലോചന നടത്തിയാണ് സർക്കാർ ഈ പുതിയ പദ്ധതി നടപ്പാക്കുന്നത്. യഥാർത്ഥ പുസ്തകം വായിക്കുന്നതും യഥാർത്ഥ കടലാസിൽ പേന ഉപയോഗിച്ച് എഴുതുന്നതും അക്കങ്ങൾ കടലാസിൽ എഴുതിക്കൂട്ടുന്നതും ഗുണിക്കുന്നതും ഹരിക്കുന്നതുമെല്ലാം കുട്ടികളുടെ ഗ്രാഹ്യശേഷിയും ഓർമ്മശക്തിയും മറ്റു അനുബന്ധ ശേഷികളും വർദ്ധിപ്പിക്കുമെന്നും വിദ്യാഭ്യാസ പ്രക്രിയയെ കൂടുതൽ മെച്ചപ്പെടുത്തുമെന്നുമാണ് വിദ്യാഭ്യാസമന്ത്രാലയം ഇപ്പോൾ ജനങ്ങളെ ബോധവൽക്കരിക്കുന്നത്.

ഈ തിരിച്ചറിവ് സ്വീഡിഷ് സർക്കാറിനു മാത്രമല്ല; നേരത്തെ ഡിജിറ്റൽ പാഠ്യപദ്ധതിയിലേക്ക് അഥവാ, സ്ക്രീൻ അധിഷ്ഠിത പഠനത്തിലേക്ക് കാലൂന്നിയ മറ്റു പല രാജ്യങ്ങൾക്കുമുണ്ടായിക്കൊണ്ടിരിക്കുന്നു. ഡെന്മാർക്ക്, ഫിൻലാൻഡ് തുടങ്ങിയ രാജ്യങ്ങൾ ഉദാഹരണം. ഏഴു മുതൽ പതിനാറു വരെ പ്രായമുള്ള കുട്ടികൾ വിദ്യാലയങ്ങളിൽ മൊബൈൽഫോണും സ്വന്തം ടാബും ഉപയോഗിക്കുന്നതിനു നിയന്ത്രണമുണ്ടായിരുന്ന ഡെന്മാർക്കിൽ ഇക്കൊല്ലം അവ പൂർണ്ണമായി നിരോധിച്ചുകൊണ്ടുള്ള നിയമം പ്രാബല്യത്തിൽ വരുമത്രെ. നോക്കിയ ഫോൺ കമ്പനിയുടെ ജന്മനാടാണ് ഡെന്മാർക്ക് എന്നോർക്കണം. ഫ്രാൻസിൽ 2018ൽ തന്നെ സ്കൂളിൽ സ്മാർട്ട്ഫോണുകൾ നിരോധിച്ചിട്ടുണ്ട്. ക്ലാസ്റൂമുകളിൽ കുട്ടികളുടെ ഇടപെടൽ സജീവമാക്കുക എന്ന ലക്ഷ്യത്തോടെ ഇലക്ട്രോണിക് ഉപകരണങ്ങൾക്ക് കർശന നിയന്ത്രണമേർപ്പെടുത്തിയിരിക്കുന്നു നെതർലാൻഡ്. ഡിജിറ്റൽ പഠനരീതി പ്രോത്സാഹിപ്പിച്ചിരുന്ന ദക്ഷിണകൊറിയയും ഇപ്പോൾ ഒരു തിരിച്ചുപോക്കിന് തുനിഞ്ഞിരിക്കുകയാണ്. വിദ്യാർത്ഥികളുടെ സ്ക്രീൻഅഡിക്ഷനും തത്സംബന്ധമായ മാനസികപ്രശ്നങ്ങളും അവിടെയും രക്ഷിതാക്കളുടെ ഉറക്കം കെടുത്തിക്കൊണ്ടിരിക്കുകയാണ്.

**സ്ക്രീൻഅഡിക്ഷൻ ലോകമെങ്ങും ഗുരുതരമായ പ്രശ്നങ്ങൾ സൃഷ്ടിച്ചുകൊണ്ടിരിക്കുന്നു. നമ്മുടെ രാജ്യവും ഇതിൽ നിന്നു മുക്തമല്ല. പ്രശ്നത്തിന്റെ ഗൗരവത്തെക്കുറിച്ച് വിദ്യാഭ്യാസ വിചക്ഷണർക്കും മനഃശാസ്ത്രജ്ഞർക്കും ഭരണാധികാരികൾക്കുമൊക്കെ ഏറെക്കുറെ അവബോധമുണ്ട് താനും. പക്ഷേ, എങ്ങനെ ഈ മഹാവിപത്തിന്റെ നീരാളിക്കയത്തിൽ നിന്ന് ജനങ്ങളെ, പ്രത്യേകിച്ച് കുട്ടികളെ മോചിപ്പിക്കുമെന്ന കാര്യത്തിൽ ഒരു നിശ്ചയവുമില്ല.**

ചുരുക്കത്തിൽ സ്ക്രീൻഅഡിക്ഷൻ ലോകമെങ്ങും ഗുരുതരമായ പ്രശ്നങ്ങൾ സൃഷ്ടിച്ചുകൊണ്ടിരിക്കുന്നു. നമ്മുടെ രാജ്യവും ഇതിൽ നിന്നു മുക്തമല്ല. പിന്നോട്ടു പോകാൻ പറ്റാത്ത വിധം ഇതൊരു വൻപ്രശ്നവും പ്രതിസന്ധിയുമായി മാറിയിരിക്കുന്നു. പ്രശ്നത്തിന്റെ ഗൗരവത്തെക്കുറിച്ച് വിദ്യാഭ്യാസ വിചക്ഷണർക്കും മനഃശാസ്ത്രജ്ഞർക്കും സാമൂഹികശാസ്ത്രജ്ഞർക്കും ഭരണാധികാരികൾക്കുമൊക്കെ ഏറെക്കുറെ അവബോധമുണ്ട് താനും. പക്ഷേ, എങ്ങനെ ഈ മഹാവിപത്തിന്റെ നീരാളിക്കയത്തിൽ നിന്ന് ജനങ്ങളെ, പ്രത്യേകിച്ച് കുട്ടികളെ മോചിപ്പിക്കുമെന്ന കാര്യത്തിൽ ഒരു നിശ്ചയവുമില്ല. നിരോധനങ്ങൾ വന്നാലും എത്രത്തോളം ഫലവത്താകുമെന്ന ആശങ്കയിലാണ് സമൂഹം.

നിങ്ങളൊന്ന് ചുറ്റും നോക്കൂ, ആലോചിച്ചു നോക്കൂ, ഈ കുന്ത്രാണ്ടത്തോടുള്ള വിധേയത്വം നമ്മളെത്തന്നെ എത്രമാത്രം അടിമപ്പെടുത്തിക്കഴിഞ്ഞുവെന്ന്! രാവിലെ എഴുന്നേൽക്കുന്നതു മുതൽ പാതിരാത്രിയും കഴിഞ്ഞ് ഉറങ്ങുന്നതു വരെ നമ്മുടെ സന്തതസഹചാരിയല്ലേ ഈ മാരണം? ഉറങ്ങിയെഴുന്നേറ്റാൽ ആദ്യമെടുക്കുന്നത് മൊബൈൽഫോണായിരിക്കും. ഒന്ന് തോണ്ടി നോക്കും, വാർത്തകൾ... കമന്റുകൾ... മെസ്സേജുകൾ... റീലുകൾ...! ചിലപ്പോൾ ഏറെ സമയം അങ്ങനെ കടന്നുപോകും. പിന്നെയും നാം എന്തുജോലികളിൽ ഏർപ്പെട്ടാലും ഇടയ്ക്കിടെ ഒന്നു തോണ്ടി നോക്കണം. അല്ലെങ്കിൽ വല്ലാത്ത ഒരു അസ്വസ്ഥതയാണ്. ജനങ്ങളുമായി ഇടപഴകുമ്പോഴും യാത്രയിലും സദസ്സുകളിലുമൊക്കെ ഈ കുന്ത്രാണ്ടം കൈയിൽ വേണം. ഗൗരവമായി എന്തോ എവിടെയോ സംഭവിച്ചുകൊണ്ടിരിക്കുന്നുവെന്നും അതു സംബന്ധമായ തത്സമയ വാർത്തകൾക്ക് കാത്തിരിക്കുകയാണെന്നും തോന്നും ഇവരുടെ മട്ടു കണ്ടാൽ. ആത്മീയസദസ്സുകൾ പോലും ഭിന്നമല്ല. നിസ്കാരം കഴിഞ്ഞു സലാം വീട്ടിയാൽ പലർക്കും ഒന്ന് ഫോൺ എടുത്തുനോക്കണം. ഭക്ഷണസമയത്തും കൂടെ വേണം. എന്തറിയാൻ? ഒന്നുമറിയാനുണ്ടായിട്ടല്ല, വെറുതെ ഒരു ആകാംക്ഷ, ഒരു വിധേയത്വം, കൂടെക്കൂട്ടിയേ കഴി

**അമേരിക്കയിലെ വാഷിംഗ്ടണിൽ നിന്നുള്ള ഒരു വാർത്ത ഇക്കാര്യത്തിൽ പ്രതീക്ഷനൽകുന്നതാണ്. അവിടെ ഒരു സംഘം യുവാക്കൾ ഒത്തുചേർന്ന് ഒരു തീരുമാനമെടുത്തു; 'ഇനി സ്മാർട്ട്ഫോൺ തൊടില്ല. പഴയ ഫ്ളിപ് ഫോണുകൾ (ബേസിക് ഫോൺ) മാത്രമേ ഉപയോഗിക്കൂ.' ഒരു മാസത്തെ ഡിജിറ്റൽ ഡിറ്റോക്സ്! ആദ്യമൊക്കെ വലിയ പ്രയാസം തോന്നിയെങ്കിലും പിന്നീട് ആശ്വാസവും സന്തോഷവുമായിരുന്നത്രെ അനുഭവം!**



യൂ എന്ന വിചാരം. ഇതിനെയല്ലേ ആസക്തി എന്നും അടിമത്തം എന്നുമൊക്കെ പറയുന്നത്? പുതുതലമുറയെ സ്ക്രീൻഅഡിക്ഷനിൽ നിന്ന് മോചിപ്പിക്കണമെന്ന് പറയുന്ന അധ്യാപകരും രക്ഷിതാക്കളും ഉപദേശകരും പോലും ഈ പ്രവണതയിൽ നിന്നു മുക്തരല്ല എന്നതല്ലേ യാഥാർത്ഥ്യം?

ഇങ്ങനെ പോയാൽ അപകടം വർധിക്കുകയേയുള്ളൂ. നമ്മുടെ മക്കളുടെ, സമൂഹത്തിന്റെ നല്ല ഭാവി പ്രതീക്ഷിക്കുന്നുവോ നിങ്ങൾ? എങ്കിൽ നിങ്ങളാണ്, നമ്മളാണ് അതിനു മാതൃകയാവേണ്ടത്. നമ്മളാണ് പരിവർത്തനത്തിന് തുടക്കം കുറിക്കേണ്ടത്. എങ്ങനെയെന്നു നിങ്ങൾ ചോദിക്കും. ജീവിത വ്യവഹാരങ്ങളെല്ലാമിപ്പോൾ ഈ കുന്ത്രാണ്ടങ്ങളുമായി ബന്ധപ്പെട്ടാണല്ലോ നടക്കുന്നത്. വിവരവിനിമയം മാത്രമല്ല; സാമ്പത്തിക വിനിമയവും പഠനക്ലാസുകളും മീറ്റിങ്ങുകളുമെല്ലാം ഇപ്പോൾ ഓൺലൈനാണല്ലോ, അപ്പോൾ പിന്നെ എങ്ങനെ? പൂർണമായും ഈ ഉപകരണത്തെ ഇനി നമ്മുടെ ജീവിതത്തിൽ നിന്ന് പറിച്ചെറിയാൻ സാധിക്കുകയില്ല; നിയന്ത്രണം ഏർപ്പെടുത്തുകയേ മാർഗ്ഗമുള്ളൂ. എങ്ങനെ നിയന്ത്രിക്കാം?

അനിവാര്യമായ കാര്യങ്ങൾക്കു മാത്രം മൊബൈൽഫോൺ ഉപയോഗിക്കുക. സ്മാർട്ട്ഫോൺ മാറ്റിവെക്കുക. വെറുതെ ഫോൺ നോക്കിയിരിക്കുന്നതും റീലുകളിലും ഗെയിമുകളിലും മറ്റും അഭിരമിക്കുന്നതും പാട്ടു കേട്ടിരിക്കുന്നതും മറ്റും അതിനുള്ള സൗകര്യം ഒപ്പമുണ്ടാകുന്നതുകൊണ്ടാണല്ലോ. നാം വിചാരിച്ചാൽ അസാധ്യമായ കാര്യമൊന്നുമല്ല ഇത്.

അമേരിക്കയിലെ വാഷിംഗ്ടണിൽ നിന്നുള്ള ഒരു വാർത്ത ഇക്കാര്യത്തിൽ പ്രതീക്ഷനൽകുന്നതാണ്. അവിടെ ഒരു സംഘം യുവാക്കൾ ഒത്തുചേർന്ന് ഒരു തീരുമാനമെടുത്തു; 'ഇനി സ്മാർട്ട്ഫോൺ തൊടില്ല. പഴയ ഫ്ളിപ് ഫോണുകൾ (ബേസിക് ഫോൺ) മാത്രമേ ഉപയോഗിക്കൂ.' ഒരു മാസത്തെ ഡിജിറ്റൽ ഡിറ്റോക്സ്! ആദ്യമൊക്കെ വലിയ പ്രയാസം തോന്നിയെങ്കിലും പിന്നീട് ആശ്വാസവും സന്തോഷവുമായിരുന്നത്രെ അനുഭവം! അവർക്ക് ധാരാളം സമയം ലഭിച്ചു; പുസ്തകങ്ങൾ വായിക്കാൻ, കുടുംബങ്ങളുമായി സംവദിക്കാൻ, ചുറ്റുപാടുകളുമായി ബന്ധപ്പെടാൻ, പ്രകൃതിദൃശ്യങ്ങൾ നേർക്കുനേരെ ആസ്വദിക്കാൻ!

പഴയപോലെ സാമൂഹികാവസ്ഥകളിലേക്ക് തിരിച്ചുപോകാനും അസ്വസ്ഥതകളും മാനസിക പിരിമുറുക്കങ്ങളും കുറയ്ക്കാനും ഇതുവഴി അവർക്ക് സാധിച്ചുവെന്നാണ് പഠനങ്ങൾ ചൂണ്ടിക്കാണിക്കുന്നത്. ഇതൊക്കെ ചെറിയ തുടക്കമാണെങ്കിലും വലിയ മുന്നേറ്റമായി മാറുമെന്നാണ് ഈ പരിപാടിയുടെ സംഘാടകർ അവകാശപ്പെടുന്നത്. നമുക്കും പറ്റുമല്ലോ അത്തരം കൂട്ടായ്മകൾ. ഗാർഹികതലത്തിലും പ്രാസ്ഥാനികതലത്തിലും സ്ഥാപനങ്ങളിലും മറ്റും ഇത്തരം കൂട്ടായ്മകൾ രൂപപ്പെടുത്താൻ കഴിഞ്ഞാൽ അതൊരു വലിയ നേട്ടമായി മാറും. അടിമകൾ സ്വതന്ത്രരായേക്കും. രക്ഷിതാക്കൾക്ക് ആശ്വാസമായേക്കും. മാനവിക സംസ്കൃതി മെച്ചപ്പെട്ടേക്കും. വിപത്ത് സമൂഹത്തെ പൂർണ്ണമായി വിഴുങ്ങുന്നതിനു മുമ്പ് ഉണരാൻ കഴിഞ്ഞെങ്കിൽ....!

മനുഷ്യേതരജീവികളും താമസത്തിന് അവർക്കനുയോജ്യമായ ഭവനങ്ങളും കൂടുകളും ഉപയോഗപ്പെടുത്തുന്നു. ചില ജീവികൾ വൃക്ഷക്കൊമ്പുകളിലും പൊത്തുകളിലും ജീവിക്കുമ്പോൾ മറ്റു ചിലത് ഗുഹകളിലും മാളങ്ങളിലും താമസിക്കുന്നു. മനുഷ്യഭവനങ്ങൾ വ്യത്യസ്ത രൂപങ്ങളിലും ആകൃതികളിലും നിർമ്മിക്കപ്പെടുന്നുണ്ട്. നാടുകളും സംസ്കാരവും മാറുന്നതിനനുസരിച്ച് ഭവനങ്ങളുടെ നിർമ്മാണത്തിലും രൂപകൽപ്പനയിലും വൈവിധ്യങ്ങൾ കാണാം. മാറിവരുന്ന ജനറേഷന് വീടിന്റെ ഭൗതികഘടനയിലും സൗന്ദര്യബോധത്തിലും വ്യത്യസ്ത സങ്കല്പങ്ങളാണുള്ളത്.

ലൈഫ്സ്റ്റൈൽ

സിയാദ് സഖാഫി പാറന്നൂർ

# വീടുനിർമ്മാണം: ഇക്കാര്യങ്ങൾ ശ്രദ്ധിക്കാം

വീട് സമാധാനത്തിന്റെയും സ്നേഹത്തിന്റെയും സംഗമകേന്ദ്രമാണ്. ജീവിതത്തിന്റെ ബാല്യകൗമാരങ്ങൾക്കും ജയപരാജയങ്ങൾക്കും സന്തോഷസന്താപങ്ങൾക്കും മൂകസാക്ഷിയാണ് വീടകം. നാലു ചുമരുകളോ അലങ്കാരഭംഗിയോ നയനമനോഹരമായ നിർമ്മിതിയോ മാത്രമല്ല; തലമുറകളുടെ ചരിത്രമുറങ്ങുന്ന ഓർമ്മയിടങ്ങളാണ് ഭവനങ്ങൾ.

വീട് മനുഷ്യന്റെ അടിസ്ഥാന ആവശ്യങ്ങളിലൊന്നാണ്. പിറന്നപാടെ എണീക്കാനും നടക്കാനും ഓടാനുമെല്ലാം ആവശ്യമായ വൈഭവം സിദ്ധിച്ചവരാണ് മൃഗങ്ങൾ. മൃഗങ്ങളിൽ നിന്ന് തീർത്തും വ്യത്യസ്തനായ മനുഷ്യന് പക്വതയാർന്ന ഒരു മനുഷ്യനാവാൻ ധാരാളം സംസ്കാര പോഷണ പ്രക്രിയകൾ അനിവാര്യമാണ്. അതിനുള്ള അടയിരിപ്പു സങ്കേതമാണ് വീട്. വീടിനെ വീടാക്കുന്നത് അതിന്റെ ഭൗതികഘടനയിലുപരി സ്നേഹബന്ധങ്ങൾ ആത്മാർത്ഥമാകുമ്പോഴാണ്.

വിശ്രമത്തിനും താമസത്തിനും പ്രാചീനകാലം മുതൽ മനുഷ്യർ പല മാർഗങ്ങളും സ്വീകരിച്ചിട്ടുണ്ട്. വൃക്ഷത്തണലുകളും ഗുഹാന്തരങ്ങളും ഒരുകാലത്ത് ഉപയോഗിച്ചിരുന്നു. അതിൽ സുരക്ഷാപ്രശ്നങ്ങളും തടസ്സങ്ങളും വന്നപ്പോഴാണ് വീടെന്ന ആശയത്തിലേക്ക് മനുഷ്യൻ എത്തിച്ചേർന്നത്.



## വീട് വലിയ അനുഗ്രഹം

അല്ലാഹു മനുഷ്യന് നൽകുന്ന വലിയൊരു അനുഗ്രഹമാണ് അനുയോജ്യമായ ഭവനം. വിശുദ്ധ ഖുർആനിൽ പലയിടങ്ങളിൽ വീടെന്ന അനുഗ്രഹത്തെ പരാമർശിക്കുന്നുണ്ട്. അല്ലാഹു പറയുന്നു: 'വീടുകളെ അല്ലാഹു നിങ്ങൾക്ക് വാസസ്ഥലങ്ങളാക്കിത്തന്നു. മൃഗങ്ങളുടെ തോലുകൊണ്ട് നിങ്ങൾക്കവൻ പാർപ്പിടങ്ങൾ ഒരുക്കിത്തന്നു. യാത്രാവേളകളിലും താവളമടിക്കുന്ന നേരത്തും നിങ്ങൾ അവ അനായാസം ഉപയോഗപ്പെടുത്തുന്നു. ചെമ്മരിയാടുകളുടെയും ഒട്ടകങ്ങളുടെയും കോലാടുകളുടെയും രോമങ്ങളിൽ നിന്ന് ഒരു അവധി വരെ ഉപയോഗിക്കാവുന്ന വീട്ടുപകരണങ്ങളും മറ്റു സാമഗ്രികളും (നിങ്ങൾക്കവൻ ഉണ്ടാക്കിത്തരുകയും ചെയ്തിരിക്കുന്നു)' (സൂറത്തുന്നഹ്ൽ: 80)

അല്ലാഹു മനുഷ്യന് നൽകിയ വലിയൊരു അനുഗ്രഹം എടുത്തുകാണിക്കുകയാണ് ഈ ആയത്തിൽ. സൗകര്യപ്രദവും വിശാലവുമായ വീട് മനുഷ്യന്റെ വിജയത്തിൽ പെട്ടതാണെന്ന് നബി(സ) പറഞ്ഞിട്ടുണ്ട്. നാഫി ഉബ്നു അബ്ദുൽഹാരിസ്(റ) നിവേദനം. നബി(സ) പറഞ്ഞു: 'പ്രയാസമില്ലാതെ യാത്ര ചെയ്യാൻ പറ്റുന്ന നല്ല വാഹനവും നല്ല അയൽവാസിയും താമസിക്കാൻ സൗകര്യമുള്ള വിശാലമായ വീടും മനുഷ്യന്റെ വിജയത്തിൽ പെട്ടതാണ്.' (അഹ്മദ്)

മറ്റൊരു ഹദീസിൽ കാണാം: 'നാലു കാര്യങ്ങൾ വിജയത്തിന്റെ ഭാഗമാണ്: സദ്‌വൃത്തയായ ഭാര്യ, വിശാലതയുള്ള വീട്, നല്ല അയൽവാസി, നല്ല വാഹനം. നാലു കാര്യങ്ങൾ പരാജയത്തിന്റെ ഘടകങ്ങളാണ്: മോശമായ അയൽവാസി, മോശപ്പെട്ട ഭാര്യ, ഇടുങ്ങിയ വീട്, മോശപ്പെട്ട വാഹനം.' (അഹ്മദ്, ഹാകിം)

അല്ലാഹു മനുഷ്യർക്ക് നേരത്തെ സൃഷ്ടിച്ചുവെക്കാത്ത മൂന്ന് വസ്തുക്കളാണ് ഭക്ഷണം, വീട്, വസ്ത്രം എന്നിവ. മനുഷ്യൻ സ്വന്തമായി കണ്ടെത്തി നിർമ്മിക്കുന്നതാണിവ. എന്നാൽ മൃഗങ്ങൾക്കിത് ആവശ്യമില്ല. ഏതു സ്ഥലത്തും എങ്ങനെയും അവർ താമസിക്കുന്നു. പ്രകൃതി സ്വമേധയാ ഒരുക്കിയ ആവാസമേഖല താമസത്തിന് അവർ ഉപയോഗപ്പെടുത്തുന്നു. കാലാവസ്ഥാവ്യതിയാനമനുസരിച്ച് ചൂടും തണുപ്പും മാറിമാറി വരുമ്പോൾ അതിനെ പ്രതിരോധിക്കാൻ കഴിയുന്ന രൂപത്തിൽ രോമങ്ങളും തോലുകളും അല്ലാഹു അവർക്ക് നൽകിയിട്ടുണ്ട്. മനുഷ്യരെപ്പോലെ വസ്ത്രം ധരിക്കേണ്ടതില്ല. ഭക്ഷണവസ്തുക്കൾ വേവിക്കേണ്ടതില്ല. എങ്ങനെയാണോ ലഭ്യമാകുന്നത്, അതുപോലെ അവയ്ക്ക് ഭക്ഷിക്കാം. മനുഷ്യൻ മൃഗങ്ങളിൽ നിന്ന് തീർത്തും വിഭിന്നരാണെന്നു സാരം. വീട്, വസ്ത്രം, ഭക്ഷണം തുടങ്ങിയവ സ്വമേധയാ കണ്ടെത്തേണ്ടതു കൊണ്ടു മനുഷ്യർ കൃഷി, കാലി വളർത്തൽ, വേട്ടയാടൽ, നെയ്ത്ത്, കെട്ടിട നിർമ്മാണം എന്നീ അഞ്ചിനം തൊഴിലുകൾ ആവശ്യമായി വന്നു. (ഇഹ്‌യ 3/195)

ഇസ്‌ലാം അനുവദിക്കുന്ന രൂപത്തിലുള്ള വീട് എങ്ങനെയാണ് നിർമ്മിക്കേണ്ടതെന്ന് വിശ്വാസി അറിഞ്ഞിരിക്കണം. വ്യക്തമായ നിയമങ്ങളും മാർഗ്ഗനിർദ്ദേശങ്ങളും ഇസ്‌ലാം ഈ വിഷയത്തിൽ നൽകുന്നുണ്ട്.

## സൗകര്യപ്രദമായ വീട്

ഏതൊരു മനുഷ്യന്റെയും സ്വപ്നമാണ് സൗകര്യപ്രദവും വിശാലവുമായ വീട്. ആർഭാടരഹിതവും അനുയോജ്യവുമായ രീതിയിൽ വീട് നിർമ്മിക്കുന്നതിന് ഒരിക്കലും ഇസ്‌ലാം എതിരല്ല. വീടിന്റെ വലിപ്പച്ചെറുപ്പം ഓരോരുത്തരുടെയും കഴിവും കുടുംബാംഗങ്ങളുടെ എണ്ണവും തറവാടിത്തവും സാമ്പത്തികഭദ്രതയുമെല്ലാം അനുസരിച്ച് വ്യത്യാസപ്പെടും. വിശാലതയുള്ള വീട്ടിൽ താമസിച്ചു ശീലിച്ച ഒരാൾ ഇടുങ്ങിയ വീട്ടിലേക്ക് താമസം മാറ്റുമ്പോൾ മാനസികപ്രയാസം നേരിടും. ഓരോരുത്തരും വളർന്നുവന്ന സാഹചര്യം പരിഗണിച്ച് റൂമുകളുടെ വലുപ്പം ക്രമീകരിക്കാം. അവരവർക്കനുയോജ്യമായ രൂപത്തിൽ ഹലാലായ സമ്പാദ്യം ഉപയോഗിച്ച് വീട് രൂപകൽപ്പന ചെയ്യണം.

വീട്ടിൽ വിശാലത ലഭിക്കാൻ വേണ്ടി നബി(സ) ദുആ ചെയ്തത് ഹദീസുകളിൽ കാണാം:

അബൂമൂസൽ അശ്അരി(റ) നിവേദനം: വുളൂഅ് എടുക്കാനുള്ള വെള്ളവുമായി ഞാൻ നബി(സ)യുടെ അടുത്തു ചെന്നു.



അപ്പോൾ അവിടുന്ന് ദുആ ചെയ്യുന്നത് ഞാൻ കേട്ടു: 'അല്ലാഹുവേ, എന്റെ പാപങ്ങൾ നീ പൊറുത്തു തരേണമേ. എന്റെ വീട്ടിൽ എനിക്ക് വിശാലത നൽകേണമേ. എന്റെ ഭക്ഷണത്തിൽ ബറകത്ത് ചൊരിയേണമേ.' (അദ്കാറുന്നവവി)

ഈ ഹദീസ് വിശദീകരിച്ച് ഇമാം മുനാവി(റ) എഴുതുന്നു: 'പ്രസ്തുത ഹദീസിൽ പരാമർശിച്ചത് ഐഹികലോകത്ത് താമസിക്കുന്ന വീടിനെക്കുറിച്ചാണ്. കാരണം വീട്ടിലെ സൗകര്യങ്ങൾ ഇടുങ്ങുന്നത് ഹൃദയം കഠിനമാകാനും ചരക്കുകൾ ക്രമരഹിതമാകാനും മനസ്സ് അസ്വസ്ഥമാകാനും കാരണമാകും. പ്രസ്തുത ദുആയിൽ പരാമർശിച്ച വീട് ഖബറാണെന്നും വ്യാഖ്യാനിക്കാം. മനുഷ്യന്റെ യഥാർത്ഥജീവിതം തുടങ്ങുമ്പോഴുള്ള വീട് അതാണല്ലോ. ആദ്യവീക്ഷണം അനുസരിച്ച് വീട്ടിലെ അത്യാവശ്യ സൗകര്യങ്ങളാണ് ഉദ്ദേശിക്കുന്നത്; ആർഭാടവും അനാവശ്യവിശാലതയുമല്ല. ഒരാൾക്ക് ആവശ്യത്തിനുള്ള സൗകര്യം വേണമെന്നാണ് നബി(സ) പറഞ്ഞിട്ടുള്ളത്.' (ഫൈളുൽഖദീർ 2:139) ഉഖ്ബതുബ്നു ആമിർ(റ) പറയുന്നു: ഞാൻ നബി(സ)യോട് ചോദിച്ചു: 'അല്ലാഹുവിന്റെ റസൂലേ, എന്താണ് രക്ഷാമാർഗ്ഗം?' അവിടുന്ന് പറഞ്ഞു: 'നാവിനെ അടക്കി നിർത്തുക. വീട് വിശാലമാക്കുക. ചെയ്തുപോയ തെറ്റുകളോർത്ത് കരയുക.' (തുർമുദി: 2408)

> വീട്ടിൽ വിശാലത ലഭിക്കാൻ വേണ്ടി നബി(സ) ദുആ ചെയ്തത് ഹദീസുകളിൽ കാണാം: അബൂമൂസൽ അശ്അരി(റ) നിവേദനം: വുളൂഅ് എടുക്കാനുള്ള വെള്ളവുമായി ഞാൻ നബി(സ)യുടെ അടുത്തു ചെന്നു. അപ്പോൾ അവിടുന്ന് ദുആ ചെയ്യുന്നത് ഞാൻ കേട്ടു: 'അല്ലാഹുവേ, എന്റെ പാപങ്ങൾ നീ പൊറുത്തു തരേണമേ. എന്റെ വീട്ടിൽ എനിക്ക് വിശാലത നൽകേണമേ. എന്റെ ഭക്ഷണത്തിൽ ബറകത്ത് ചൊരിയേണമേ.' (അദ്കാറുന്നവവി)



## മുറികളുടെ എണ്ണം വർദ്ധിപ്പിക്കൽ

വീട്ടിലെ അംഗങ്ങളുടെ എണ്ണമനുസരിച്ച് റൂമുകൾ തയ്യാറാക്കണം. വീട്ടിലെ മുഴുവൻ അംഗങ്ങളും ഒരു മുറിയിൽ കിടക്കാൻ പാടില്ലെന്നാണ് ഇസ്ലാം നിർദ്ദേശിക്കുന്നത്. പത്തു വയസ്സായ കുട്ടികളെ വ്യത്യസ്ത മുറികളിലാണ് കിടത്തേണ്ടത്. ചെറിയ കുട്ടികളാണെങ്കിൽ ഒരുമിച്ചു കിടക്കുന്നതിന് കുഴപ്പമില്ല. ഹദീസിൽ കാണാം: 'ഏഴു വയസ്സായാൽ മക്കളോട് നിസ്കരിക്കാൻ കൽപ്പിക്കുക. പത്തുവയസ്സായാൽ നിസ്കരിച്ചില്ലെങ്കിൽ അവരെ അടിക്കുകയും ചെയ്യുക. കിടപ്പറയിൽ വേർപിരിച്ചു കിടത്തുക.' (അബൂദാവൂദ്) കർമ്മശാസ്ത്രപണ്ഡിതർ പറയുന്നു: 'പത്തു വയസ്സ് പൂർത്തിയായാൽ കുട്ടികളെ മാതാപിതാക്കളിൽ നിന്നും സഹോദരസഹോദരിമാരിൽ നിന്നും വേർപിരിച്ചു കിടത്തൽ നിർബന്ധമാണ്.' (തുഹ്ഫ: 7/208)

ദമ്പതികൾ ഒരുമിച്ച് ഒരു റൂമിൽ കിടക്കണം. പത്തു വയസ്സായ കുട്ടികളെ കൂടെ കിടത്താൻ പാടില്ല. സഹോദരസഹോദരിമാരാണെങ്കിൽ പോലും പത്തു വയസ്സായാൽ വ്യത്യസ്ത റൂമുകളിലാണ് കിടത്തേണ്ടത്. അതിനാൽ, വീട്ടിലെ അംഗങ്ങളുടെ എണ്ണമനുസരിച്ച് റൂമുകൾ നിർമ്മിക്കണം. അതിനനുസരിച്ച് വീടിന് വലുപ്പവും ആവശ്യമാണ്.

## മാളികപ്പുര ഉണ്ടാക്കാമോ?

ആവശ്യമെങ്കിൽ മാളികപ്പുര നിർമ്മിക്കുന്നതിന് വിരോധമില്ല. പ്രഗത്ഭരായ പല സ്വഹാബികളുടെയും വീടിന് മാളികപ്പുരയുണ്ടായിരുന്നു. സാബിത്ത്(റ) പറയുന്നു: 'ഒരിക്കൽ ഞാൻ അനസുബ്നു മാലിക്(റ)വിന്റെ കൂടെ അദ്ദേഹത്തിന്റെ വീടിന്റെ മാളികപ്പുരയിലായിരിക്കെ നിസ്കാരത്തിന് ബാങ്കുവിളി

പൊങ്ങച്ചം കാണിക്കാനും പേരും പ്രശസ്തി യും നേടാനും സമ്പത്ത് ധൂർത്തടിച്ച് വീടു ണ്ടാക്കുന്നത് ഇസ്‌ലാം ഒരിക്കലും അംഗീക രിക്കുന്നില്ല. അല്ലാഹു പറയുന്നു: ‘പാരത്രിക ലോകത്തുള്ള ഗൃഹം ഭൂമിയിൽ അഹന്ത കാണി ക്കുകയും കുഴപ്പമുണ്ടാക്കാൻ ഉദ്ദേശിക്കുകയും ചെയ്യാത്തവർക്കാണ്.’ (സൂറത്തുൽ ഖസ്വസ്വ് 83) ഈ സൂക്തത്തിൽ അഹന്ത എന്നതു കൊണ്ടുദ്ദേശ്യം നേതൃത്വത്തിലുള്ള അഹങ്കാര വും വലിയ ഭവനങ്ങൾ നിർമ്മിക്കലുമാണെന്ന് പണ്ഡിതർ വിശദീകരിച്ചിട്ടുണ്ട്. (ഇഹ്‌യ 2:204)



മുഴങ്ങി. ഞങ്ങൾ പള്ളിയിലേക്ക് പുറപ്പെട്ടു. കാലുകൾ അടുപ്പിച്ചു വെച്ചാണ് അനസ്(റ) നടന്നിരുന്നത്. അദ്ദേഹം പറഞ്ഞു: ‘ഞാൻ സൈദുബ്നു സാബിത്ത്(റ) വിന്റെ കൂടെ പള്ളിയിലേക്കു പോയപ്പോൾ അദ്ദേഹം ഇതു പോലെയാണ് നടന്നിരുന്നത്. ഇതിനെക്കുറിച്ച് ചോദിച്ചപ്പോൾ ‘നബി(സ) ഇങ്ങനെയായിരുന്നു നടന്നിരുന്നതെന്നും ചവിട്ടടിയുടെ എണ്ണത്തിനനുസരിച്ച് പ്രതിഫലം ലഭിക്കാനാണിതെന്നും എന്നോട് പറഞ്ഞിട്ടുണ്ട്.’ (മുസ്വന്നഫ് ഇബ്നുഅബീശൈബ) ഈ ഹദീസ് ഇമാം ബുഖാരി(റ) അദബുൽ മുഫ്റദിൽ ‘മാളികയുണ്ടാക്കൽ’ എന്ന അധ്യായത്തിലാണ് ചേർത്തത്. നബി(സ)യുടെ സന്തതസഹചാരിയായിരുന്ന അനസുബ്നു മാലിക്(റ) ഇങ്ങനെ ചെയ്തതിൽ നിന്ന് ഇത് അനുവദനീയമാണെന്ന് മനസ്സിലാക്കാം. ഉമ്മുഹാനിഅ്(റ) പറഞ്ഞു: ‘നബി(സ) പാതിരാത്രി ഖുർആൻ പാരായണം ചെയ്യുന്നത് ഞാനെന്റെ വീടിന്റെ മാളികമുകളിൽ നിന്ന് കേൾക്കാറുണ്ടായിരുന്നു.’ (ഇബ്നുമാജ)

മാളികപ്പുര അനുവദനീയമാണെന്ന് പ്രസ്തുത ഉദ്ധരണികൾ സാക്ഷ്യപ്പെടുത്തുന്നു. എന്നാൽ, പ്രൗഢിയും പ്രതാപവും കാണിക്കാൻ വേണ്ടി മാത്രം നിർമ്മിക്കുന്ന വീടുകൾ ധൂർത്തിൽ പെടും. അതനുവദനീയമല്ല. അബ്ബാസ്(റ)വിന്റെ മാളികവീട് പൊളിച്ചുനീക്കാൻ നബി(സ) കൽപ്പിച്ചതായി കാണാം. അതിൽ ധൂർത്തുള്ളതായി മനസ്സിലായതുകൊണ്ടാവണം നബി(സ) ഇങ്ങനെ കൽപ്പിച്ചത്.

പൊങ്ങച്ചം കാണിക്കാനും പേരും പ്രശസ്തിയും നേടാനും സമ്പത്ത് ധൂർത്തടിച്ച് വീടുണ്ടാക്കുന്നത് ഇസ്‌ലാം ഒരിക്കലും അംഗീകരിക്കുന്നില്ല. നബി(സ) ശക്തമായ ഭാഷയിൽ അതിനെ താക്കീത് ചെയ്തിട്ടുണ്ട്. അല്ലാഹു പറയുന്നു: ‘പാരത്രിക ലോകത്തുള്ള ഗൃഹം ഭൂമിയിൽ അഹന്ത കാണിക്കുകയും കുഴപ്പമുണ്ടാക്കാൻ ഉദ്ദേശിക്കുകയും ചെയ്യാത്തവർക്കാണ്.’ (സൂറത്തുൽ ഖസ്വസ്വ് 83) ഈ സൂക്തത്തിൽ അഹന്ത എന്നതുകൊണ്ടുദ്ദേശ്യം നേതൃത്വത്തിലുള്ള അഹങ്കാരവും വലിയ ഭവനങ്ങൾ നിർമ്മിക്കലുമാണെന്ന് പണ്ഡിതർ വിശദീകരിച്ചിട്ടുണ്ട്. (ഇഹ്‌യ 2:204)

അനാവശ്യഭവനം നിർമ്മിക്കാൻ പാടില്ലെന്ന് പറയുന്ന ധാരാളം ഹദീസുകൾ കാണാം. നബി (സ) പറയുന്നു: ‘ജനങ്ങൾ ഗംഭീര കെട്ടിടങ്ങൾ പടുത്തുയർത്തുന്ന കാലം വരെ അന്ത്യനാൾ സംഭവിക്കുകയില്ല.’ (ബുഖാരി) ഒരിക്കൽ നബി(സ) ഒരു വലിയ കെട്ടിടത്തിനരികിലൂടെ നടന്നു പോയപ്പോൾ ആരുടേതാണതെ

ന്ന് അന്വേഷിച്ചു. അൻസ്വാരിയായ ഒരു സഹാബിയുടെതാണെന്ന് കൂടെയുള്ള വർ പറഞ്ഞു. പിന്നീട് നബി(സ)യുടെ അടുക്കൽ ആ അൻസ്വാരി വന്നപ്പോൾ അവിടുന്ന് മുഖം തിരിച്ചുകളഞ്ഞു. പലതവണ അവഗണിക്കപ്പെട്ടപ്പോൾ നബി(സ)ക്ക് തന്നോട് എന്തോ അനിഷ്ടമുണ്ടെന്ന് അദ്ദേഹം മനസ്സിലാക്കി. അതിന്റെ കാരണമന്വേഷിച്ചപ്പോൾ സ്വഹാബികൾ മുമ്പുണ്ടായ സംഭവം അദ്ദേഹത്തെ ധരിപ്പിച്ചു. ഉടനെ സ്വഹാബി തന്റെ ഉടമസ്ഥതയിലുള്ള ആ വലിയ കെട്ടിടം ഇടിച്ചുനിരപ്പാക്കി. വീണ്ടും അതുവഴി പോയപ്പോൾ നബി(സ) ആ കെട്ടിടത്തെക്കുറിച്ച് അന്വേഷിച്ചു. അത് പൊളിച്ചുകളഞ്ഞുവെന്ന് കൂടെയുള്ളവർ പറഞ്ഞപ്പോൾ നബി(സ) അയാൾക്ക് ഗുണത്തിനു വേണ്ടി പ്രാർത്ഥിച്ചു.' (അബൂദാവൂദ് 5236)

ആഇശ(റ) നിവേദനം. നബി(സ) പറഞ്ഞു: 'അല്ലാഹു ഒരു മനുഷ്യനിൽ തിന്മ ഉദ്ദേശിച്ചാൽ അയാളുടെ സമ്പത്ത് കെട്ടിടനിർമ്മാണത്തിലും കളിമണ്ണിലുമായി ചെലവഴിപ്പിച്ച് നശിപ്പിക്കും.' (ഇഹ്‌യ 4/203)

നിർബന്ധകാര്യങ്ങൾ അനുഷ്ഠിക്കുന്നതിൽ ശ്രദ്ധയില്ലാതെ അയാൾ തിരിച്ച് ഭൗതികജീവിതത്തിൽ ആകൃഷ്ടനാകുകയും പാരത്രികജീവിതത്തെ വിസ്മരിച്ചുകളയുകയും ചെയ്യുമെന്നാണ് ഇതിന്റെ വിവക്ഷ. നബി(സ) പറഞ്ഞു: 'ആവശ്യത്തിൽ കവിഞ്ഞ കെട്ടിടം പണിത് ഭവനമാക്കിയ വ്യക്തി അന്ത്യനാളിൽ അത് ചുമക്കുവാൻ നിർബന്ധിക്കപ്പെടും.' (ത്വബ്റാനി)

ഖബ്ബാബുബ്നു അറത്ത്(റ) നിവേദനം. നബി(സ) പറഞ്ഞു: 'കെട്ടിട നിർമ്മാണത്തിനുള്ള മണ്ണിനും വെള്ളത്തിനും മറ്റുമൊഴികെ മനുഷ്യൻ ഏതാവശ്യത്തിന് ചെലവഴിച്ചാലും പ്രതിഫലം ലഭിക്കുന്നതാണ്.' (ഇബ്നുമാജ) ധൂർത്തടിച്ചു വീടുണ്ടാക്കുന്നവരെ സംബന്ധിച്ചാണിവിടെ പരാമർശം.

വീടുനിർമ്മാണത്തിൽ മുമ്പത്തെ അപേക്ഷിച്ച് പൊങ്ങച്ചം കാണിക്കൽ ഇന്ന് വ്യാപകമാണ്. പട്ടിണിപ്പാവങ്ങളാണെങ്കിലും വലിയ വീടു തന്നെയാണ് എല്ലാവരുടെയും സ്വപ്നം. ഇതിന് ലോണെടുക്കാനും കടം വാങ്ങാനും ഒരു മടിയും ആളുകൾക്കില്ല. വീടു നിർമ്മാണം ഒരു മത്സരമാണ് സർവ്വനാടുകളിലും. തൊട്ടടുത്ത വീടിനെക്കാൾ എന്തുകൊണ്ടും മേന്മയും ഭംഗിയും തന്റെ വീടിനുണ്ടാവണമെന്ന ചിന്തയാ

വീടുനിർമ്മാണത്തിൽ മുമ്പത്തെ അപേക്ഷിച്ച് പൊങ്ങച്ചം കാണിക്കൽ ഇന്ന് വ്യാപകമാണ്. പട്ടിണിപ്പാവങ്ങളാണെങ്കിലും വലിയ വീടു തന്നെയാണ് എല്ലാവരുടെയും സ്വപ്നം. ഇതിന് ലോണെടുക്കാനും കടം വാങ്ങാനും ഒരു മടിയും ആളുകൾക്കില്ല. വീടു നിർമ്മാണം ഒരു മത്സരമാണ് സർവ്വനാടുകളിലും. തൊട്ടടുത്ത വീടിനെക്കാൾ എന്തുകൊണ്ടും മേന്മയും ഭംഗിയും തന്റെ വീടിനുണ്ടാവണമെന്ന ചിന്തയാണ് പലർക്കുമുള്ളത്. തനിക്കത് ആവശ്യമുണ്ടോ ഇല്ലേ എന്ന നോട്ടമില്ല.

### സ്ഥാനം നോക്കൽ

മനുഷ്യരുടെ വിശ്രമകേന്ദ്രമാണ് വീട്. ജീവിതത്തിന്റെ മുഖ്യഭാഗവും മനുഷ്യൻ ചെലവഴിക്കുന്നതും വീട്ടിലാണ്. വീട് എവിടെ സ്ഥാപിക്കണമെന്നതിലും എങ്ങനെയാണ് രൂപകൽപ്പന ചെയ്യേണ്ടത് എന്നതിലും ഒരുപാട് കാര്യങ്ങൾ ശ്രദ്ധിക്കേണ്ടതുണ്ട്. വീട് വെക്കുന്ന ഭൂമി പൈശാചിക സ്വാധീനമുള്ള സ്ഥലമാകാൻ പാടില്ല. സൗരോർജ്ജം നന്നായി ലഭിക്കാൻ സൂര്യകിരണങ്ങൾ നന്നായി കിട്ടുന്ന സ്ഥലം തെരഞ്ഞെടുക്കണം. ശുദ്ധജലത്തിന്റെ ലഭ്യത, സസ്യജാലങ്ങൾ നന്നായി വളരുന്ന ഭൂമി, ഇളംകാറ്റ് ലഭിക്കുന്ന സ്ഥലം, നല്ല മണ്ണ് തുടങ്ങിയവയെല്ലാം പരിഗണിക്കേണ്ടതാണ്. മാനസികോല്ലാസം ലഭിക്കാൻ പ്രകൃതിയുമായി കൂടുതൽ ഇണങ്ങിച്ചേരുന്ന സ്ഥലങ്ങൾ നന്നാവും. വീട് വെക്കുന്ന സ്ഥലം, അളവ്, ഉയരം, പരിസരം, അയൽവാസികൾ തുടങ്ങി നിരവധി കാര്യങ്ങൾ സൂക്ഷ്മ പരിശോധന നടത്തി വേണം വീട് നിർമ്മാണം ആരംഭിക്കാൻ. ഇതൊന്നും ശ്രദ്ധിക്കാതെ ലക്ഷങ്ങൾ മുടക്കി വീട് വച്ചതിനു ശേഷം ശാരീരിക മാനസിക ബുദ്ധിമുട്ടുകൾ അനുഭവിച്ചാൽ പിന്നീട് പരിഹാരം കാണൽ പ്രയാസമാകും. വലിയ സാമ്പത്തിക നഷ്ടത്തിന് കാരണമാവുകയും ചെയ്യും. പ്രസ്തുത വിഷയത്തിൽ പാണ്ഡിത്യമുള്ളവരെ സമീപിച്ച് സഹായം തേടാം. മതപരമായി അതിൽ തെറ്റില്ലെന്നു മാത്രമല്ല, ഗുണകരവുമാണത്.

എന്നാൽ, അന്ധവിശ്വാസങ്ങൾ കാരണം അനവധി ചൂഷണങ്ങൾ നടക്കുന്ന മേഖല കൂടിയാണിത്. ആത്മീയവും ശാസ്ത്രീയവുമായ കാര്യങ്ങൾ അറിയുന്നവരെ അവലംബിക്കണം. വാസ്തുദോഷം നീക്കാൻ എന്ന പേരിലും പിശാചുബാധ ഒഴിവാക്കാനെന്ന പേരിലും പല വ്യാജസിദ്ധന്മാരും ഈ മേഖലയിൽ വിലസുന്നുണ്ട്. വീടുനിർമാണത്തോടനുബന്ധിച്ച് അന്യമതാചാര പ്രകാരം പൂജയും ഹോമവുമെല്ലാം നടത്തുന്നതും ഇസ്‌ലാമിക വിരുദ്ധമാണ്. ദീനിൽ നിന്ന് പുറത്തുപോകാൻ വരെ ഇത് കാരണമായേക്കാം. ഇതിനെക്കുറിച്ച് നല്ല പരിജ്ഞാനമുള്ള പണ്ഡിതന്മാരെ സമീപിച്ച് ഉപദേശനിർദ്ദേശങ്ങൾ സ്വീകരിക്കലാണ് സാധാരണക്കാരെ സംബന്ധിച്ചിടത്തോളം ഉത്തമം.

സൗകര്യപ്രദമായ വീട് പുതിയ മോഡലിലാക്കാൻ വേണ്ടി മാത്രം ലക്ഷങ്ങൾ ചെലവഴിക്കാൻ ആളുകൾക്കിന്ന് ഒരു മടിയുമില്ല. എത്ര ഭംഗിയുള്ള വീടാണെങ്കിലും കുറഞ്ഞ വർഷം കഴിയുമ്പോൾ അത് ഔട്ട് ഓഫ് ഫാഷനാവും. പുതിയ മോഡലിലേക്ക് മാറ്റിയെടുക്കാൻ പൊളിച്ചും കൂട്ടിച്ചേർത്തിയും ലക്ഷങ്ങൾ പൊടിപൊടിക്കുകയാണ് പലരും. ഇത് ഒഴിവാക്കേണ്ടതാണ്. ലക്ഷങ്ങൾ മുടക്കി മാറ്റിപ്പണിത മോഡലും കുറച്ചു വർഷം കഴിഞ്ഞാൽ ഔട്ട് ഓഫ് ഫാഷനാകുമെന്നോർക്കണം.

ണ് പലർക്കുമുള്ളത്. തനിക്കത് ആവശ്യമുണ്ടോ ഇല്ലേ എന്ന നോട്ടമില്ല. ഇതിനെയാണ് ശക്തമായ താക്കീതോടെ നബി(സ) വിരോധിച്ചത്. അവിടുന്ന് പറയുന്നു: 'വെയിലും മഴയും കൊള്ളാതിരിക്കാൻ ആവശ്യമായതിൽ കവിഞ്ഞ് മനുഷ്യൻ നിർമ്മിക്കുന്ന ഏതു ഭവനവും അന്ത്യനാളിൽ നാശഹേതുവായിത്തീരും.' (അബൂദാവൂദ്)

സൗകര്യപ്രദമായ വീട് പുതിയ മോഡലിലാക്കാൻ വേണ്ടി മാത്രം ലക്ഷങ്ങൾ ചെലവഴിക്കാൻ ആളുകൾക്കിന്ന് ഒരു മടിയുമില്ല. എത്ര ഭംഗിയുള്ള വീടാണെങ്കിലും കുറഞ്ഞ വർഷം കഴിയുമ്പോൾ അത് ഔട്ട് ഓഫ് ഫാഷനാവും. പുതിയ മോഡലിലേക്ക് മാറ്റിയെടുക്കാൻ പൊളിച്ചും കൂട്ടിച്ചേർത്തിയും ലക്ഷങ്ങൾ പൊടിപൊടിക്കുകയാണ് പലരും. ഇത് ഒഴിവാക്കേണ്ടതാണ്. ലക്ഷങ്ങൾ മുടക്കി മാറ്റിപ്പണിത മോഡലും കുറച്ചു വർഷം കഴിഞ്ഞാൽ ഔട്ട് ഓഫ് ഫാഷനാകും. അപ്പോൾ വീണ്ടും മുഖം മിനുക്കേണ്ടി വരും. ഈ പ്രവണത ഒരിക്കലും ശരിയല്ല. അല്ലാഹു നൽകിയതുകൊണ്ട് തൃപ്തിപ്പെടാനുള്ള മനസ്സ് നമുക്കു വേണം. പണം ആവശ്യത്തിലധികം കൈയിലുണ്ടെങ്കിൽ പാവങ്ങളുടെ കണ്ണീരൊപ്പാൻ ഉപയോഗപ്പെടുത്തണം.

അനാവശ്യമായ കാര്യങ്ങൾ നേടാൻ പള്ളികളിലും സമ്പന്നരുടെ തിണ്ണകളിലും നിരങ്ങി യാചിക്കുന്നവരെയും കാണാറുണ്ട്. ഇതിനെ സമ്പന്നരുടെ യാചനയെന്നാണ് മഹാന്മാർ വിശേഷിപ്പിച്ചത്. ഇമാം ഗസ്സാലി(റ) പറയുന്നു: 'വീട് ആഡംബരമുക്തവും ആവശ്യത്തിന് മതിയാവുന്നതുമാവണം. വീട് അലങ്കരിക്കാൻ യാചിക്കുന്നത് സമ്പന്നർ യാചിക്കുന്നതിനു തുല്യമാണ്.' (ഇഹ്‌യ)

## ദുശ്ശകുനം

വീട്ടിൽ അപലക്ഷണമുണ്ടാകാമെന്ന് ഹദീസിൽ വന്നിട്ടുണ്ട്. അബ്ദുല്ലാഹിബ്നു ഉമർ(റ) നിവേദനം. നബി(സ) പറഞ്ഞു: 'വീട്, കുതിര( വാഹനം), സ്ത്രീ ( ഭാര്യ) എന്നിവയിൽ ഭാഗ്യദോഷമുണ്ട്.' (മുസ്‌ലിം 4127) ഈ ഹദീസിന്റെ വ്യാഖ്യാനത്തിൽ ഇമാം നവവി(റ) പറയുന്നു: 'പണ്ഡിതന്മാർ ഈ ഹദീസിൽ വ്യത്യസ്ത വീക്ഷണക്കാരാണ്. ഇമാം മാലിക്(റ)വും ഒരു കൂട്ടം പണ്ഡിതന്മാരും ബാഹ്യാർത്ഥത്തിൽ ഈ ഹദീസിനെ വിലയിരുത്തുന്നവരാണ്. ചില വീട്ടിൽ താമസിക്കുന്നത് പ്രയാസത്തിനും നാശത്തിനും കാരണമായി അല്ലാഹു തീരുമാനിക്കാം. അതുപോലെ സ്ത്രീ, കുതിര, സേവകൻ എന്നിവരെ സ്വീകരിക്കുമ്പോഴും അല്ലാഹുവിന്റെ ഖളാഅ് പ്രകാരം നാശം സംഭവിക്കാം. ഈ മൂന്നെണ്ണത്തിൽ ഭാഗ്യദോഷം സംഭവിക്കാമെന്നാണ് ഹദീസിന്റെ അർത്ഥം. 'വല്ലതിലും ഭാഗ്യദോഷമുണ്ടെങ്കിൽ' എന്ന് മറ്റൊരു റിപ്പോർട്ടിൽ വ്യക്തമായി വന്നിട്ടുണ്ട്.

ഖത്താബി(റ)വും ഒരു സംഘം പണ്ഡിതന്മാരും പറയുന്നത് ഇങ്ങനെയാണ്: 'അപലക്ഷണം നോക്കാൻ പാടില്ലെന്ന നിയമത്തിൽ നിന്ന് ഇവ ഒഴിവാണ്. അതായത്, താമസിക്കാൻ വെറുക്കുന്ന വീടോ സഹവസിക്കാൻ പ്രയാസമുണ്ടാക്കുന്ന ഭാര്യയോ വാഹനമോ സേവകനോ ഉണ്ടായാലൊഴികെ അപലക്ഷണം നോക്കാൻ പാടില്ലെന്നർത്ഥം.' അപലക്ഷണമുള്ള ഭാര്യയെ വിവാഹമോചനത്തിലൂടെയും മറ്റുള്ളവയെ വില്പനയിലൂടെയും മറ്റും ഒഴിവാക്കണം.'

മറ്റുചില പണ്ഡിതന്മാർ പറഞ്ഞു: 'വീട്ടിലെ ഭാഗ്യദോഷം അതിന്റെ വിശാലതക്കുറവും അയൽവാസികളുടെ ദുസ്വഭാവവും അവരിൽ നിന്ന് നേരിടുന്ന ബുദ്ധിമുട്ടുമാണ്. ഭാര്യയുടെ ഭാഗ്യദോഷം പ്രസവിക്കാത്തവളാകലും മോശം സംസാരവും സംശയാസ്പദമായ കാര്യങ്ങളിൽ ഏർപ്പെടലുമാണ്. വാഹനത്തിലെ ഭാഗ്യദോഷം അതിൽ കയറി യുദ്ധം ചെയ്യാൻ കഴിയാതിരിക്കലും പെട്ടെന്ന് നിന്നുപോകലും വിലവർദ്ധനവുമണ്. സേവകന്റെ ഭാഗ്യദോഷം സ്വഭാവം മോശമാകലും ഏറ്റെടുത്ത കാര്യങ്ങൾ കൃത്യമായി പരിഗണിക്കാതിരിക്കലുമാണ്.' (ശറഹുമുസ്‌ലിം 7:382)

നബി(സ) വീടിന് സ്ഥാനം നോക്കുകയും അനുയോജ്യമായ സ്ഥലം സ്വഹാബികൾക്ക് കാണിച്ചുകൊടുക്കുകയും ചെയ്തതായ റിപ്പോർട്ടുണ്ട്. മദീനയിൽ സ്ഥലം അളന്നുകൊടുത്തപ്പോൾ ഉസ്മാനുബ്നു അഫ്ഫാൻ(റ)വിന് വീട് നിർമ്മിക്കാനുള്ള സ്ഥലം അവിടുന്ന് കാണിച്ചുകൊടുത്ത സംഭവം ഇബ്നു സഅദ് ത്വബഖാത്തിൽ ഉദ്ധരിച്ചിട്ടുണ്ട്.)

ചില സ്ഥലങ്ങൾ സാമ്പത്തികാഭിവൃദ്ധിയും സന്താനവർദ്ധനവും മനസ്സമാധാനവും സമ്മാനിക്കും. വീടിന്റെയും അവസ്ഥയും ഇങ്ങനെ തന്നെയാണ്. നബി(സ)

> അനസുബ്നു മാലിക്(റ) നിവേദനം. ഒരാൾ പറഞ്ഞു: 'അല്ലാഹുവിന്റെ റസൂലേ, ഞങ്ങൾ നേരത്തെ താമസിച്ചിരുന്ന വീട്ടിൽ അംഗസംഖ്യയിലും സമ്പത്തിലും വർദ്ധനവുണ്ടായിരുന്നു. പിന്നീട് മറ്റൊരു വീട്ടിലേക്ക് താമസം മാറിയപ്പോൾ ഞങ്ങളുടെ സമ്പത്തിലും അംഗസംഖ്യയിലും ഗണ്യമായ കുറവ് അനുഭവപ്പെടുന്നു.' അപ്പോൾ പ്രവാചകർ(സ) പ്രതിവചിച്ചു: 'ആക്ഷേപാർഹമായ ആ വീട് നിങ്ങൾ ഉപേക്ഷിക്കൂ.' (അബുദാവൂദ്:3423)



യുമായി ബന്ധപ്പെട്ട ചില സംഭവങ്ങൾ ഇതിലേക്കാണ് സൂചന നൽകുന്നത്.

അനസുബ്നു മാലിക്(റ) നിവേദനം. ഒരാൾ പറഞ്ഞു: 'അല്ലാഹുവിന്റെ റസൂലേ, ഞങ്ങൾ നേരത്തെ താമസിച്ചിരുന്ന വീട്ടിൽ അംഗസംഖ്യയിലും സമ്പത്തിലും വർദ്ധനവുണ്ടായിരുന്നു. പിന്നീട് മറ്റൊരു വീട്ടിലേക്ക് താമസം മാറിയപ്പോൾ ഞങ്ങളുടെ സമ്പത്തിലും അംഗസംഖ്യയിലും ഗണ്യമായ കുറവ് അനുഭവപ്പെടുന്നു.' അപ്പോൾ പ്രവാചകർ(സ) പ്രതിവചിച്ചു: 'ആക്ഷേപാർഹമായ ആ വീട് നിങ്ങൾ ഉപേക്ഷിക്കൂ.' (അബുദാവൂദ്:3423) എല്ലാ വീടും ഒരുപോലെയല്ലെന്നും ഐശ്വര്യവും സമൃദ്ധിയുമുണ്ടാവാൻ ചില വീടുകളും സ്ഥലങ്ങളും കാരണമാകുമെന്നും ഈ സംഭവത്തിൽ നിന്നു മനസ്സിലാക്കാം. ചില ഭൂമികളുടെയും അവസ്ഥ ഇങ്ങനെത്തന്നെയാണ്. മറ്റൊരു സംഭവം ഇങ്ങനെ വായിക്കാം. ഫർവതുബ്നു മുസൈക്(റ) പറഞ്ഞു: ഞാൻ നബി(സ)യോട് ചോദിച്ചു: 'അല്ലാഹുവിന്റെ റസൂലേ, ഞങ്ങൾക്കൊരു ഭൂമിയുണ്ട്. അബ്യൻ എന്നാണതിന്റെ പേര്. ഞങ്ങളുടെ കൃഷിയും ക്ഷേമവും ഉപജീവനമാർഗ്ഗവുമാണത്. എന്നാൽ, അതിൽ രോഗങ്ങൾ പടരുന്നുത് ഞങ്ങൾക്ക് പ്രയാസമുണ്ടാക്കുന്നു.' അപ്പോൾ നബി(സ) പറഞ്ഞു: 'അതിനെ നിങ്ങൾ ഉപേക്ഷിക്കൂ. അതിനോടടുത്താൽ നിങ്ങൾ നശിക്കും.' (അബുദാവൂദ് 3422)

ഈ ഹദീസ് വിശദീകരിച്ച് പണ്ഡിതന്മാർ എഴുതുന്നു: 'രോഗവുമായും പകർച്ചവ്യാധിയുമായും ബന്ധപ്പെടുന്നത് ശാരീരിക നാശത്തിന് കാരണമാകും. അതിനാൽ രോഗവും പകർച്ചവ്യാധിയുമുള്ള ഭൂമിയിൽ പ്രവേശിക്കുന്നത് അഭികാമ്യമല്ല.' ഖത്താബി(റ), ഇബ്നുൽഅസീർ(റ) പറഞ്ഞു: 'ഇത് വൈദ്യശാസ്ത്രവുമായി ബന്ധപ്പെട്ടതാണ്. അന്തരീക്ഷവും ചുറ്റുപാടും നല്ലതാവൽ ആരോഗ്യത്തെ സ്വാധീനിക്കുന്ന ഏറ്റവും വലിയ ഘടകമാണ്. മോശമായ അന്തരീക്ഷം പെട്ടെന്ന് രോഗമുണ്ടാക്കും. ഇത് വൈദ്യശാസ്ത്രം അംഗീകരിച്ചതാണ്. ഇതെല്ലാം അല്ലാഹുവിന്റെ ഉദ്ദേശ്യം കൊണ്ടും നിർദ്ദേശപ്രകാരവുമാണ്. എല്ലാ കാര്യങ്ങൾക്കും ശക്തി നൽകുന്നവനും തെറ്റുകളിൽ നിന്ന് തിരിച്ചുകളയുന്നവനും അല്ലാഹു മാത്രമാണ്.' (ഔനുൽമഅ്ബൂദ് 8/449)

ചരിത്രാഖ്യായിക/മൈമൂന (റ) - 12

മുഹമ്മദ് പാറന്നൂർ

# മദീനയിലേക്കുള്ള പാതയിൽ

അങ്ങനെ ഖാലിദ് മദീനയിലെത്തി. റസൂലുല്ലാഹിയുടെ തിരുമുമ്പിൽ ഹാജരായി. ഖാലിദ് മാത്രമല്ല, കൂടെ മറ്റു രണ്ടുപേർ കൂടിയുണ്ടായിരുന്നു; അംറുബ്നുആസ്വും ഉസ്മാനുബ്നുത്വൽഹയും. അവരും റസൂലുല്ലാഹിയുടെ കഠിനശത്രുക്കൾ തന്നെയായിരുന്നല്ലോ.

മൂന്നുപേരും കൂടി ഒന്നിച്ച് എങ്ങനെ തിരുമുമ്പിലെത്തി? അതും ഒരു കഥയാണ്. ആ കഥ ഖാലിദ് പിന്നീട് വിശദീകരിച്ചതിങ്ങനെയാണ്: അബൂസുഫ്യാനോടും ഇക്‌രിമയോടുമൊക്കെ ഇടഞ്ഞ ഖാലിദ് മദീനയിലേക്ക് പുറപ്പെടാനൊരുങ്ങി. പക്ഷേ, ഒറ്റയ്ക്ക് പുറപ്പെടാൻ ഒരു പ്രയാസം. പേടിയുണ്ടായിട്ടല്ല; എന്നാലും! നേരത്തെ ഇടഞ്ഞതാണെങ്കിലും ഇക്‌രിമയോട് ചെന്നുചോദിച്ചു: 'ഞാൻ മുസ്‌ലിമാവാൻ മദീനയിലേക്ക് പുറപ്പെടുകയാണ്. നീ വരുന്നോ കൂടെ?'

'ഞാനോ? ഞാൻ പറഞ്ഞില്ലേ, എന്നെ അതിന് കിട്ടില്ലെന്ന്? നിന്നെ തടയാനൊന്നും ഞാൻ വരുന്നില്ല. പോകുന്നെങ്കിൽ പൊയ്ക്കോളൂ.'

ഖാലിദ് നിരാശനായില്ല. പുറപ്പെടാനുള്ള തീരുമാനത്തിൽ നിന്നു പിന്മാറിയതുമില്ല. അടുത്ത കൂട്ടുകാരനായി മറ്റൊരാൾ കൂടിയുണ്ട്; സ്വഫ്‌വാൻ! റസൂലുല്ലാഹിയോടു തീർത്താൽ തീരാത്ത പകയുമായി നടക്കുന്നയാളാണ്. അദ്ദേഹത്തിന്റെ പിതാവും സഹോദരനും ബദ്റിൽ കൊല്ലപ്പെട്ടതാണ്. ആ നിലയ്ക്ക് മുസ്‌ലിംകളോടുള്ള പകയൊടുങ്ങുന്നതെങ്ങനെ? എന്നാലും ചോദിച്ചുനോക്കാം; മനുഷ്യനല്ലേ, മനസ്സുമാറാൻ എന്തെങ്കിലുമൊരു നിമിത്തമുണ്ടായാൽ മതിയല്ലോ. ഒരുപക്ഷേ, ആ നിമിത്തം തന്റെ ക്ഷണമായാലോ! ഖാലിദ് സ്വഫ്‌വാനെ ചെന്നു കണ്ടു പറഞ്ഞു:

'ചങ്ങാതീ, ഞാൻ മദീനയിലേക്കു പോവുകയാണ്; മുഹമ്മദിനോടൊപ്പം ചേരാൻ. നീ വരുന്നോ കൂടെ?'

സ്വഫ്‌വാൻ ചാടിയെണീറ്റ് ക്രുദ്ധമായൊന്നു നോക്കി മുരണ്ടു: 'ഞാനങ്ങോട്ടില്ല, ഒരിക്കലും! ഖുറൈശികളെല്ലാവരും മുഹമ്മദിനോടൊപ്പം പോയാലും ഞാൻ പോകുന്ന പ്രശ്നമേയില്ല.' സ്വഫ്‌വാൻ കൂടുതലൊന്നും പറയാൻ നിൽക്കാതെ തിരിഞ്ഞുനടന്നു. മദീനയിലേക്ക് ക്ഷണിച്ചത് ഖാലിദല്ല, മറ്റാരെങ്കിലുമായിരുന്നെങ്കിൽ അപ്പോൾ അവിടെ ഒരു സംഘട്ടനമുണ്ടായേനെ. അത്രയും ക്ഷുഭിതനായിരുന്നു സ്വഫ്‌വാൻ.

ഖാലിദ് നിരാശനായി. അടുത്ത കൂട്ടുകാരെ ആരെയും കിട്ടിയില്ലല്ലോ, ഇനി കാത്തുനിൽക്കുന്നതിൽ കാര്യമൊന്നുമില്ല. ഖാലിദ് ദൃഢമനസ്സോടെ അത്യാവശ്യത്തിനുള്ള യാത്രാസജ്ജീകരണങ്ങളുമായി ഒറ്റയ്ക്ക് വീട്ടിൽ നിന്നിറങ്ങി.

മനസ്സ് മദീനയിലാണ്; റസൂ



ലുല്ലാഹിയുടെ സന്നിധിയിലാണ്. അവിടെ ചെന്നാൽ എന്താണ് സംഭവിക്കുക? അവരെന്നെ സ്വീകരിക്കുമോ? അതോ തിരുസന്നിധിയിലെത്തുംമുമ്പ് ആരെങ്കിലും ചാടിവീണു പിടികൂടാനൊരുങ്ങുമോ? മുഹമ്മദിനെ അത്രയും സ്നേഹിക്കുന്ന അനുയായികളാണവർ. എന്തെങ്കിലും പ്രശ്നമുണ്ടാക്കാൻ വരുകയാണ് കൊടിയ ശത്രുവായ ഇയാൾ എന്നു കരുതി അവർ തടയാതിരിക്കാൻ സാധ്യതയില്ല.

ഇങ്ങനെ പലവിധ ചിന്തകളിൽ മുഴുകി കുറച്ചു ദൂരം പിന്നിട്ടപ്പോഴാണ് വഴിയിൽ ഉസ്മാനുബ്നു ത്വൽഹയെ കണ്ടത്. എന്തോ ആവശ്യത്തിന് പുറത്തിറങ്ങിയതാണ്. അടുത്ത സുഹൃത്താണെങ്കിലും എന്തെങ്കിലും ചോദിക്കാനോ പറയാനോ ഒരു സങ്കോചം. ഇവരാരും കൂടെ വരാൻ സാധ്യതയില്ല. ഇക്‌രിമയിൽ നിന്നും സ്വഫ്‌വാനിൽ നിന്നുമുണ്ടായ കൈപ്പുറ്റ അനുഭവം വീണ്ടും ആവർത്തിക്കേണ്ടതില്ലല്ലോ. വിശുദ്ധ കഅ്ബയുടെ താക്കോൽ സൂക്ഷിപ്പുകാരനായ ഉസ്മാനും



മുസ്‌ലിംകളിൽ നിന്നു മറക്കാൻ കഴിയാത്ത അനുഭവങ്ങളുണ്ടായിട്ടുണ്ട്. പിതാവും രണ്ടു പിതൃവ്യന്മാരും നാലു സഹോദരന്മാരും ബദ്റിൽ കൊല്ലപ്പെട്ടിട്ടുണ്ട്. ആ നിലക്ക് അദ്ദേഹം ഒരിക്കലും മുഹമ്മദിന്റെ കൂടെ ചേരാൻ തയ്യാറായെന്നു വരില്ല. അത്രയും പക മനസ്സിൽ കൊണ്ടുനടക്കുന്നയാളാണല്ലോ.

ഒരു പുഞ്ചിരി സമ്മാനിച്ചുകൊണ്ട് ഉസ്മാന്റെ വാഹനത്തിനു പിന്നാലെ തന്റെ വാഹനത്തെയും നയിച്ചു. അൽപദൂരം പിന്നിട്ടപ്പോൾ ഖാലിദ് ദൂരേക്ക് കണ്ണയച്ച് ആരോടെന്നില്ലാതെ ഉസ്മാൻ കേൾക്കും വിധം ഉറക്കെ പറഞ്ഞു: 'നമ്മുടെ ഇന്നത്തെ അവസ്ഥ അതികഷ്ടം തന്നെ! മഴ പെയ്യുമ്പോൾ കുറുക്കൻ മാളത്തിലേക്ക് വലിയുന്നു. മഴ തോർന്നാൽ വീണ്ടും പുറത്തിറങ്ങി ഭൂമിയിലൂടെ അലയുന്നു. ഇങ്ങനെയുള്ള കുറുക്കന്റെ അവസ്ഥയെക്കാൾ ഒട്ടും മെച്ചപ്പെട്ടതല്ലല്ലോ അത്.'

അതുകേട്ട് ഉസ്മാൻ തന്റെ വാഹനത്തെ പിടിച്ചുനിർത്തി ഖാലിദിന്റെ മുഖത്തേക്കൊന്ന് നോക്കി. അദ്ദേഹത്തിനു താൻ പറഞ്ഞ വാക്കുകളുടെ പൊരുൾ മനസ്സിലായിട്ടുണ്ടെന്നു വ്യക്തം. കണ്ണിറുക്കി ഗൗരവഭാവം പൂണ്ട് ഉസ്മാൻ മെല്ലെ പറഞ്ഞു: 'താങ്കൾ പറഞ്ഞത് വളരെ ശരിയാണ്.' തുടർന്നദ്ദേഹം ചോദിച്ചു: 'അല്ല, നാം കുറച്ചു നേരമായല്ലോ ഒന്നിച്ചു സഞ്ചരിക്കുന്നു. ഒന്നും സംസാരിക്കാതെ... ഒന്നു ചോദിക്കട്ടെ ഖാലിദ്, എങ്ങോട്ടാണിപ്പോൾ നിന്റെ പുറപ്പാട്?'

കാര്യം വെളിപ്പെടുത്തിയാൽ കുഴപ്പമൊന്നുമുണ്ടാവില്ലെന്ന് ബോധ്യമായപ്പോൾ ഖാലിദ് പറഞ്ഞു:

'ഞാൻ മദീനയിലേക്ക് പുറപ്പെട്ടതാണ്.'

'മദീനയിലേക്കോ? അപ്പോൾ നീ ശരിക്കും തീരുമാനിച്ചു കഴിഞ്ഞോ?'

'അതേ. ഞാൻ മുഹമ്മദിനോടൊപ്പം ചേരാൻ പോവുകയാണ്.' അതു കേട്ട് ഉസ്മാൻ മൗനിയായി എന്തോ ചിന്തയിൽ മുഴുകി നിന്നു. ഖാലിദ് ചോദിച്ചു: 'ഉസ്

**ഒരു പുഞ്ചിരി സമ്മാനിച്ചുകൊണ്ട് ഉസ്മാന്റെ വാഹനത്തിനു പിന്നാലെ തന്റെ വാഹനത്തെയും നയിച്ചു. അൽപദൂരം പിന്നിട്ടപ്പോൾ ഖാലിദ് ദൂരേക്ക് കണ്ണയച്ച് ആരോടെന്നില്ലാതെ ഉസ്മാൻ കേൾക്കും വിധം ഉറക്കെ പറഞ്ഞു: 'നമ്മുടെ ഇന്നത്തെ അവസ്ഥ അതികഷ്ടം തന്നെ! മഴ പെയ്യുമ്പോൾ കുറുക്കൻ മാളത്തിലേക്ക് വലിയുന്നു. മഴ തോർന്നാൽ വീണ്ടും പുറത്തിറങ്ങി ഭൂമിയിലൂടെ അലയുന്നു. ഇങ്ങനെയുള്ള കുറുക്കന്റെ അവസ്ഥയെക്കാൾ ഒട്ടും മെച്ചപ്പെട്ടതല്ലല്ലോ അത്.' അതുകേട്ട് ഉസ്മാൻ തന്റെ വാഹനത്തെ പിടിച്ചുനിർത്തി ഖാലിദിന്റെ മുഖത്തേക്കൊന്ന് നോക്കി.**



'സുഹൃത്തേ, കൂടുതൽ ആലോചിക്കാനൊന്നുമില്ല. ഇന്നല്ലെങ്കിൽ നാളെ മക്കക്കാരെല്ലാം മദീനയിലേക്ക് പുറപ്പെടേണ്ടിവരും. നിന്റെ മനസ്സിലുമുണ്ടല്ലോ മുഹമ്മദിന്റെ മതമാണ് ശരിയായ മതം എന്ന വിചാരം. അതുകൊണ്ട് നമ്മുടെ മാറ്റം ഇത്തിരി നേരത്തെയായാൽ അതല്ലേ നല്ലത്? ഗതികെട്ട് അങ്ങോട്ടു പോകുന്നതിനെക്കാൾ ഉത്തമം നിശ്ചയദാർഢ്യത്തോടെ അവിടെ ചെന്നെത്തുന്നതല്ലേ?'

മാൻ, നീയും വരുന്നോ എന്റെ കൂടെ? നമുക്കൊന്നിച്ച് യാത്ര ചെയ്യാം.'

'അത്... അത്... അത്... ഇപ്പോൾ...' ഉസ്മാൻ ഒരു തീരുമാനത്തിലെത്താൻ കഴിയാതെ ആശയക്കുഴപ്പത്തിലായി നിൽക്കുന്നതുകണ്ട് ഖാലിദ് പറഞ്ഞു:

'സുഹൃത്തേ, കൂടുതൽ ആലോചിക്കാനൊന്നുമില്ല. ഇന്നല്ലെങ്കിൽ നാളെ മക്കക്കാരെല്ലാം മദീനയിലേക്ക് പുറപ്പെടേണ്ടിവരും. നിന്റെ മനസ്സിലുമുണ്ടല്ലോ മുഹമ്മദിന്റെ മതമാണ് ശരിയായ മതം എന്ന വിചാരം. അതുകൊണ്ട് നമ്മുടെ മാറ്റം ഇത്തിരി നേരത്തെയായാൽ അതല്ലേ നല്ലത്? ഗതികെട്ട് അങ്ങോട്ടു പോകുന്നതിനെക്കാൾ ഉത്തമം നിശ്ചയദാർഢ്യത്തോടെ അവിടെ ചെന്നെത്തുന്നതല്ലേ?'

ഉസ്മാൻ വീണ്ടും ചിന്തയിലാണ്ട് അൽപനേരം കഴിഞ്ഞ് പറഞ്ഞു: 'എന്നാൽ, അങ്ങനെ! ഞാനും കൂടെ വരാം. യാത്രാസജ്ജീകരണങ്ങളെന്തെങ്കിലും വേണമല്ലോ അതിന്...?'

'താങ്കൾ വീട്ടിൽ പോയി ഒരുങ്ങി വന്നോളൂ. ഞാൻ അതുവരെ കാത്തിരിക്കാം.' ഖാലിദ് സന്തോഷത്തോടെ, അതിലേറെ ആശ്വാസത്തോടെ പറഞ്ഞു.

ഉസ്മാൻ തന്റെ വാഹനത്തെ മക്കയിലേക്കു തിരിച്ച് അതിവേഗം സഞ്ചരിച്ചു. അടുത്ത പ്രഭാതത്തിലാണ് പിന്നെ ഇരുവരും യാത്ര പുറപ്പെട്ടത്; വർത്തമാനങ്ങൾ പറഞ്ഞ്, ഗതകാല കഥകൾ അയവിറക്കി, ആശകളും ആശങ്കകളും പങ്കിട്ട് അവർ സഞ്ചാരം തുടർന്നു. മദീനയിലേക്കുള്ള തീരദേശപാതയിൽ ഹദാഫ് എന്ന സ്ഥലത്തെത്തിയപ്പോൾ അവർക്കൊരു കൂട്ടുകാരനെ കണ്ടെത്തി. ആരാണെന്നല്ലേ, റസൂലുല്ലാഹിയുടെ കഠിനശത്രുക്കളിൽ ഒരാളായിരുന്ന അംറുബ്നുൽആസ്! യാത്രാസജ്ജീകരണങ്ങളുമായി ഒട്ടകപ്പുറത്താണ് അംറ്. ദീർഘകാലം സഞ്ചരിച്ച മട്ടുണ്ട് കണ്ടിട്ട്. മക്കയിൽ നിന്നു പുറപ്പെട്ടതല്ലെന്ന് വ്യക്തം. അംറും മദീനയിലേക്കാണോ? ഉസ്മാനും ഖാലിദും ഒന്നമ്പരന്നു.

*(തുടരും)*



ലൈഫ്സ്റ്റൈൽ

സൈനുദ്ദീൻ ശാമിൽ ഇർഫാനി

# സന്താനപരിപാലനം ഇസ്‌ലാമിക പരിപ്രേക്ഷ്യം

സമൂഹത്തിന്റെ അവിഭാജ്യഘടകമാണ് കുട്ടികൾ. രാഷ്ട്രശാക്തീകരണത്തിനാവശ്യമായ മാനവവിഭവശേഷിയുടെ അടിസ്ഥാനഘടകമാണവർ. ഇന്ന് രാജ്യത്തെ വലിയൊരു വിഭാഗം കുട്ടികളും തങ്ങൾക്കു നേരെയുണ്ടാകുന്ന അതിക്രമങ്ങളെ ഓർത്ത് ആശങ്കയിലാണെന്നാണ് യൂനിസെഫ് റിപ്പോർട്ട് സാക്ഷ്യപ്പെടുത്തുന്നത്. പിഞ്ചുമക്കൾക്കു നേരെയുള്ള ക്രൂരമായ ആക്രമണങ്ങൾ ദിനംപ്രതി റിപ്പോർട്ട് ചെയ്യപ്പെടുന്ന സാഹചര്യമാണ് നിലവിൽ നമ്മുടെ നാട്ടിലുമുള്ളത്.

## മക്കൾ ഹൃദയപ്പൂക്കൾ

മക്കളെ സൗഭാഗ്യമായും അനുഗ്രഹമായും കാണുന്നിടത്താണ് വിശ്വാസികൾ വിജയിക്കുന്നത്. സന്താനങ്ങൾ സ്രഷ്ടാവിന്റെ അനുഗ്രഹമാണെന്ന് ഖുർആൻ പലയിടങ്ങളിൽ വ്യക്തമാക്കിയിട്ടുണ്ട്. അതുകൊണ്ടാണ് മനുഷ്യരിൽ അത്യുത്തമരായ പ്രവാചകന്മാർ പോലും സന്താനമില്ലാത്തതിന്റെ പേരിൽ ഖേദിക്കുകയും സന്താനസൗഭാഗ്യത്തിനുവേണ്ടി അല്ലാഹുവിനോട് മനമുരുകി പ്രാർത്ഥിക്കുകയും ചെയ്തത്.

പ്രപഞ്ചനാഥൻ മനുഷ്യനിൽ നിക്ഷിപ്തമാക്കിയ ജൈവികമായ ഉത്തരവാദിത്തത്തിന്റെ നിർവഹണമാണ് സന്താനലബ്ധിയിലൂടെ സാധ്യമാകുന്നത്. പ്രസ്തുത ഉത്തരവാദിത്തത്തെ മനോഹരമായി കൈകാര്യം ചെയ്യുമ്പോഴാണ് നാം സന്താനശിക്ഷണത്തിൽ വിജയിക്കുന്നത്. അഹ്നഫുബ്നു ഖൈസ്(റ) പറയുന്നു: 'മക്കൾ നമ്മുടെ ഹൃദയഫലങ്ങളാണ്. നമ്മുടെ മുതുകിന്റെ താങ്ങാണവർ. അവർക്കുവേണ്ടി നാം വിധേയപ്പെടുന്ന ഭൂമി പോലെയും തണൽ നൽകുന്ന ആകാശം പോലെയും നിലകൊള്ളണം.' (ഇഹ്‌യാഉലൂമിദ്ദീൻ)

നല്ലപരിചരണവും നിരന്തരശ്രദ്ധയും സന്താനപരിപാലനത്തിലുണ്ടെങ്കിൽ മാത്രമാണ് മക്കൾ നമ്മുടെ സ്വപ്നത്തിനനുസരിച്ച് ഉയരുകയുള്ളൂ. ഇമാം ഗസ്സാലി(റ) പറയുന്നു: 'കുട്ടികൾ മാതാപിതാക്കളിലേൽപ്പിക്കപ്പെട്ട സൂക്ഷിപ്പുസ്വത്താണ്. അവരുടെ മനസ്സ് പരിശുദ്ധവുമാണ്. നന്മ പരിശീലിപ്പിച്ചാൽ അവർ നല്ലവരായി വളരുകയും ലോകത്ത് വിജയം കൈവരിക്കുകയും ചെയ്യും. ശ്രദ്ധിക്കാതെ വിടുന്ന പക്ഷം അവർ മൃഗതുല്യരായി വളരും.' (ഇഹ്‌യാഉലൂമിദ്ദീൻ)

## പെൺമക്കൾ സുഗന്ധപുഷ്പങ്ങൾ

ജാഹിലിയ്യകാലത്ത് അറബികൾക്ക് പെൺമക്കളോട് വെറുപ്പായിരുന്നു. ഇസ്‌ലാമിന്റെ ആഗമനമാണ് അവർക്ക് അന്തസ്സ് നേടിക്കൊടുത്തത്. ജീവിക്കാൻ പോലും അവകാശമില്ലാതിരുന്ന അവർക്ക് സർവ്വ അവകാശങ്ങളും വകവച്ചു കൊടുത്തത് ഇസ്‌ലാമാണ്. തിരുനബി(സ) പറയുന്നു:

പെൺമക്കൾ വീടിനും വീട്ടുകാർക്കും അനുഗ്രഹമാണ്. 'ഒരു വീട്ടിൽ പെൺകുഞ്ഞ് ജനിച്ചാൽ അല്ലാഹു ആ വീട്ടിലേക്ക് മലക്കുകളെ പറഞ്ഞയക്കും. അവർ ചിറകുകൾ കൊണ്ടവൾക്ക് സംരക്ഷണം നൽകുകയും തലയിൽ തലോടുകയും ചെയ്യും' എന്ന് ഹദീസിലുണ്ട്. പെൺമക്കളോട് കരുണ കാണിക്കുന്നതും അവരുടെ നന്മയ്ക്കു വേണ്ടി പ്രവർത്തിക്കുന്നതും നരകമോചനത്തിനുള്ള മാർഗമായാണ് തിരുനബി(സ) പരിചയപ്പെടുത്തിയത്.



'വല്ലവനും രണ്ടു പെൺമക്കളെ പ്രായപൂർത്തിയാകുന്നതുവരെ വളർത്തിയാൽ ഞാനും അവനും ഖിയാമത്ത് നാളിൽ ഇപ്രകാരം (വിരലുകൾ ചേർത്തുപിടിച്ചു കാണിച്ചുകൊണ്ട്) വരുന്നതാണ്.' (മുസ്‌ലിം: 2631, തുർമുദി: 1917)

പെൺമക്കൾ വീടിനും വീട്ടുകാർക്കും അനുഗ്രഹമാണ്. 'ഒരു വീട്ടിൽ പെൺകുഞ്ഞ് ജനിച്ചാൽ അല്ലാഹു ആ വീട്ടിലേക്ക് മലക്കുകളെ പറഞ്ഞയക്കും. അവർ ചിറകുകൾ കൊണ്ടവൾക്ക് സംരക്ഷണം നൽകുകയും തലയിൽ തലോടുകയും ചെയ്യും' എന്ന് ഹദീസിലുണ്ട്. പെൺമക്കളോട് കരുണ കാണിക്കുന്നതും അവരുടെ നന്മയ്ക്കു വേണ്ടി പ്രവർത്തിക്കുന്നതും നരകമോചനത്തിനുള്ള മാർഗമായാണ് തിരുനബി(സ) പരിചയപ്പെടുത്തിയത്. ആഇശ(റ) പറയുന്നു: 'ഒരു ദിവസം എന്റെയടുത്ത് ഒരു യാചകസ്ത്രീ വന്നു. രണ്ടു പെൺമക്കൾ അവരുടെ കൂടെയുണ്ടായിരുന്നു. എന്റെ കൈവശം ഒരു കാരക്ക മാത്രമേ അപ്പോൾ ഉണ്ടായിരുന്നുള്ളൂ. ഞാനത് ആ സ്ത്രീക്ക് നൽകി. അവർ അതു രണ്ടു കഷ്ണമാക്കി രണ്ടു പെൺമക്കൾക്കും നൽകി. ആ സ്ത്രീ അതിൽനിന്ന് അല്പം പോലും കഴിച്ചില്ല. അവർ തിരിച്ചുപോയതിനുശേഷമാണ് തിരുനബി(സ) വീട്ടിലേക്കു വന്നത്. ഈ സംഭവം ഞാൻ മുത്തുനബി(സ)യോട് പറഞ്ഞു. അപ്പോൾ അവിടുന്ന് പറഞ്ഞു: 'ആരെങ്കിലും പെൺകുട്ടികൾ കാരണം പരീക്ഷിക്കപ്പെടുകയും പെൺമക്കളോട് നല്ല രീതിയിൽ പെരുമാറുകയും ചെയ്താൽ അവർക്കത് നരകത്തിൽ നിന്നുള്ള സംരക്ഷണകവചമായി മാറും.' (രിയാളുസ്സ്വാലിഹീൻ: 298) മറ്റൊരു ഹദീസിൽ ഇങ്ങനെ കാണാം: 'ആർക്കെങ്കിലും മൂന്ന് പെൺമക്കളുണ്ടാവുകയും അതുകാരണം ബുദ്ധിമുട്ടുകയും എല്ലാം സഹിച്ച് അവർക്ക് ഭക്ഷണപാനീയങ്ങൾ നൽകുകയും വസ്ത്രങ്ങളണിയിക്കുകയും ചെയ്താൽ ആ പെൺകുട്ടികൾ നരകത്തിൽ നിന്ന് അയാൾക്കൊരു സംരക്ഷണമായി നിൽക്കുന്നതാണ്.' (ഇബ്നുമാജ: 3629 )

പെൺമക്കളെ സംരക്ഷിക്കുന്നത് സ്വർഗ്ഗപ്രവേശനത്തിനുള്ള മുഖ്യഹേതുവാണ്. തിരുനബി(സ) പറയുന്നു: 'ആർക്കെങ്കിലും ഒരു പെൺകുട്ടി ജനിച്ചിട്ട് അവളെ കുഴിച്ചുമൂടുകയോ അവഗണിക്കുകയോ ചെയ്യാതെയും അവളെക്കാൾ സ്ഥാനം ആൺകുട്ടിക്ക് നൽകാതെയുമിരുന്നാൽ അല്ലാഹു അവരെ സ്വർഗ്ഗത്തിൽ പ്രവേശിപ്പിക്കുന്നതാണ്.' (അബുദാവൂദ്: 5146)

ഒരിക്കൽ തിരുനബി(സ) സ്വഹാബികളോട് പറഞ്ഞു: 'ആർക്കെങ്കിലും മൂന്ന് പെൺമക്കളുണ്ടാവുകയും അവരെ നല്ല

**എട്ടു വയസ്സുള്ള മകളെ ഭിക്ഷാടകർക്കു കൈമാറിയ നാല്പത്തിരണ്ടുകാരിയായ ഉമ്മയും പ്രായപൂർത്തിയാകാത്ത മകളെ വേശ്യാവൃത്തിക്കു വേണ്ടി നിർബന്ധിച്ചു പറഞ്ഞുവിട്ട മാതാവും കേരളത്തിന്റെ മനസ്സാക്ഷിയെ നടുക്കിയ സംഭവങ്ങളാണ്. ഒമ്പതു മാസം പ്രായമുള്ള കുഞ്ഞിനെ ശ്വാസം മുട്ടിച്ചു കൊന്ന പിതാവും ആൺസുഹൃത്തിനൊപ്പം സ്വൈരമായി ജീവിക്കാൻ പിഞ്ചുപൈതങ്ങളെ കൊന്നൊടുക്കിയ മാതാവുമെല്ലാം പ്രബുദ്ധകേരളത്തിലെ വാർത്തകളിലുണ്ട്.**

നിലയിൽ സംരക്ഷിച്ചുവളർത്തുകയും ചെയ്താൽ അവർ സ്വർഗ്ഗത്തിൽ പ്രവേശിക്കുന്നതാണ്.' അപ്പോൾ സ്വഹാബികൾ ചോദിച്ചു: 'രണ്ടു പെൺമക്കളാണെങ്കിലോ?'

'രണ്ടു പെൺമക്കളാണെങ്കിലും സ്വർഗ്ഗം ലഭിക്കും.' അവിടുന്ന് മറുപടി പറഞ്ഞു.

'ഒരു മകൾ മാത്രമാണെങ്കിലോ?' അടുത്ത ചോദ്യം

'ഒരാളാണെങ്കിലും അവർക്ക് സ്വർഗ്ഗപ്രവേശനം ലഭിക്കുന്നതാണ്.' (സ്വഹീഹ് മുസ്ലിം)

## ചിതലരിക്കുന്ന മാതൃസ്നേഹം

മാതൃസ്നേഹം കിട്ടാക്കനിയാകുന്ന കാലമായി നവലോകം മാറിയിട്ടുണ്ട്. എട്ടു വയസ്സുള്ള മകളെ ഭിക്ഷാടകർക്കു കൈമാറിയ നാല്പത്തിരണ്ടുകാരിയായ ഉമ്മയും പ്രായപൂർത്തിയാകാത്ത മകളെ വേശ്യാവൃത്തിക്കു വേണ്ടി നിർബന്ധിച്ചു പറഞ്ഞുവിട്ട മാതാവും കേരളത്തിന്റെ മനസ്സാക്ഷിയെ നടുക്കിയ സംഭവങ്ങളാണ്. പിഞ്ചുകുഞ്ഞിനെ ബക്കറ്റിലെ വെള്ളത്തിൽ മുക്കിക്കൊന്ന മാതാവും എട്ടുമാസം പ്രായമുള്ള കുഞ്ഞിനെ കഴുത്തെറുത്തു കൊന്ന മാതാവും ഒമ്പതു മാസം പ്രായമുള്ള കുഞ്ഞിനെ ശ്വാസം മുട്ടിച്ചു കൊന്ന പിതാവും ആൺസുഹൃത്തിനൊപ്പം സ്വൈരമായി ജീവിക്കാൻ പിഞ്ചുപൈതങ്ങളെ കൊന്നൊടുക്കുന്നവരുമെല്ലാം പ്രബുദ്ധകേരളത്തിലെ നിരന്തര വാർത്തകളാണ്. ട്രെയിനുകളിൽ കുഞ്ഞുങ്ങളെ ഉപേക്ഷിച്ചു കടന്നുകളയുന്നവരും റെയിൽവേ സ്റ്റേഷനു സമീപമുള്ള കുറ്റിക്കാടുകളിൽ പിഞ്ചുകുഞ്ഞുങ്ങളെ ഉപേക്ഷിച്ച് രക്ഷപ്പെടുന്നവരും നൊന്തുപെറ്റ പൊന്നുപൈതലിനെ അമ്മത്തൊട്ടിലിൽ നിക്ഷേപിച്ച് മുങ്ങുന്നവരുമെല്ലാം നിരന്തരം വാർത്തകളിൽ ഇടം പിടിക്കുന്ന സാഹചര്യമാണിന്നുള്ളത്.

## മാതാപിതാക്കൾ ചെയ്യേണ്ടത്

അല്ലാഹു നൽകിയ മക്കളെന്ന അനുഗ്രഹത്തെ ഉത്തരവാദിത്ത ബോധത്തോടെ സംരക്ഷിക്കുന്ന ചുമതലയാണ് മാതാപിതാക്കൾക്കുള്ളത്. സന്താനശിക്ഷണത്തിലെ പരാജയം മനുഷ്യന്റെ ഐഹികവും പാരത്രികവുമായ നഷ്ടങ്ങൾക്ക് ഹേതുവാണ്. 'സമ്പത്തും സന്താനങ്ങളും ഐഹികാലങ്കാരങ്ങളാണ്, എന്നെന്നും നിലനിൽക്കുന്ന സുകൃതങ്ങളാണ് പ്രതിഫലം ലഭിക്കുന്നതിൽ നിങ്ങളുടെ നാഥന്റെയടുത്ത് ഏറ്റവും ഉത്തമമായത്' എന്ന ഖുർആനികാധ്യാപനം (അൽകഹ്ഫ്: 46) സന്താനങ്ങളുടെ കാര്യം ശ്രദ്ധയോടെ കൈകാര്യം ചെയ്യണമെന്ന ശക്തമായ നിർദ്ദേശമാണ് നമുക്ക് നൽകുന്നത്.

മക്കൾക്ക് മൂല്യവിചാരം പകർന്നു നൽകലും അത്തരം കാര്യങ്ങൾ പരിശീലിപ്പിക്കലും കുഞ്ഞുങ്ങളുടെ ഹൃദയങ്ങളിൽ അവ സന്നിവേശിപ്പിക്കലും രക്ഷിതാക്കളുടെ ബാധ്യതകളിൽ പെട്ടതാണ്. ഇമാം നവവി(റ) രേഖപ്പെടുത്തുന്നു: 'പ്രായപൂർത്തിയായതിനു ശേഷമുള്ള ജീവിതത്തിന് സഹായകമാകുന്ന കാര്യങ്ങൾ ചെറുപ്രായത്തിൽ തന്നെ കുഞ്ഞുങ്ങളെ പഠിപ്പിക്കൽ രക്ഷിതാക്കളുടെ ബാധ്യതയാണ്. ശുദ്ധി, നിസ്കാരം, നോമ്പ് തുടങ്ങിയ കാര്യങ്ങൾ പഠിപ്പിക്കുകയും വ്യഭിചാരം, സ്വവർഗ്ഗഭോഗം, മോഷണം, ലഹരിഉപയോഗം, കളവുപറയൽ തുടങ്ങിയവ നിഷിദ്ധമാണെന്ന് മക്കൾക്ക് ബോധ്യപ്പെടുത്തുകയും വേണം. പ്രായപൂർത്തിയാകുന്നതോടെ ശരീഅത്ത് നിയമങ്ങൾ അനുസരിക്കാൻ ബാധ്യസ്ഥരാണെന്ന് കുട്ടിയെ ബോധ്യപ്പെടുത്തണം. 'സത്യവിശ്വാസികളേ, നിങ്ങൾ സ്വശരീരത്തെയും കുടുംബത്തെയും നരകത്തിൽ നിന്ന് സംരക്ഷിക്കണം' എന്ന ഖുർആനിന്റെ കൽപ്പനയാണ് കുട്ടികൾക്ക് ഇത്തരം കാര്യങ്ങൾ പഠിപ്പിക്കണമെന്നതിന്റെ തെളിവ്. (ശർഹുൽ മുഹദ്ദബ്)

## മതം നിർദ്ദേശിക്കുന്നത്

സന്തുഷ്ടദാമ്പത്യത്തിനും സംതൃപ്ത സന്താനലബ്ധിക്കും വേണ്ടി ഇസ്ലാം നിഷ്കർഷിച്ച മാർഗ്ഗങ്ങളെല്ലാം പൂർണ്ണമായും തിരസ്കരിച്ചു കൊണ്ടാണ് പുതിയ തലമുറ വളർന്നുവരുന്നത്. മതം പറഞ്ഞ നിർദ്ദേശങ്ങൾ അക്ഷരംപ്രതി പാലിക്കുന്നവർക്ക് സന്താനശിക്ഷണവുമായി ബന്ധപ്പെട്ട പ്രതിസന്ധികളുണ്ടാവില്ലെന്നതാണ് സത്യം. പ്രാർത്ഥനയും പ്രവർത്തനവും ഒരുപോലെ മേളിച്ചതാണ് ഇസ്ലാമിലെ സന്താന പരിപാലന കല. 'ഭാര്യമാരിലും സന്താനങ്ങളിലും ഞങ്ങൾക്ക് നീ കൺകുളിർമ്മ പ്രദാനം ചെയ്യുകയും ഞങ്ങളെ നീ ഭക്തരായവർക്ക് മാതൃകയാക്കുകയും ചെയ്യേണമേ' എന്നാശയം വരുന്ന സൂറത്തുൽഫുർഖാനിലെ എഴുപത്തിനാലാം സൂക്തം പതിവായി പ്രാർത്ഥനയിലുൾപ്പെടുത്തണമെ

ഹദീസുകളിൽ കാണാവുന്നതാണ്. പ്രസവിച്ച ഉടനെ നടത്തേണ്ട ബാങ്കുവിളി, മധുരം നൽകൽ പോലെയുള്ള കാര്യങ്ങളും പ്രാവർത്തികമാക്കണം.

മക്കളുടെ പ്രഥമവിദ്യാലയം ഉമ്മയുടെ മടിത്തട്ടാണെന്ന ബോധമാണ് സഹോദരിമാർക്ക് ആദ്യം വേണ്ടത്. ആ വിദ്യാലയത്തിൽ നിന്ന് ലഭിക്കുന്ന പാഠങ്ങളാണ് കുഞ്ഞിന്റെ ജീവിതാന്ത്യം വരെയുണ്ടാവുക. ധാർമ്മികമൂല്യങ്ങൾ പകർന്നും ഗുണപാഠകഥകൾ പറഞ്ഞുകൊടുത്തും സ്നേഹമസൃണമായ പെരുമാറ്റം കാഴ്ചവെച്ചുമാണ് മാതാക്കൾ കുഞ്ഞുങ്ങളെ വളർത്തിയെടുക്കേണ്ടത്.

മുത്തുനബി(സ)യുടെ മാതാവ്, ആമിന(റ) വഫാത്തിന്റെ സമയമടുത്തപ്പോൾ പൊന്നുമോനെ അടുത്തുവിളിച്ച് 'എന്റെ മോൻ ലോകത്തിനു മുഴുവൻ അനുഗ്രഹമാണ്' എന്ന സുവിശേഷം നൽകി സമാശ്വാസവചനങ്ങൾ പറഞ്ഞിരുന്നു. അതുകൊണ്ടു തന്നെയാണ് ആറാം വയസ്സിൽ മാതാവ് മരണപ്പെട്ടിട്ടും വാത്സല്യനിധിയായ മാതാവിനെക്കുറിച്ചുള്ള ഓർമ്മകൾ ഇടയ്ക്കിടെ മുത്ത്നബി(സ) അയവിറക്കി

**മുത്തുനബി(സ)യുടെ മാതാവ്, ആമിന(റ) വഫാത്തിന്റെ സമയമടുത്തപ്പോൾ പൊന്നുമോനെ അടുത്തുവിളിച്ച് 'എന്റെ മോൻ ലോകത്തിനു മുഴുവൻ അനുഗ്രഹമാണ്' എന്ന സുവിശേഷം നൽകി സമാശ്വാസവചനങ്ങൾ പറഞ്ഞിരുന്നു. അതുകൊണ്ടു തന്നെയാണ് ആറാം വയസ്സിൽ മാതാവ് മരണപ്പെട്ടിട്ടും വാത്സല്യനിധിയായ മാതാവിനെക്കുറിച്ചുള്ള ഓർമ്മകൾ ഇടയ്ക്കിടെ മുത്ത്നബി(സ) അയവിറക്കിക്കൊണ്ടിരുന്നത്.**



ന്ന് ഇസ്‌ലാം നമ്മെ പഠിപ്പിക്കുന്നുണ്ട്.

നികാഹിനു ശേഷം ഭാര്യയെ ആദ്യമായി കാണുമ്പോൾ അവളുടെ തലയുടെ മുൻഭാഗത്ത് കൈവെച്ച് 'നമ്മിൽ രണ്ടു പേർക്കും അവരവരുടെ ഇണകളിൽ അല്ലാഹു ബറകത്ത് നൽകട്ടെ' എന്ന് ദുആ ചെയ്യലും സുന്നത്താണ്. ശാരീരികബന്ധത്തിലേർപ്പെടുന്നതിനു മുമ്പ് 'അല്ലാഹുവേ, ഞങ്ങളെയും ഞങ്ങൾക്കു നൽകുന്ന മക്കളെയും പിശാചിൽ നിന്ന് അകറ്റേണമേ' എന്ന ദുആ ഇരുവരും ചൊല്ലണമെന്നും സ്ഖലന സമയം ഈ ദിക്റിന്റെ ആശയം മനസ്സിൽ കൊണ്ടുവരണമെന്നും അത് കുഞ്ഞിന്റെ നന്മയിൽ വലിയ സ്വാധീനം ചെലുത്തുമെന്നും പണ്ഡിതന്മാർ രേഖപ്പെടുത്തിയിട്ടുണ്ട്. (തുഹ്ഫ 7/216) ഈ ദിക്റ് പതിവാക്കിയ ദമ്പതികൾക്കു ജനിക്കുന്ന കുഞ്ഞിന് പൈശാചികശല്യമുണ്ടാവില്ലെന്ന്

വ്, ആമിന(റ) വഫാത്തിന്റെ സമയമടുത്തപ്പോൾ പൊന്നുമോനെ അടുത്തുവിളിച്ച് 'എന്റെ മോൻ ലോകത്തിനു മുഴുവൻ അനുഗ്രഹമാണ്' എന്ന സുവിശേഷം നൽകി സമാശ്വാസവചനങ്ങൾ പറഞ്ഞിരുന്നു. അതുകൊണ്ടു തന്നെയാണ് ആറാം വയസ്സിൽ മാതാവ് മരണപ്പെട്ടിട്ടും വാത്സല്യനിധിയായ മാതാവിനെക്കുറിച്ചുള്ള ഓർമ്മകൾ ഇടയ്ക്കിടെ മുത്ത്നബി(സ) അയവിറക്കി

ക്കൊണ്ടിരുന്നത്. മാതാവിനൊപ്പം വന്നിറങ്ങിയ സ്ഥലവും മറ്റു മാതൃസ്മരണകളും നബി(സ) അനുയായികളോട് പറയാറുണ്ടായിരുന്നു. മാതാവിന്റെ ഖബറിന്നരികിൽ ചെന്നിരുന്ന് നബി(സ) വിങ്ങിപ്പൊട്ടിക്കരഞ്ഞ സംഭവം സ്വഹാബികൾ വിവരിച്ചിട്ടുമുണ്ട്.

ഔലിയാക്കളുടെ നേതാവായ ശൈഖ് ജീലാനി(റ)യെ മാതാവ് എത്രത്തോളം സൂക്ഷ്മതയോടെയാണ് വളർത്തിയിരുന്നതെന്ന വസ്തുത ഏറെ സുവിദിതമാണല്ലോ. ഉമ്മ മകനെ കളവു പറയരുതെന്ന നിർദ്ദേശത്തോടെ പഠനത്തിനയയ്ക്കുമ്പോൾ നൽകിയ വെള്ളിനാണയങ്ങൾ കൊള്ളക്കാർക്ക് എടുത്തുകൊടുക്കാൻ തുനിഞ്ഞ സംഭവം ഏറെ പ്രസിദ്ധമാണ്. ശൈഖവർകളുടെ സത്യസന്ധത ആ കൊള്ളസംഘത്തെപ്പോലും സന്മാർഗത്തിന്റെ പാതയിലെത്തിക്കാൻ സഹായകമായെന്നത് മാതാവിന്റെ സൂക്ഷ്മതയോടെയുള്ള സന്താനപരിപാലനത്തിന്റെ മാധുര്യമൂറുന്ന അനുഭവം തന്നെയാണ്.

കർമ്മശാസ്ത്ര വിശാരദനായിരുന്ന ഇമാം ശാഫിഈ(റ)വിന് മാതാവാണ് സർവ്വ പ്രോത്സാഹനവും പിന്തുണയും നൽകിയിരുന്നത്. പഠനാവശ്യാർത്ഥം മഹാനവർകളെ മക്കയിലേക്കും മദീനയിലേക്കും ബഗ്ദാദിലേക്കുമെല്ലാം പറഞ്ഞയച്ചും ആവശ്യമായ നിർദ്ദേശങ്ങൾ നൽകിയും സാഹചര്യാനുസൃതമായി ഉപദേശിച്ചും സന്താനപരിപാലനത്തിന്റെ ഉത്തമമാതൃകയാണവർ കാണിച്ചു തന്നത്.

ഇമാമുൽ ഹറമൈനി(റ)യുടെ ചരിത്രം പ്രസിദ്ധമാണ്: മുലകുടി പ്രായത്തിൽ ഒരു ദിവസം മാതാവ് പുറത്തുപോയപ്പോൾ പാലിനു വേണ്ടി കുട്ടി കരഞ്ഞു. അയൽവാസിയായ സ്ത്രീ കുഞ്ഞിന് മുല കൊടുത്ത് സമാധാനിപ്പിച്ചു. ഇതുകണ്ട പിതാവ് ഇമാം ജുവൈനി കുട്ടിയെ തല കീഴാക്കിപ്പിടിച്ച് വയറ്റിൽ നിന്ന് ആ പാൽ മുഴുവൻ പുറത്തേക്ക് കളഞ്ഞു. ഇതു കണ്ട് ചിലർ എന്തൊരു ക്രൂരതയാണ് താങ്കൾ കാണിക്കുന്നതെന്ന് ചോദിച്ചപ്പോൾ മഹാനവർകൾ പറഞ്ഞു: 'ഇവന്റെ മാതാവ് ഹലാലായ ഭക്ഷണം മാത്രമേ കഴിച്ചിട്ടുള്ളൂ. അതിൽ നിന്നുണ്ടായ മുലപ്പാല് മാത്രമേ ഇതുവരെ ഇവൻ കുടിച്ചിട്ടുള്ളൂ. ഈ അയൽവാസിവനിത ജീവിതത്തിൽ ഹലാൽ മാത്രമേ കഴിച്ചിട്ടുള്ളൂ എന്ന് എനിക്കുറപ്പില്ല. ഹറാം കഴിച്ചിട്ടുണ്ടെങ്കിൽ അതിൽ നിന്നുണ്ടായ മുലപ്പാൽ എന്റെ കുട്ടിയുടെ വയറ്റിൽ പ്രവേശിച്ചാൽ അവന്റെ ഭാവി അവതാളത്തിലാകുമെന്ന ഭയം എനിക്കുണ്ട്.'

ഇമാമുൽ ഹറമൈനി പിന്നീട് പറഞ്ഞു: 'പിൽക്കാലത്ത് ജീവിതത്തിനിടയിൽ ചില സംവാദങ്ങളിൽ എനിക്ക് ഇടർച്ച സംഭവിച്ചത് ആ പാലിന്റെ അംശങ്ങൾ ശരീരത്തിൽ അവശേഷിച്ചതുകൊണ്ടാണെന്നു ഞാൻ മനസ്സിലാക്കുന്നു.' (അൽബിദായതു വന്നിഹായ)

**കുട്ടികൾക്ക് പകർന്നുനൽകേണ്ട സ്നേഹവും സുരക്ഷിതത്വബോധവും പരിഗണനയും നൽകി അവർക്ക് ആത്മവിശ്വാസത്തിന്റെ കരുത്ത് പകരാൻ നമുക്ക് സാധിക്കണം. രക്ഷിതാക്കളിൽ നിന്ന് അവഗണന നേരിടുമ്പോഴാണ് കുട്ടികൾ മറ്റു വഴികൾ തേടിപ്പോകുന്നതെന്ന തിരിച്ചറിവും നമുക്കു വേണം. കുട്ടികളെ ശ്രദ്ധിച്ചു കേൾക്കാൻ സമയവും ക്ഷമയുമുണ്ടാകണം. അതിലൂടെ അവരുടെ നന്മകൾ കാണാനും അഭിനന്ദിക്കുവാനും തിരുത്തേണ്ടത് സ്നേഹപൂർവ്വം തിരുത്താനും അവസരം ലഭിക്കുന്നു.**

## സന്താനങ്ങൾ പ്രതീക്ഷിക്കുന്നത്

രക്ഷിതാക്കളിൽ നിന്ന് മക്കൾ പ്രതീക്ഷിക്കുന്നതെല്ലാം അവർക്ക് ലഭിക്കുന്നുണ്ടെന്ന് നാം ഉറപ്പുവരുത്തണം. കുട്ടികൾക്ക് പകർന്നുനൽകേണ്ട സ്നേഹവും സുരക്ഷിതത്വബോധവും പരിഗണനയും നൽകി അവർക്ക് ആത്മവിശ്വാസത്തിന്റെ കരുത്ത് പകരാൻ നമുക്ക് സാധിക്കണം. രക്ഷിതാക്കളിൽ നിന്ന് അവഗണന നേരിടുമ്പോഴാണ് കുട്ടികൾ മറ്റു വഴികൾ തേടിപ്പോകുന്നതെന്ന തിരിച്ചറിവും നമുക്കു വേണം. കുട്ടികളെ ശ്രദ്ധിച്ചു കേൾക്കാൻ സമയവും ക്ഷമയുമുണ്ടാകണം. അതിലൂടെ അവരുടെ നന്മകൾ കാണാനും അഭിനന്ദിക്കുവാനും തിരുത്തേണ്ടത് സ്നേഹപൂർവ്വം തിരുത്താനും അവസരം ലഭിക്കുന്നു.

മക്കൾ മുതിർന്നാലും അവരെ വാത്സല്യത്തോടെ ആശ്ലേഷിക്കാൻ നമുക്ക് കഴിയണം. കുഞ്ഞായിരിക്കെ, നാം ചുംബിക്കുകയും കെട്ടിപ്പുണരുകയും ചെയ്ത മക്കൾ കൗമാരപ്രായത്തിലേക്കത്തുമ്പോൾ നാം അവരിൽ നിന്നും അവർ നമ്മിൽനിന്നും അകലുന്ന സാഹചര്യം വർദ്ധിച്ചു വരികയാണ്. ഈ അകൽച്ചയില്ലാതാവാൻ അവരെ വാത്സല്യത്തോടെ ആശ്ലേഷിക്കുകയും അവരെ ചേർത്തുപിടിച്ച് തലയിലൂടെ വിരലോടിച്ച് സ്നേഹം പ്രകടിപ്പിക്കുകയും വേണം. നമ്മളും മക്കളും തമ്മിലുള്ള ബന്ധത്തിൽ മഞ്ഞുരുക്കം അനുഭവപ്പെടാൻ ഇത് സഹായകമാകും. കുട്ടികളെ പ്രശംസിക്കുന്നതിലുള്ള പിശുക്ക് നാം ഒഴിവാക്കണം. നാലുപേർ കേൾക്കുന്ന വിധത്തിൽ കുട്ടികളെ ഏതെങ്കിലുമൊരു നേട്ടത്തിന്റെ പേരിൽ പ്രശംസിക്കുന്നത് അവരെ സന്തോഷഭരിതരാക്കും. അതവർക്ക് ആത്മവീര്യം നൽകും. ഇതോടൊപ്പം ഇസ്‌ലാമിക പാഠങ്ങൾ പകർന്നുനൽകാനും തിരുനബി(സ) കാണിച്ചുതന്ന ജീവിതമാതൃകയിൽ അവരെ വളർത്താനും നാം പരിശ്രമിക്കണം.

സ്നേഹതീരം

ബശീർ സഖാഫി എളാട്

# ലഹരി വിതയ്ക്കും വിനകൾ



പ്രാണസഖിയുടെ സംസ്കാരച്ചടങ്ങുകൾക്കിടയിൽ ആ ചലനമറ്റ ശരീരത്തിൽ വീണ് നെഞ്ചിൽ മുഖമമർത്തി പൊട്ടിക്കരയുന്ന ഒരു അച്ഛൻ. കണ്ടുനിന്നവരുടെയെല്ലാം കരളലിയിച്ച കാഴ്ചയായിരുന്നു അത്. ആ കണ്ണുനീരിൽ പ്രണയവും നഷ്ടബോധവും മാത്രമായിരുന്നില്ല; തങ്ങൾ പോറ്റിവളർത്തിയ മകൻ തന്നെ ഈ ക്രൂരത ചെയ്തുവല്ലോ എന്ന തീരാവേദനയുമുണ്ട്. ഒമ്പതു മാസം ചുമന്നുപെറ്റ അമ്മയുടെ കഴുത്തിലേക്ക് കത്തിയിറക്കുമ്പോൾ അവന്റെയുള്ളിൽ മകന്റെ ഹൃദയമായിരുന്നില്ല; മറിച്ച്, മാരക ലഹരിമരുന്നുകൾ നൽകിയ ഭ്രാന്തമായ പകയായിരുന്നു. ലഹരിക്കടിപ്പെട്ട സ്വന്തം മകനെ തിരുത്താൻ ശ്രമിച്ചതത്രെ ആ അമ്മ ചെയ്ത കുറ്റം! അമ്മയെ കൊന്നതിനുശേഷം യാതൊരു ഭാവമാറ്റവുമില്ലാതെ സ്റ്റേഷനിലെത്തിയ മകന്റെ മൊഴികൾ കേട്ട് പോലീസുകാർ പോലും പകച്ചുപോയി. 'അമ്മയെ വകവരുത്തിക്കഴിഞ്ഞു. അച്ഛനാണ് അടുത്ത ലക്ഷ്യം.' മകൻ ഇല്ലാതാക്കിയ അമ്മയുടെ നെഞ്ചിൽ കിടന്ന് കരയുന്ന അച്ഛൻ, അച്ഛന്റെ ചോരയ്ക്കായി ദാഹിക്കുന്ന മകൻ! കണ്ണൂരിൽ നിന്നായിരുന്നു ലഹരി തകർത്തെറിഞ്ഞ ഈ കുടുംബചിത്രം.

കായംകുളത്തു നിന്നുള്ള മറ്റൊരു വാർത്ത: ലഹരിബാധിതനായ മകൻ പിതാവിനെ വെട്ടിക്കൊന്നു. 47 തവണ വെട്ടി മൃതദേഹം വികൃതമാക്കി. മുഖവും തലയും തിരിച്ചറിയാതായി.

താമരശ്ശേരി പുതുപ്പാടിയിൽ മയക്കുമരുന്നിനടിമയായ മകൻ മസ്തിഷ്കാർബുദ ശാസ്ത്രക്രിയ കഴിഞ്ഞ് ശയ്യാവലംബിയായ മാതാവിനെയാണ് വകവരുത്തിയത്. തനിക്ക് ജന്മം നൽകിയതിനുള്ള പ്രതികാരമായിരുന്നുവത്രെ ഈ കൊലപാതകം!

കൊട്ടാരക്കര താലൂക്ക് ആശുപത്രിയിലെ ഹൗസ്സർജൻ ഡോ. വന്ദനദാസിനെ ആശുപത്രിയിൽ കുത്തിക്കൊന്നത് മയക്കുമരുന്നടിച്ച ഒരു ക്രിമിനൽ അധ്യാപകനായിരുന്നു. ഈയിടെ നാട്ടികയിൽ റോഡരികിൽ ഉറങ്ങിക്കിടന്ന നാടോടികൾക്കുമേൽ ഒരാൾ ലോറി ഓടിച്ചുകയറ്റിയത് മദ്യലഹരിയിലായിരുന്നു. വർഷങ്ങൾക്കു മുമ്പ് കല്ലാച്ചിയിൽ മാതാവിനെയും പിതാവിനെയുമടക്കം കുടുംബാംഗങ്ങളെയെല്ലാം കൊലചെയ്ത യുവാവും ലഹരിക്കടിമയായിരുന്നു. കലി തീരാതെ അമ്മിക്കല്ലുകൊണ്ട് മാതാവിന്റെ ശരീരം ചതച്ചുകളഞ്ഞ മകനിലൂടെ ലഹരി സമ്മാനിച്ച രൗദ്രഭാവങ്ങളുടെ നേർചിത്രമാണ് സമൂഹം കണ്ടത്. കലാലയങ്ങളിൽ നടക്കുന്ന ചില കൂട്ടത്തല്ലുകളിലും റാഗിങ്ങുകളിലുമെല്ലാം ലഹരി തന്നെയാണ് വില്ലൻ. റോഡുകളിൽ, കലാലയങ്ങളിൽ, ആശുപത്രികളിൽ, ആഘോഷങ്ങളിൽ എന്നുവേണ്ട ജീവിതത്തിന്റെ സർവമേഖലകളിലും ലഹരിയുടെ സ്വാധീനം കാണാം.

രണ്ടു വർഷത്തോളം രാസലഹരിക്കടിപ്പെടുകയും പിന്നീട് അത്ഭുതകരമായി വിമുക്തി നേടുകയും ചെയ്ത വളാഞ്ചേരിയിലെ നിസാം എന്ന ചെറുപ്പക്കാരൻ ഈയടുത്ത് ഒരു ചാനലിനു നൽകിയ അഭിമുഖത്തിൽ വെളിപ്പെടുത്തിയ ലഹരിശൃംഖലയുടെ പ്രവർത്തനരീതികൾ ഞെട്ടിപ്പിക്കുന്നതായിരുന്നു. ആങ്ങളയും പെങ്ങളും, ഭാര്യയും ഭർത്താവും, പിതാവും മക്കളുമെല്ലാം ഒരുമിച്ചുവന്ന് തന്നിൽ നിന്ന് ലഹരി വാങ്ങിയിട്ടുണ്ടെന്നും ചില ഡോക്ടർമാർ വരെ ലഹരിയുടെ ഉപ

യോക്താക്കളാണെന്നും അദ്ദേഹം വെളിപ്പെടുത്തുകയുണ്ടായി.

ഉൽകൃഷ്ട ജീവിയാണ് മനുഷ്യൻ. ബുദ്ധിയും വിവേകവും ചിന്താശേഷിയും മനുഷ്യനു മാത്രം സ്രഷ്ടാവ് കനിഞ്ഞേകിയ അനുഗ്രഹങ്ങളാണ്. ഇതരജീവികളിൽ നിന്ന് അവനെ വേർതിരിക്കുന്നതും ജീവിതവഴികളിലെ സർവ്വോന്മുഖ പുരോഗതികളുടെ അടിസ്ഥാനവും ഈ മഹാഅനുഗ്രഹങ്ങളാണ്. അതിനാൽ, ബുദ്ധിയെ ഹനിക്കുന്നതോ ക്ഷതം വരുത്തുന്നതോ ആയ ഒരു പ്രവർത്തനവും ഇസ്‌ലാം അനുവദിക്കുന്നില്ല. ലഹരിപദാർത്ഥങ്ങൾ ബുദ്ധിയെ നശിപ്പിക്കുകയും മനുഷ്യനെ മൃഗതുല്യനാക്കുകയും ചെയ്യുന്നുവെന്നതിൽ രണ്ടഭിപ്രായമില്ല. അതുകൊണ്ടു തന്നെ ലഹരിവസ്തുക്കൾ ഖരരൂപത്തിലോ ദ്രാവകരൂപത്തിലോ ഉള്ളതായാലും അവയുടെ ഉപയോഗം ഇസ്‌ലാം കർശനമായി വിലക്കിയിട്ടുണ്ട്.

ഇബ്നുഉമർ(റ) നിവേദനം. നബി(സ) പറഞ്ഞു: 'മുഴുവൻ ലഹരിപദാർത്ഥങ്ങളും ബുദ്ധിയെ അസ്ഥിരപ്പെടുത്തുന്നവയാണ്. അവയെല്ലാം നിഷിദ്ധവുമാണ്.' (അബൂദാവൂദ്, അഹ്മദ്) ജാബിർ(റ)വിൽ നിന്ന് ഇമാം മുസ്‌ലിം ഉദ്ധരിക്കുന്നു: 'യമനിൽ നിന്നു വന്ന ഒരാൾ നബി(സ)യോട് ചോദിച്ചു: 'ചോളത്തിൽ നിന്നുണ്ടാക്കുന്ന ഒരു പാനീയം ഞങ്ങൾ കുടിക്കാറുണ്ട്. അതിനു വിരോധമുണ്ടോ?'

തിരുനബി(സ) ചോദിച്ചു: 'അത് ലഹരിയുണ്ടാക്കുന്നതാണോ?'

അയാൾ പറഞ്ഞു: 'അതേ.'

റസൂൽ(സ) പ്രതികരിച്ചു: 'എല്ലാ ലഹരികളും നിഷിദ്ധമാണ്.' (മുസ്‌ലിം)

പുകവലിയിൽ നിന്നാകും പലപ്പോഴും ലഹരിയുപയോഗത്തിന്റെ തുടക്കം. പിന്നെ അത് കഞ്ചാവിലെത്തും. ലഹരി പോരാതെ വരുമ്പോൾ സിന്തറ്റിക് ലഹരിയിലേക്ക് നീങ്ങും. എംഡി എം എ, ഹഷീഷ്, ബ്രൗൺഷുഗർ, എൽ എസ് ഡി സ്റ്റാമ്പ്, ഹെറോയിൻ തുടങ്ങിയ ലഹരിയുടെ ഒരു അധോലോകം തന്നെയുണ്ട്. കൂടാതെ, ചില വേദനസംഹാരികൾ, മനോരോഗ ഗുളികകൾ എന്നു വേണ്ട വൈറ്റ്നർ മുതൽ നെയിൽ പോളിഷ് വസ്തുക്കൾ പോലും ഉന്മാദത്തിനായി ഉപയോഗിക്കുന്നവരുണ്ട്.

**മുമ്പ് വൻകിടനഗരങ്ങളിൽ കേന്ദ്രീകരിച്ചിരുന്ന മയക്കുമരുന്ന് ഉപയോഗവും വില്പനയും ഇന്ന് ഗ്രാമങ്ങളിലേക്കും വ്യാപിച്ചിരിക്കുന്നു. ഭാവിയുടെ പ്രതീകങ്ങളായ വിദ്യാർത്ഥികളിലേക്കും ലഹരിഉപയോഗം പടരുകയാണ്. കലാലയങ്ങൾ കേന്ദ്രീകരിച്ച് ലഹരി മാഫിയകൾ കേരളത്തിൽ പ്രവർത്തിക്കുന്നുണ്ട്. സ്കൂളുകളും കോളേജുകളും കേന്ദ്രീകരിച്ചാണ് ഏറ്റവും കൂടുതൽ ലഹരി വിപണനം നടക്കുന്നതെന്ന് മുൻ എക്സൈസ് കമ്മീഷണർ ഋഷിരാജ് സിംഗ് വ്യക്തമാക്കിയിട്ടുണ്ട്.**

## വില്ലൻ സൗഹൃദം

മുമ്പ് വൻകിടനഗരങ്ങളിൽ കേന്ദ്രീകരിച്ചിരുന്ന മയക്കുമരുന്ന് ഉപയോഗവും വില്പനയും ഇന്ന് ഗ്രാമങ്ങളിലേക്കും വ്യാപിച്ചിരിക്കുന്നു. ഭാവിയുടെ പ്രതീകങ്ങളായ വിദ്യാർത്ഥികളിലേക്കും ലഹരിഉപയോഗം പടരുകയാണ്. കലാലയങ്ങൾ കേന്ദ്രീകരിച്ച് ലഹരി മാഫിയകൾ കേരളത്തിൽ പ്രവർത്തിക്കുന്നുണ്ട്. സ്കൂളുകളും കോളേജുകളും കേന്ദ്രീകരിച്ചാണ് ഏറ്റവും കൂടുതൽ ലഹരി വിപണനം നടക്കുന്നതെന്ന് മുൻ എക്സൈസ് കമ്മീഷണർ ഋഷിരാജ് സിംഗ് വ്യക്തമാക്കിയിട്ടുണ്ട്. ലഹരിപദാർത്ഥങ്ങൾ അടങ്ങിയ മിഠായികളും സ്ലിപ്പുകളും അച്ചാറുകളും നൽകി ഘട്ടംഘട്ടമായി വിദ്യാർത്ഥികളെ ലഹരിയുടെ



വലയത്തിലെത്തിക്കുകയാണ് ആദ്യപടി. വലയിലകപ്പെട്ടാൽ അവർ തന്നെ ഒരേസമയം ഉപഭോക്താക്കളും കരിയർമാരുമായി മാറും. വിൽക്കുന്നതും വാങ്ങുന്നതും ഇതരസംസ്ഥാനങ്ങളിൽ നിന്ന് കേരളത്തിലെത്തിക്കുന്നതും അവർ തന്നെയാകും. പിന്നിൽ നിന്ന് ചരടു വലിക്കുക മാത്രമാണ് അന്തർസംസ്ഥാന റാക്കറ്റുകൾ ചെയ്യുന്നത്. കൈനിറയെ പണവും സുഭിക്ഷമായ ഭക്ഷണവും മുന്തിയ വസ്ത്രങ്ങളും സ്മാർട്ട്ഫോണുകളും ലഭ്യമാകുന്നതോടെ ആഡംബരജീവിതത്തിലേക്കുള്ള കുറുക്കുവഴികളായി കുട്ടികൾ വരെ ഇതിനെ തെരഞ്ഞെടുക്കുന്നു.

45 ശതമാനം കുട്ടികളും ക്യാമ്പസ് ജീവിതത്തിനിടയിലാണ് മദ്യം രചിച്ചുതുടങ്ങുന്നത്. പ്ലസ് ടു തലത്തിൽ തന്നെ മദ്യം ഉപയോഗിച്ച് തുടങ്ങുന്നു. വിനോദയാത്രകൾ, പ്രണയദിനം, ജന്മദിനം, സെന്റ്ഓഫ് തുടങ്ങിയ ആഘോഷവേളകൾ പല കുട്ടികളുടെ ലഹരിയിലേക്കുള്ള ആദ്യയാത്രകളാണ്. ആദ്യം ഒരു ത്രില്ലിന് വേണ്ടിയോ സുഹൃത്തുക്കളുടെ പ്രേരണ മൂലമോ തുടങ്ങുന്ന ഉപയോഗം ക്രമേണ ശീലമായി മാറുകയും പിന്നീട് ആസക്തിയിലേക്കും അടിമത്തത്തിലേക്കും വഴിമാറുകയും ചെയ്യുന്നു. അതോടെ തന്റെ പ്രവർത്തനങ്ങളെല്ലാം ഒരുതരം ഹീറോയിസമാണെന്നും ചെയ്യാതിരുന്നാൽ താൻ മോശക്കാരനാകുമെന്നും അവർ ധരിച്ചുവെക്കുന്നു.

## ലക്ഷണങ്ങളിലൂടെ തിരിച്ചറിയാം

ലഹരിക്കടിപ്പെട്ട കുട്ടികളെ ലക്ഷണങ്ങളിലൂടെ തിരിച്ചറിയാനാകും. പെട്ടെന്നുണ്ടാകുന്ന സ്വഭാവവ്യതിയാനങ്ങൾ, ദേഷ്യം, അമർഷം, നിരാശ, സംസാരത്തിൽ വിക്ക്, തനിച്ചിരിക്കൽ, ആരോടും കൂടുതൽ സംസാരിക്കാതിരിക്കൽ, വിനോദങ്ങളും ഹോബികളും ഉപേക്ഷിക്കൽ, ഭക്ഷണവും ഉറക്കവും കുറയൽ, പഠനത്തിൽ പിന്നാക്കം പോവൽ, ക്ലാസുകൾ മുടക്കൽ, ആവശ്യത്തിൽ കൂടുതൽ പണം കൈയിൽ കാണൽ വീട്ടിൽ നിന്നു പണം മോഷ്ടിക്കൽ തുടങ്ങിയ സ്വഭാവദൂഷ്യങ്ങൾ ലഹരിബാധിതരായ കുട്ടികളിൽ കാണുന്ന ലക്ഷണങ്ങളിൽ പ്രധാനമാണ്.

ലക്ഷണങ്ങൾ നേരത്തെ തിരിച്ചറിയാൻ കഴിഞ്ഞാൽ ജീവിതത്തിലേക്കവരെ തിരിച്ചുകൊണ്ടുവരാൻ പ്രയാസമില്ല. ലഹരിക്കടിപ്പെട്ടു എന്നുറപ്പായാൽ എത്രയും പെട്ടെന്ന് പ്രതിവിധി കണ്ടെത്തണം. ഭീഷണികളും ശകാരങ്ങളും മർദ്ദനമുറകളും ഉപദേശങ്ങളുമൊന്നും ഈ അവസ്ഥയിൽ ഫലം ചെയ്യില്ല. മനഃശാസ്ത്ര വിദഗ്ധന്റെയോ കൗൺസിലിംഗ് വിദഗ്ധന്റെയോ സഹായത്തോടൊപ്പം ആവശ്യാനുസൃതം മരുന്നുചികിത്സയും നൽകേണ്ടതാണ്. രക്ഷിതാക്കൾ കൂടെയുണ്ടെന്ന് ബോധ്യമാകും വിധം അവരോട് സ്നേഹമസൃണമായ സമീപനവും സൗഹാർദ്ദവും കൈക്കൊള്ളണം. കുറ്റപ്പെടുത്തലുകൾ ഒഴിവാക്കി ആവശ്യത്തിന് സ്വാതന്ത്ര്യവും ആരോഗ്യകരമായ കുടുംബാന്തരീക്ഷവും അവർക്ക് ലഭ്യമാക്കണം. സ്നേഹിക്കാനും സംരക്ഷിക്കാനും പ്രശ്നങ്ങളെ നേരിടാനും കുടുംബം കൂടെയുണ്ടെന്ന ആത്മവിശ്വാസം ഇത്തരം ശീലങ്ങളിലേക്ക് തിരികെപോകാതിരിക്കാൻ കുട്ടിയെ സഹായിക്കും.

## മഹാനാശം

വ്യക്തികളെയും കുടുംബങ്ങളെയും സമൂഹത്തെയും ബാധിക്കുന്ന വ്യാപകവും വിനാശകരവുമായ പ്രശ്നമാണ് ലഹരി ഉപയോഗം. സംസ്ഥാനത്ത് നടക്കുന്ന 40 ശതമാനം കുറ്റകൃത്യങ്ങൾക്കും ലഹരിയുമായി ബന്ധമുണ്ടെന്നാണ് പഠനങ്ങൾ പറയുന്നത്. കൊലപാതകങ്ങൾ 80 ശതമാനവും ബലാത്സംഗങ്ങൾ 75 ശതമാനവും കൈയ്യേറ്റങ്ങൾ 78 ശതമാനവും റോഡപകടങ്ങൾ 80 ശതമാനവും ലഹരിയുടെ അകമ്പടിയോടെയാണ് നടക്കുന്നത്. രാജ്യത്ത് നടക്കുന്ന രാഷ്ട്രീയസംഘട്ടനങ്ങളും കായികരംഗത്തെ കയ്യാങ്കളികളും വർഗീയസംഘട്ടനങ്ങളുമെല്ലാം മദ്യത്തിന്റെയും മയക്കുമരുന്നിന്റെയും പിൻബലത്തിലാണ് സംഭവിക്കുന്നത്. സ്വന്തം മക്കളെ ലൈംഗികമായി ദുരുപയോഗം ചെയ്ത പ്രതികളിൽ 95 ശതമാനവും മദ്യപാനികളായിരുന്നുവെന്ന് പഠനങ്ങൾ സൂചിപ്പിക്കുന്നുണ്ട്. ആത്മഹത്യാപ്രവണത കൂടുതൽ കണ്ടുവരുന്നതും മദ്യപാനികളിലത്രെ!

കുടുംബത്തിന്റെ ഭദ്രത തകർക്കുന്നതിലും കുടുംബത്തിൽ ഛിദ്രത വളർത്തുന്നതിലും ലഹരിക്ക് ചെറുതല്ലാത്ത സ്വാധീനമുണ്ട്. പണിയെടുത്ത് ലഭിക്കുന്ന പണം മുഴുവൻ കുടിച്ചു തീർക്കുന്ന കുടുംബനാഥൻ കുടുംബത്തെ നിത്യദാരിദ്ര്യത്തിലേക്ക് തള്ളിവിടുന്നു. വൈകുന്നേരങ്ങളിൽ നാലുകാലുകളിലായി കയറിവരുന്ന വ്യക്തിയിൽ നിന്നു കുടുംബാംഗങ്ങൾ ശാരീരികവും മാനസികവുമായ പീഡനങ്ങൾ ഏൽക്കേണ്ടി വരുന്നു. വർദ്ധിച്ചു വരുന്ന ഗാർഹിക പീഡനക്കേസുകളിൽ 61 ശതമാനം മദ്യത്തിന്റെ

**വിനോദയാത്രകൾ, പ്രണയദിനം, ജന്മദിനം, സെന്റ്ഓഫ് തുടങ്ങിയ ആഘോഷവേളകൾ പല കുട്ടികളുടെ ലഹരിയിലേക്കുള്ള ആദ്യയാത്രകളാണ്. ആദ്യം ഒരു ത്രില്ലിന് വേണ്ടിയോ സുഹൃത്തുക്കളുടെ പ്രേരണ മൂലമോ തുടങ്ങുന്ന ഉപയോഗം ക്രമേണ ശീലമായി മാറുകയും പിന്നീട് ആസക്തിയിലേക്കും അടിമത്തത്തിലേക്കും വഴിമാറുകയും ചെയ്യുന്നു.**

സൃഷ്ടിയാണെന്നാണ് സംസ്ഥാന ക്ഷേമബോർഡിന്റെ 2013-14 റിപ്പോർട്ടിൽ പറയുന്നത്. മദ്യപാനിയുടെ മക്കൾ ആരോഗ്യപരമായും വിദ്യാഭ്യാസപരമായും ഏറെ പിറകിലാകുന്നതും സ്വാഭാവികമാണ്. അവർക്ക് ജനിക്കുന്ന മക്കൾ ശാരീരിക മാനസിക വൈകാരിക പ്രശ്നങ്ങളുള്ളവരാണെന്നും വിഷാദരോഗവും പഠനശേഷിക്കുറവും ഇവരിൽ കൂടുതൽ കണ്ടുവരുന്നുണ്ടെന്നും വിദഗ്ധർ അഭിപ്രായപ്പെടുന്നു.

മാനവവിഭവശേഷിയാണ് ഒരു നാടിന്റെ നട്ടെല്ല്. ഈ നട്ടെല്ലിനെയാണ് ലഹരി കാർന്നുതിന്നുന്നത്. നാടിന്റെ നിർമ്മാണാത്മകമായ പ്രവർത്തനങ്ങളിൽ വിനിയോഗിക്കപ്പെടേണ്ട യൗവനോർജവും ഭൗതികവ്യവഹാരങ്ങളും ലഹരിയിൽ മയങ്ങിക്കിടന്നാൽ രാജ്യത്തിന്റെ വികസനസ്വപ്നങ്ങൾ തകരുമെന്ന് പ്രത്യേകം പറയേണ്ടതില്ലല്ലോ. 'മദ്യം സർവ്വതിന്മകളുടെയും മാതാവാണ്' എന്ന മുത്തുനബി (സ)യുടെ പ്രസ്താവന എത്ര പ്രസക്തം!

മയക്കുമരുന്ന് ഉപയോഗം ശാരീരികവും മാനസികവുമായ നിരവധി ആരോഗ്യപ്രശ്നങ്ങൾക്കും കാരണമായിത്തീരും. ശരീരത്തിന്റെ കേന്ദ്രനാഡീകോശങ്ങളെ തളർത്തി തലച്ചോറിന്റെ പ്രവർത്തനം മന്ദീഭവിക്കുന്നതിനാൽ ഓർമ്മശക്തിയും ചിന്താശേഷിയും കുറയും. മദ്യത്തിന്റെ നിരന്തര ഉപയോഗം ഫാറ്റിലിവറിനും കരൾവീക്കത്തിനും മഹോദരത്തിനും കാരണമാകും. അതുപോലെ അമിത രക്തസമ്മർദ്ദം ഹൃദ്രോഗം, ലൈംഗിക ബലഹീനത, സിറോസിസ് എന്നീ രോഗങ്ങൾക്കും മദ്യം ആക്കം കൂട്ടുന്നതാണ്. പ്രതിരോധശേഷി കുറയുന്നതിനാൽ ഏതുതരം അണുബാധകൾക്കുമുള്ള സാധ്യതയും ഇവരിൽ ഏറെയാണ്. വിഷാദം, ആത്മഹത്യാ പ്രവണത, പങ്കാളിയെ സംശയിക്കൽ തുടങ്ങിയ മാനസിക പ്രശ്നങ്ങളും വർദ്ധിച്ചതോതിൽ ഇവരിൽ കാണപ്പെടുന്നു.

മയക്കുമരുന്നുകളുടെ അമിതോപയോഗം ഉദ്ധാരണശേഷിക്കുറവ്, മതിഭ്രമം, വിഷാദം, ആത്മഹത്യാ പ്രവണത, സ്ഥലകാലബോധമില്ലായ്മ തുടങ്ങിയ മാനസികപ്രശ്നങ്ങൾക്കു പുറമെ രക്തസമ്മർദ്ദം, ഹൃദ്രോഗതീവ്രത, മലബന്ധം, അമിതവിശപ്പ്, ദാഹം, ശ്വാസകോശരോഗങ്ങൾ, ഹെപ്പറ്റൈറ്റിസ് ഡിഫൻഷ്യ തുടങ്ങിയ ശാരീരികരോഗങ്ങൾക്കും നിമിത്തമാകുന്നതാണ്.

ഒന്നിലധികം പേർ ഒരേ സിറിഞ്ചുപയോഗിച്ച് മയക്കുമരുന്ന് കുത്തിവെക്കുന്നതിനാൽ എച്ച് ഐവി പോലെയുള്ള മാരക രോഗങ്ങളുടെ വ്യാപനഭീതിയും നിലനിൽക്കുന്നു. സെന്റർ ഫോർ ന്യൂറോ സൈക്യാട്രി ഡയറക്ടർ ഡോ. പി എൻ സുരേഷ്കുമാർ എഴുതുന്നു: മയക്കുമരുന്ന് ഉപയോഗം - പ്രത്യേകിച്ച് കഞ്ചാവ്, ബ്രൗൺഷുഗർ, എംഡി എം എ പോലെയുള്ള രാസലഹരികൾ മസ്തിഷ്കത്തിൽ അപകടകരമായ രീതിയിൽ രാസമാറ്റങ്ങൾ സൃഷ്ടിക്കുകയും വിശേഷബുദ്ധിയെ ഇല്ലാതാക്കുകയും ചെയ്യും. മയക്കുമരുന്നിന്റെ സ്വാധീനത്തിലായിരിക്കുമ്പോൾ വ്യക്തികൾ അമിതാവേശത്തോടെയും യുക്തിരഹിതമായും പ്രവർത്തിക്കുമെന്നതാണ് ഇത്തരം ലാസ



**മയക്കുമരുന്ന് ഉപയോഗം നിരവധി ആരോഗ്യപ്രശ്നങ്ങൾക്കും കാരണമായിത്തീരും. ശരീരത്തിന്റെ കേന്ദ്രനാഡീകോശങ്ങളെ തളർത്തി തലച്ചോറിന്റെ പ്രവർത്തനം മന്ദീഭവിക്കുന്നതിനാൽ ഓർമ്മശക്തിയും ചിന്താശേഷിയും കുറയും. മദ്യത്തിന്റെ നിരന്തര ഉപയോഗം ഫാറ്റിലിവറിനും കരൾവീക്കത്തിനും മഹോദരത്തിനും കാരണമാകും. അമിത രക്തസമ്മർദ്ദം ഹൃദ്രോഗം, ലൈംഗിക ബലഹീനത, സിറോസിസ് എന്നീ രോഗങ്ങൾക്കും മദ്യം ആക്കം കൂട്ടുന്നതാണ്.**

ലഹരിക്കെതിരെ കേരള സർക്കാർ തുടക്കം കുറിച്ച ഓപ്പറേഷൻ തൂഫാൻ - ദിനാർക്കോ ഹണ്ട് പ്രതീക്ഷദായകമാണ്. ലഹരിയെ തുരത്തുന്ന പ്രക്രിയയിൽ എല്ലാവരും ഒരുമിച്ച് പങ്കാളികളാവണം. നൽകിയിരിക്കുന്ന നമ്പറുകളിൽ ലഹരി വിതരണം, ഉപയോഗം സംബന്ധിച്ചുള്ള രഹസ്യ വിവരങ്ങൾ നൽകാം.

***9497979794, 9497927797, 9995966666 (വാട്സാപ്പ്)***

ലഹരിയുടെ പ്രത്യേകത. ചിലപ്പോഴെല്ലാം ഇത് കൊലപാതകം പോലെയുള്ള ആക്രമണങ്ങളിലേക്ക് നയിച്ചേക്കും. ഒരിക്കൽ ഉപയോഗിച്ചു തുടങ്ങിയാൽ പിന്നീടതിൽ നിന്ന് രക്ഷനേടാൻ വളരെ പ്രയാസമാണെന്നതാണ് ഇത്തരം രാസലഹരികൾ സൃഷ്ടിക്കുന്ന ഏറ്റവും വലിയ അപകടം.

## മഹദ്വചനങ്ങൾ

ലഹരി സമൂഹത്തിൽ വിതയ്ക്കുന്ന വിനകളെ കൃത്യമായി മനസ്സിലാക്കിയ പരിഷ്കർത്താക്കളും നവോത്ഥാനനായകരും അതിനെതിരെ ശക്തമായ നിലപാടുകൾ സ്വീകരിച്ചവരായിരുന്നു. രാഷ്ട്രപിതാവ് ഗാന്ധിജിയും ശ്രീനാരായണഗുരുവും മദ്യം വിഷമാണെന്ന് വാദിച്ചവരായിരുന്നു. ഗുരുവിന്റെ വാക്കുകൾ ഇപ്രകാരമാണ്: 'മക്കളേ, മദ്യം വിഷമാണ്. അതുണ്ടാക്കരുത്, കൊടുക്കരുത്, കുടിക്കരുത്. കുട്ടികൾക്ക് ചോറ് വാങ്ങിക്കൊടുക്കാനുള്ള പണം കൊണ്ടാണ് നിങ്ങൾ മദ്യം വാങ്ങിക്കുടിക്കുന്നത്. പണം കൊടുത്ത് കടിക്കുന്ന പട്ടിയെ വാങ്ങുന്നത് എത്രമാത്രം ഭോഷ്ക്കാണ്!'

ഈ സാമൂഹ്യതിന്മയെ വേരോടെ പിഴുതെറിയാൻ ഇച്ഛാശക്തിയുള്ള ഭരണകൂടം ഇല്ലാതെ പോകുന്നതാണ് നമ്മുടെ നാടിന്റെ ശാപം. റവന്യൂ വരുമാനത്തിന്റെ നാലിലൊന്നും മദ്യത്തിലൂടെയാണ് ലഭിക്കുന്നത് എന്ന ന്യായമാണ് ഭരണനേതൃത്വങ്ങളിൽ നിന്ന് ഉയർന്നുവരാറുള്ളത്. സാധാരണക്കാരന്റെ ജീവിതം ലഹരിയിൽ മുക്കിക്കൊണ്ട് ഒരു രാജ്യം വികസനപദ്ധതികൾ സ്വപ്നം കാണുന്നത് എത്ര ലജ്ജാകരമാണ്! 'കിട്ടുവാനുള്ള എളുപ്പമാണ് കുടിക്കുവാനുള്ള പ്രേരണ വർദ്ധിപ്പിക്കുന്നത്' എന്നാണ് ഗാന്ധിമൊഴി. നാടുമുടിഞ്ഞാലും സമൂഹം നശിച്ചാലും പണം മാത്രം മതി എന്ന നയം ഏതൊരു ജനാധിപത്യഭരണകൂടത്തിനും ഭൂഷണമല്ല.

ഈ സാമൂഹ്യവിപത്തിനെതിരെ കണിശമായ നിലപാടുകൾ സ്വീകരിച്ച മതമാണ് ഇസ്‌ലാം. മദ്യം പൈശാചികവൃത്തികളിൽ പെട്ട മാലിന്യമാണെന്നും അത് സമ്പൂർണ്ണമായും ഉപേക്ഷിക്കുന്നവരെ മാത്രമേ വിജയം കടാക്ഷിക്കുകയുള്ളൂ എന്നും വിശുദ്ധ ഖുർആൻ ഉൽബോധിപ്പിക്കുന്നു. ഒരു തുള്ളി മദ്യമാണെങ്കിലും അത് മ്ലേച്ഛവും മാലിന്യവുമാണെന്നും അത് പുരണ്ടാൽ ശരീരത്തിൽ നിന്നും വസ്ത്രത്തിൽ നിന്നും നിറവും മണവും രുചിയും നീങ്ങുന്നതു വരെ കഴുകണമെന്നുമാണ് ഇസ്‌ലാമിക കർമശാസ്ത്രനിരീക്ഷണം.

ലഹരി ഉപയോഗിക്കുന്നവർക്ക് ലഭിക്കുന്ന പരലോകശിക്ഷകളെ സംബന്ധിച്ച മുന്നറിയിപ്പുകൾ ഹദീസുകളിൽ എമ്പാടുമുണ്ട്. ജാബിർ(റ) നിവേദനം. നബി പറഞ്ഞു: 'എല്ലാ ലഹരികളും നിഷിദ്ധമാണ്. അത് ഉപയോഗിക്കുന്നവരെ അല്ലാഹു 'ത്വീനതുൽ ഖബാൽ' കുടിപ്പിക്കും.' സ്വഹാബികൾ ചോദിച്ചു: 'എന്താണ് ത്വീനതുൽഖബാൽ?' തിരുനബി(സ) പ്രതിവചിച്ചു: 'നരകക്കാരുടെ വിയർപ്പും ചലവും കലർന്ന ദ്രാവകമാണത്.' (മുസ്‌ലിം)

## തൂഫാൻ തുടരട്ടെ

കേരളത്തിൽ ലഹരിഉപയോഗത്തിന്റെ ഗ്രാഫ് കുതിച്ചുയരുന്ന ഈ സാഹചര്യത്തിൽ അതിന്റെ സാമൂഹിക-സാംസ്കാരിക-സാമ്പത്തിക-ആരോഗ്യ പ്രശ്നങ്ങളെക്കുറിച്ച് സർക്കാരും ജനങ്ങളും ജാഗ്രത പുലർത്തണം. ലഹരി എന്ന മാരണം പിടിമുറുക്കുന്ന സാഹചര്യങ്ങളെ സംബന്ധിച്ച് ശാസ്ത്രീയപഠനം നടത്തി പരിഹാരം കണ്ടെത്തണം. കുറ്റവാളികൾക്കുള്ള ശിക്ഷ കർശനമാക്കുന്നതോടൊപ്പം ലഹരി വസ്തുക്കൾ ലഭ്യമാകുന്ന ഉറവിടങ്ങൾ കൂടി കണ്ടെത്തണം. ലഹരിക്കെതിരെയുള്ള ബോധവൽക്കരണം തുടരുകയും വേണം. ലഹരിക്കടിമപ്പെട്ടവർക്കുള്ള ചികിത്സയും കൗൺസിലിംഗും ഡി-അഡിക്ഷൻ സംവിധാനങ്ങളും പ്രൈമറി ഹെൽത്ത്സെന്ററുകളിൽ ഒരുക്കുകയും ചെയ്യണം.

പ്രൈമറി തലം മുതൽ വിദ്യാലയങ്ങളിൽ ബോധവൽക്കരണം നടത്തണം. ലഹരിക്കടിപ്പെടുന്നതിന്റെ ലക്ഷണങ്ങൾ പ്രകടമാക്കുന്ന കുട്ടികളെ കൗൺസിലിംഗിന് വിധേയമാക്കണം. അതിനായി സ്കൂളുകളിൽ പ്രത്യേക മനഃശാസ്ത്രവിദഗ്ധരെ നിയമിക്കണം. അധ്യാപകരും രക്ഷിതാക്കളും ഈ വിഷയത്തിൽ സദാ ബദ്ധശ്രദ്ധരാകണം. രാഷ്ട്രീയ-സാമൂഹിക-സാംസ്കാരിക മതസംഘടനകളെല്ലാം ബോധവൽക്കരണരംഗത്ത് സജീവമാകണം. സർവ്വരും കൈകോർത്തു പിടിച്ച് ഇതിനെതിരെ ശക്തമായ പ്രതിരോധം തീർത്താൽ വരുംതലമുറയെ ലഹരിയുടെ വലയില കപ്പെടാതെ സംരക്ഷിക്കാമെന്ന കാര്യം തീർച്ചയാണ്. പുതിയ സർക്കാർ തുടങ്ങിവച്ച 'ഓപ്പറേഷൻ തൂഫാൻ ദി നാർക്കോ ഹണ്ട്' ഫലപ്രദമായ രീതിയിൽ പ്രയോഗവൽക്കരിക്കാൻ സാധിക്കട്ടെ എന്ന് നമുക്ക് പ്രാർത്ഥിക്കാം.

നോവൽ

മുജ്തബ നസ്വീഹ്

# അസർമുല്ലപ്പൂക്കൾ

19

## വരും; നല്ല നാളുകൾ വീണ്ടും

നല്ല സന്തോഷത്തിലാണ് ഇക്ക കയറിവന്നത്. ഉസ്താദുമാരെ വരാന്തയിലിരുത്തി സലാം ചൊല്ലിക്കൊണ്ട് അകത്തേക്കു വന്നു പറഞ്ഞു: 'എടീ ജമീലാ, മോന്റെ ഉസ്താദുമാരാണ്. നമ്മളെ കാണാൻ വന്നതാ. ചായയെടുക്ക്. പിന്നെ, അവർ ഇത്തിരി നേരം ഇവിടെ ഇരിക്കുമെന്ന് തോന്നുന്നു. ഭക്ഷണവും വേണം ട്ടോ.'

അമ്പരന്നുകൊണ്ട് ആ മുഖത്തേക്ക് നോക്കിയപ്പോൾ നല്ല ചിരി! അങ്ങനെ സ്നേഹത്തോടെയുള്ള ചിരി കണ്ടിട്ട് കാലമെത്രയോ കഴിഞ്ഞിരുന്നല്ലോ.

ഞാനും ചിരിച്ചു; മനസ്സറിഞ്ഞ ചിരി. കൂടുതലൊന്നും പറയാതെ, 'ചായ വേഗമെടുക്ക്' എന്നു പറഞ്ഞ് ഇക്ക വരാന്തയിലേക്ക് നടന്നു. മനസ്സ് കുളിരണിഞ്ഞ രാത്രിയായിരുന്നു അത്. ഇത്രയും കാലം മനസ്സ് ചൂടുകൊണ്ട് വെന്തുനീറുകയായിരുന്നല്ലോ. ഓരോ ദിവസവും രാത്രിയാകുമ്പോൾ പേടിയായിരുന്നു, ഇന്നെന്തെല്ലാം കുലുമാലാണിവിടെ ഉണ്ടാവുകയെന്ന പേടി! ആ പേടിയും പ്രയാസവും അവസാനിക്കുകയാണോ?

ഞാൻ ആശ്വാസത്തോടെ അടുപ്പിനരികിലേക്കു നീങ്ങി. വെള്ളം തിളച്ചപ്പോഴേക്കും രണ്ടു കിറ്റുമായി ഇക്ക അകത്തേക്ക് വന്നു. ഞാൻ അത്ഭുതപ്പെട്ടുപോയി. 'ഇതിപ്പോ എവിടെ നിന്നാ?' എന്റെ സംശയം തീർക്കാനെന്നോണം ഇക്ക പറഞ്ഞു:

'എനിക്കറിയാലോ, ചായക്ക് കടിയായിക്കൊടുക്കാൻ ഇവിടെ ഒന്നുമുണ്ടാകില്ലെന്ന്. ഞാൻ ഒരാളെ പറഞ്ഞേൽപ്പിച്ചാ ഇങ്ങോട്ട് പോന്നിരുന്നത്. അയാള് വാങ്ങിക്കൊണ്ടു വന്നതാ പലഹാരവും പിന്നെ ചിക്കനും നെയ്ച്ചോറിന്റെ അരിയും.'

എനിക്ക് അത്ഭുതത്തിനുമേൽ അത്ഭുതം! എന്തൊരു മാറ്റമാ ഈ മനുഷ്യന് വന്നത്; അതും ഇത്രയും വേഗത്തിൽ! ഇന്നലെ വരെ ഇങ്ങനെയൊന്നുമായിരുന്നില്ലല്ലോ. കല്യാണം കഴിഞ്ഞ് ഒന്നു രണ്ടുമാസം നല്ല സ്നേഹമായിരുന്നു. വീട്ടിലേക്ക് വേണ്ടതെല്ലാം വാങ്ങിക്കൊണ്ടുവരുമായിരുന്നു. പിന്നെയാണ് എല്ലാം താളം തെറ്റിയത്. റസിയക്കുട്ട്യേ, നിനക്കറിയോ എത്രയെത്ര രാത്രികളിലാണ് ഞാനും മക്കളും പട്ടിണി കിടന്നത്! പറമ്പിൽ ഇത്തിരി കപ്പയും ചേമ്പും ചക്കയുമൊക്കെ ഉണ്ടായിരുന്നതുകൊണ്ട് പട്ടിണി കിടന്നു മരിച്ചില്ലെന്നു മാത്രം! എന്റെ കോലം കാണുമ്പോഴൊക്കെ നീ ചോദിക്കാറുണ്ടായിരുന്നല്ലോ; നീയെന്താ ഇങ്ങനെ മെലിഞ്ഞൊട്ടിപ്പോകുന്നതെന്ന്. അപ്പോഴൊക്കെ ഞാൻ പറഞ്ഞിരുന്നതെന്താ? മനസ്സിന് സുഖമില്ലാഞ്ഞിട്ടാണെന്നല്ലേ? മനസ്സിന് സുഖമുണ്ടായിരുന്നില്ലെന്നത് ശരിയാണ്. അതോടൊപ്പം പട്ടിണിയുമായിരുന്നുവെന്ന് ഞാൻ ആരോടും പറഞ്ഞിട്ടില്ല. ഇപ്പോൾ അത് തുറന്നുപറഞ്ഞെന്നേയുള്ളൂ.'

ജമീലയുടെ ഉള്ളുതുറന്നുള്ള സംസാരം കേട്ട് റസിയ ഞെട്ടി. അവളുടെ വീട്ടിൽ അധികദിവസവും പട്ടിണിയായിരുന്നെന്ന് ഇപ്പോഴാണല്ലോ അറിയുന്നത്! അതോർത്തപ്പോൾ കണ്ണുകൾ നിറഞ്ഞു. വിതുമ്പിക്കൊണ്ട് അവളെ ചേർത്തുപിടിച്ചു ചോദിച്ചു: 'എന്നിട്ടിത് എന്നോടിതുവരെ നീ പറഞ്ഞില്ലല്ലോ, പറഞ്ഞാൽ എന്നെക്കൊണ്ടാവും വിധം ഞാൻ സഹായിക്കുമായിരുന്നില്ലേ?'



അതിനു ചിരിച്ചുകൊണ്ടാണ് അവൾ മറുപടി പറഞ്ഞത്: 'അതേയ്, അഭിമാനം കൊണ്ടാ പറയാതിരുന്നത്. നിങ്ങളുടെയൊക്കെ വാക്കുകൾ കേൾക്കാതെ സുഖം തേടി ഇറങ്ങിപ്പോയവളല്ലേ ഞാൻ. എന്നിട്ട് ദുരിതത്തിലകപ്പെട്ടപ്പോൾ നിങ്ങളുടെ ആരുടെയും സഹായം തേടി വരാൻ മനസ്സനുവദിച്ചില്ല. 'ഇപ്പോൾ എങ്ങനെയുണ്ട്' എന്ന് നിങ്ങളാരെങ്കിലും വല്ലപ്പോഴും ചോദിക്കാനിട വന്നാൽ അത് സഹിക്കാൻ എനിക്കാവുമായിരുന്നില്ല. അതുകൊണ്ട് ആരോടും പരാതിപ്പെടാതെ എല്ലാം സഹിക്കുകയായിരുന്നു. ങാ, അതൊക്കെ കഴിഞ്ഞ കഥ! പോട്ടെ!'

അവൾ പിന്നെയും ചിരിച്ചു. പണ്ടത്തെ ജമീലയുടെ അതേ ചിരി; മെലിഞ്ഞൊട്ടിയ കവിളിൽ അതിന്റെ ശോഭയില്ലായിരുന്നെങ്കിലും!

> ഇക്കയും നല്ല ആവേശത്തിലായിരുന്നു. വരാന്തയിൽ നല്ല വർത്തമാനമാണ്, ചൂടുപിടിച്ച ചർച്ചകളും. അതിനിടെ ഇക്ക ഇടയ്ക്കിടെ അടുക്കളയിൽ വന്നു നോക്കി 'എന്തെങ്കിലും സഹായം ആവശ്യമുണ്ടോ' എന്ന് ചോദിച്ചിരുന്നു. ആദ്യമായാണ് ഇങ്ങനെയൊക്കെ. എന്റെ മനസ്സ് സന്തോഷത്തിലാറാടാൻ ഇതൊക്കെ മതിയല്ലോ.'

'എന്നിട്ട്? ജമീല ബാക്കി കഥ പറഞ്ഞില്ലല്ലോ?' ചോദിച്ചപ്പോഴാണ് അവൾ പറയാൻ തുടങ്ങിയത്: 'ങാ, എനിക്കു പിന്നെ തിരക്കുപിടിച്ച ജോലിയായിരുന്നു അടുക്കളയിൽ. കോഴിക്കറിയുണ്ടാക്കി, നെയ്ച്ചോറുണ്ടാക്കി, പെട്ടെന്നു തന്നെ സദ്യയൊരുക്കി.

ഇക്കയും നല്ല ആവേശത്തിലായിരുന്നു. വരാന്തയിൽ നല്ല വർത്തമാനമാണ്, ചൂടുപിടിച്ച ചർച്ചകളും. അതിനിടെ ഇക്ക ഇടയ്ക്കിടെ അടുക്കളയിൽ വന്നു നോക്കി 'എന്തെങ്കിലും സഹായം ആവശ്യമുണ്ടോ' എന്ന് ചോദിച്ചിരുന്നു. ആദ്യമായാണ് ഇങ്ങനെയൊക്കെ. എന്റെ മനസ്സ് സന്തോഷത്തിലാറാടാൻ ഇതൊക്കെ മതിയല്ലോ.'

'അവരെന്തൊക്കെ വർത്തമാനങ്ങളാണ് പറഞ്ഞിരുന്നതെന്ന് നീ കേട്ടില്ലേ?'

'അതുകേട്ടു നിൽക്കാൻ എനിക്കവിടെ സമയം? എന്നാലും ചി

**അതിനിടെ മറ്റെ ഉസ്താദ് പറഞ്ഞു: 'ഞങ്ങള് നജീബിനെ ഇടയ്ക്കിടെ കാണാൻ വരാറുണ്ടെന്ന് നിങ്ങൾക്കറിയാല്ലോ. ഞങ്ങളുടെ അടുത്ത സുഹൃത്താണ്. കൂടുതൽ പരിചയപ്പെട്ടപ്പോൾ എന്റെ കുടുംബക്കാരനാണെന്നും മനസ്സിലായി. വീടൊന്നു കാണാം എന്നുവച്ചാ ഇപ്പോൾ ഇങ്ങോട്ടു വന്നത്. നിങ്ങള് നല്ല സദ്യയൊക്കെ ഒരുക്കി സൽക്കരിച്ചല്ലോ. അൽഹംദുലില്ലാഹ്!'**

ലതൊക്കെ ഞാൻ കേട്ടു. ദീനീകാര്യങ്ങളാണധികവും അവർ പറഞ്ഞുകൊണ്ടിരുന്നത്. ചില ആളുകളുടെ കഥയും പറയുന്നത് കേട്ടു. വഴിതെറ്റിപ്പോയ പലരും തിരിച്ചുവന്ന അനുഭവകഥകളും മറ്റും. ഭക്ഷണം കഴിച്ചശേഷം ഇക്ക വന്നു പറഞ്ഞു:

'എടീ അവർക്ക് നിന്നോടെന്തോ പറയാനുണ്ടത്രെ!'

അതുകേട്ടു ഞാൻ ഉമ്മറവാതിലിനടുത്തു ചെന്നുനിന്നു. ഉസ്താദുമാരിലൊരാൾ ഹാദിയെക്കുറിച്ചു പറഞ്ഞു; മിടുക്കനാണെന്നും ക്ലാസ്സിൽ എല്ലാ വിഷയത്തിലും ഫസ്റ്റ് റാങ്കുകാരനാണെന്നും കാണുന്നു മറ്റും... എനിക്കപ്പോൾ വലിയ സന്തോഷമായി. മക്കളെക്കുറിച്ചുള്ള പ്രശംസ കേട്ടാൽ ഏതുമ്മയുടെ മനസ്സാണ് സന്തോഷിക്കാതിരിക്കുക?

അതിനിടെ മറ്റെ ഉസ്താദ് പറഞ്ഞു: 'ഞങ്ങള് നജീബിനെ ഇടയ്ക്കിടെ കാണാൻ വരാറുണ്ടെന്ന് നിങ്ങൾക്കറിയാല്ലോ. ഞങ്ങളുടെ അടുത്ത സുഹൃത്താണ്. കൂടുതൽ പരിചയപ്പെട്ടപ്പോൾ എന്റെ കുടുംബക്കാരനാണെന്നും മനസ്സിലായി. വീടൊന്നു കാണാം എന്നുവച്ചാ ഇപ്പോൾ ഇങ്ങോട്ടു വന്നത്. നിങ്ങള് നല്ല സദ്യയൊക്കെ ഒരുക്കി സൽക്കരിച്ചല്ലോ. അൽഹംദുലില്ലാഹ്!'

'പിന്നെ, നജീബിനെ ഞങ്ങൾക്ക് വേണം. സ്ഥാപനത്തിലെ ഓഫീസിൽ ഒരു ക്ലാർക്കിനെ ആവശ്യമുണ്ട്. നജീബ് ഡിഗ്രിയും പിജിയുമൊക്കെ എടുത്തയാളാണല്ലോ. ഈ ജോലി ചെയ്ത് പരിചയക്കുറവുണ്ടാവും. അതൊക്കെ വേഗം പരിഹരിക്കാവുന്നതാണ്. ജോലികഴിഞ്ഞ് അദ്ദേഹം ഞങ്ങളോടൊപ്പം തന്നെ താമസിച്ചോട്ടെ. അവിടെ ഭക്ഷണതാമസ സൗകര്യങ്ങളൊക്കെയുണ്ട്. ഹാദിമോനും അവിടെയുണ്ടല്ലോ. ഇപ്പോൾ ഇവിടെ നിന്നു വിട്ടുനിൽക്കുന്നതാണ് നജീബിനും നല്ലത്. എന്താ, നിങ്ങൾക്ക് വല്ല പ്രയാസവുമുണ്ടോ?'

ഉസ്താദിന്റെ ചോദ്യത്തിനു മുന്നിൽ ഉത്തരം പറയാനാവാതെ ഞാൻ കുടുങ്ങിപ്പോയി. ഞാൻ എന്താണ് പറയുക? വേറിട്ടു കഴിയാൻ എനിക്കൊരു പ്രയാസവുമില്ലെന്ന് ഇക്കയുടെ മുമ്പിൽവെച്ച് എങ്ങനെയാണ് പറയുക? അങ്ങനെ പറഞ്ഞാൽ ഇക്കാക്ക് അതൊരു വിഷമമാകില്ലേ? ഇക്ക ഇവിടെത്തന്നെ നിൽക്കണമെന്ന് പറയാനും വയ്യ. ഒരുപാട് ചങ്ങാതിമാരുണ്ട് ഇക്കാക്ക്. അവരിൽ അധികപേരും അത്ര നല്ലവരല്ല. അവരോട് വീണ്ടും കൂട്ടുകൂടുമ്പോൾ പഴയ സ്വഭാവത്തിലേക്ക് തിരിച്ചുപോയാലോ? ഇക്കയെ നിയന്ത്രിക്കാൻ എനിക്ക് കഴിയാതെയായതുകൊണ്ടല്ലേ ഇങ്ങനെയൊക്കെ സംഭവിച്ചത്? അവസാനം ഞാൻ പറഞ്ഞു:

'ഇക്കയുടെ ഇഷ്ടംപോലെ ആയിക്കോട്ടെ.'

പിന്നെയും അവർ എന്തൊക്കെയോ ചർച്ചചെയ്യുന്നത് കേട്ടു. അവസാനം യാത്ര പറഞ്ഞിറങ്ങുമ്പോൾ അവർ പറഞ്ഞു: 'നജീബ് നാളെ രാവിലെത്തന്നെ അവിടെ വന്നു ജോയിൻ ചെയ്തോട്ടെ. താല്പര്യമുണ്ടെങ്കിൽ നിങ്ങൾക്കും അവിടെ ഒരു ജോലി തരപ്പെടുത്തിത്തരാം. എന്നാൽ ഒന്നിച്ചു തന്നെ കഴിയാമല്ലോ.'

അല്ലാഹുവിന്റെ സഹായവും അനുഗ്രഹവും വന്നിറങ്ങുന്ന മാർഗങ്ങളെക്കുറിച്ചോർത്ത് ഞാൻ എത്രയോ വട്ടം അല്ലാഹുവിനെ സ്തുതിച്ചു. റസിയക്കുട്ടീ, അങ്ങനെ എന്റെ ജീവിതത്തിലും സന്തോഷം വരുകയാണ്. ഇക്കയെ ഒരുക്കി യയച്ചാണ് ഞാനിപ്പോ ഇങ്ങോട്ട് വന്നത്. എന്റെ മനസ്സ് പറയുന്നു; വൈകാതെ നിന്റെ ജീവിതത്തിലും സന്തോഷം വരുമെന്ന്! പടച്ചോനോട് കരഞ്ഞു കരഞ്ഞ് ദുആയിരുന്നോളൂ. അവൻ നമ്മെ തട്ടിക്കളയില്ലെടീ.'

ജമീല നനഞ്ഞ ഉടുപ്പുകളോടെ കെട്ടിപ്പുണർന്ന് ഉമ്മ തന്നപ്പോൾ എന്റെ ഉള്ളും പുറവും കുളിരണിഞ്ഞു പോയി.

(തുടരും)

# ശാഫിഇൗ ഫിഖ്ഹ്

ചോദ്യോത്തരം/ ശാഫിഇൗ

ചെറുശ്ശോല അബ്ദുൽ ജലീൽ സഖാഫി

# എഴുത്ത് ത്വലാഖാകുമോ?

***ചോദ്യം:*** *ഇമാം നിൽക്കേണ്ടത് സ്വഫ്ഫിന്റെ മധ്യഭാഗത്തായിരിക്കണം എന്നുണ്ടോ? അങ്ങനെയായില്ലെങ്കിൽ ജമാഅത്തിന്റെ പ്രതിഫലം നഷ്ടപ്പെടുമോ? ചില പള്ളികളിൽ നിർമ്മാണസ്വഭാവമനുസരിച്ച് മിഹ്റാബ് മധ്യത്തിലാവാറില്ല. അപ്പോൾ എന്തുചെയ്യും?*

**ഉത്തരം:** മഅ്മൂമുകൾ സ്വഫ്ഫായി നിൽക്കുമ്പോൾ ഇമാം മധ്യത്തിലാകുന്ന വിധം ഇമാമിന്റെ ഇരുവശങ്ങളിലേക്കും അകലമൊപ്പിച്ചുകൊണ്ട് നിൽക്കലാണ് സുന്നത്ത്. (മജ്മൂഅ് 4/301, അസ്നൽ മത്വാലിബ് 1/234, മുഗ്നിൽ മുഹ്താജ് 1/493)

ഇമാമിനെ മധ്യത്തിലാക്കുകയും സ്വഫിലെ വിടവ് അടക്കുകയും ചെയ്യണമെന്ന് റസൂലുല്ലാഹി(സ) നിർദ്ദേശിച്ചതായി അബൂഹുറയ്റയിൽ നിന്ന് ഇമാം അബൂദാവൂദ് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. (സുനനുഅബീദാവൂദ് ഹ: 681)

അല്ലാമ സയ്യിദ് അലവി അസ്സഖാഫ് ഉദ്ധരിക്കുന്നു: അല്ലാമ അസ്സയ്യിദ് അബ്ദുല്ലാഹി ബാഫഖീഹ്(റ)വിന്റെ ഫതാവയിൽ ഇപ്രകാരമുണ്ട്: സ്വഫിന്റെ ഒരുവശം മറുവശത്തെക്കാൾ കൂടുതലാവാതെ ഇരുവശങ്ങളും തുല്യമാക്കൽ സുന്നത്താണ്. അതിന് വിരുദ്ധമാവൽ ജമാഅത്തിന്റെ ശ്രേഷ്ഠതയെ നഷ്ടപ്പെടുത്തുന്ന കറാഹത്താണ്. ജമാഅത്ത് എന്ന നിലയിൽ വരുന്ന കറാഹത്തുകളെല്ലാം ജമാഅത്തിന്റെ ശ്രേഷ്ഠത നഷ്ടപ്പെടുത്തും. സ്വഫിൽ നിന്ന് ഒറ്റപ്പെട്ടു നിൽക്കുക, കാരണമില്ലാതെ മൂന്നു മുഴത്തിലേറെ ദൂരെ നിൽക്കുക, കൂടുതൽ പേർ ഇമാമിന്റെ ഒരു വശത്തേക്ക് നിൽക്കുക എന്നിവകൊണ്ട് ജമാഅത്തിന്റെ ശ്രേഷ്ഠത നഷ്ടപ്പെടുമെന്നതാണ് പ്രബലമെന്ന് ഇബ്നുഹജർ(റ) പറഞ്ഞിട്ടുണ്ട്. ശ്രേഷ്ഠത ലഭിക്കുമെന്നാണ് അബൂമഖ്റമ(റ) പറഞ്ഞിട്ടുള്ളത്. (തർശീഹ് 109)

സ്വഫ്ഫായി നിൽക്കുമ്പോൾ ഇമാമിന്റെ ഇരുവശങ്ങളിലേക്കും തൂക്കമൊപ്പിച്ചു നിൽക്കുകയാണ് വേണ്ടത്, ഒരു വശത്തേക്ക് കൂടുതലായി നിൽക്കുന്നത് ശരിയല്ല, അത് ജമാഅത്തിന്റെ പ്രതിഫലത്തെ ബാധിക്കും എന്നെല്ലാം മേൽ ഉദ്ധരണിയിൽ നിന്ന് വ്യക്തമാണ്. എന്നാൽ, ഇമാമിന്റെ രണ്ടുവശങ്ങളിലേക്കായി സ്വഫ് നിൽക്കുകയും ഒരു വശത്ത് സ്ഥലസൗകര്യമില്ലാത്തതിനാൽ മറുവശത്തേക്ക് കൂടുതൽ പേർ നിൽക്കേണ്ടിവരികയും ചെയ്യുന്നതുമൂലം ജമാഅത്തിന്റെ പ്രതിഫലം നഷ്ടപ്പെടില്ലെന്ന് മനസ്സിലാക്കാവുന്നതാണ്. സൗകര്യമില്ലാത്തതു കൊണ്ടാണല്ലോ അങ്ങനെ സംഭവിച്ചത്.

ഇമാം മിഹ്റാബിൽ തന്നെ നിൽക്കണമെന്നില്ല. രണ്ടു വശങ്ങളിലേക്കും തുല്യമായി സ്വഫ് നിൽക്കാവുന്ന വിധം മിഹ്റാബിൽ നിന്ന് മാറി നിൽക്കാവുന്നതാണ്. മിഹ്റാബുകൾ ഇമാമിന് നിൽക്കാൻ സൗകര്യപ്പെടും വിധം പള്ളിയുടെ മധ്യഭാഗത്ത് നിർമ്മിക്കൽ തന്നെയാണ് നല്ലത്.

***ചോദ്യം:*** *റഹ്മത്തിന്റെ ആയത്ത് പാരായണം ചെയ്യുമ്പോൾ റഹ്മത്തിനു വണ്ടി ദുആ ചെയ്യലും ശിക്ഷയെക്കുറിച്ചുള്ള ആയത്ത് പാരായണം ചെയ്യുമ്പോൾ ശിക്ഷയിൽ നിന്ന് കാവൽ തേടലും സുന്നത്താണല്ലോ. നിസ്കാരത്തിലും ഇത് സുന്നത്തുണ്ടോ? ഉണ്ടെങ്കിൽ ഇമാം ഉറക്കെയാണോ പതുക്കെയാണോ പ്രസ്തുത ദുആ ചെയ്യേണ്ടത്? മഅ്മൂമുകൾക്കും ഈ ദുആ സുന്നത്തുണ്ടോ?*

**ഉത്തരം:** റഹ്മത്തിനെക്കുറിച്ചു പറയുന്ന ആയത്ത് ഓതിയാൽ റഹ്മത്ത് ചോദിക്കലും ശിക്ഷയെക്കുറിച്ചുള്ള ആയത്ത് ഓതിയാൽ ശിക്ഷയിൽ നിന്ന് കാവൽ തേടലും സുന്നത്താണ്. നിസ്കാരത്തിൽ ഖുർആൻ പാരായണം ചെയ്യുമ്പോഴും ഇത് സുന്നത്തു തന്നെയാണ്. ശബ്ദമുയർത്തി ഖുർആൻ പാരായണം ചെയ്യുന്ന നിസ്കാരങ്ങളിൽ ഇമാം പ്രസ്തുത ദുആ ഉറക്കെ നിർവഹിക്കലാണ് സുന്നത്ത്. മഅ്മൂമുകൾക്കും ഈ ദുആ സുന്നത്താണ്.

ഇമാം റംലി(റ), ഖത്വീബുശ്ശിർബീനി(റ) എന്നിവർ എഴുതുന്നു: 'നിസ്കാരത്തിലും അല്ലാത്തപ്പോഴും റഹ്മത്തിന്റെ ആയത്ത് പാരായണം ചെയ്താൽ റഹ്മത്ത് ചോദിക്കലും ശിക്ഷയുടെ ആയത്ത് പാരായണം ചെയ്താൽ ശിക്ഷയിൽ നിന്ന് കാവൽ തേടലും സുന്നത്താണ്.' (നിഹായ 1/548, മുഗ്നി 1/390, തുഹ്ഫ 2/101)

ഒറ്റയ്ക്ക് നിസ്കരിക്കുന്നവനും ഇമാമിനും മഅ്മൂമിനു

മെല്ലാം ഇത് സുന്നത്താണ്. (ശറഹുൽ മുഹദ്ദബ് 2/165, അത്തിബ്‌യാൻ 91)

റഹ്മത്ത് ചോദിക്കുന്നതിലും ശിക്ഷയിൽ നിന്ന് കാവൽ ചോദിക്കുന്നതിലും മഅ്മൂം ഇമാമിനെ പിൻപറ്റൽ സുന്നത്താണ്. ഈ ദുആ ചെയ്യുന്നതിൽ ഇമാമും മഅ്മൂമും തുല്യരാണ്. (ശറഹുൽ മുഹദ്ദബ് 4/66)

റഹ്മത്തിന്റെ ആയത്ത് പാരായണം ചെയ്താൽ 'റബ്ബിഗ്ഫിർ വർഹം വഅൻത ഖൈറുറാഹിമീൻ' പോലെയുള്ള വചനങ്ങൾ കൊണ്ട് റഹ്മത്ത് ചോദിക്കലും ശിക്ഷയെക്കുറിച്ചുള്ള ആയത്ത് പാരായണം ചെയ്യുമ്പോൾ 'റബ്ബി അഇദ്നീ മിൻ അദാബിക' പോലെയുള്ള വചനംകൊണ്ട് കാവൽ തേടലും സുന്നത്താണ്, ഉറക്കെ ഓതുന്ന നിസ്കാരങ്ങളിൽ ഇമാമും ഒറ്റയ്ക്ക് നിസ്കരിക്കുന്നവനും ഇവ ഉറക്കെ ചൊല്ലൽ സുന്നത്താണ് എന്നെല്ലാം ഇമാം ഇബ്നുഹജർ(റ) ശറഹുബാഫള്ലിൽ പറഞ്ഞിരിക്കുന്നു. (അൽഹവാശിൽ മദനിയ്യ 1/250)

നബി(സ) നിസ്കാരത്തിലെ ഖുർആൻ പാരായണത്തിൽ അനുഗ്രഹം ചോദിക്കാൻ പറയുന്ന ആയത്തുകൾ ഓതിയപ്പോൾ അനുഗ്രഹം ചോദിക്കുകയും കാവൽതേട്ടത്തെക്കുറിച്ചുള്ള ആയത്തോതിയപ്പോൾ കാവൽ തേടുകയും ചെയ്തിരുന്നുവെന്ന് ഹുദൈഫ(റ)വിൽ നിന്ന് സ്വഹീഹുമുസ്‌ലിം റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

***ചോദ്യം: ഭാര്യഭർത്താക്കളും അവരുടെ കുടുംബങ്ങളും കൂടിയാലോചിച്ച് ത്വലാഖ് തീരുമാനമായാൽ പിന്നെ വക്കീൽ മുഖേന തയ്യാറാക്കുന്ന രേഖയിൽ ത്വലാഖിന്റെ വാക്യം എഴുതിച്ചേർത്താൽ മതിയാകുമോ? അതല്ലെങ്കിൽ ഭർത്താവിന്റെ കൈപ്പടയിൽ തന്നെ വാക്യം എഴുതേണ്ടതുണ്ടോ? വാക്യം ഭർത്താവ് ഉച്ചരിക്കുക തന്നെ വേണമോ? വിശദമായ മറുപടി പ്രതീക്ഷിക്കുന്നു.***

**ഉത്തരം:** ത്വലാഖിന്റെ വാക്യം ഉച്ചരിച്ചുകൊണ്ടും എഴുതിക്കൊണ്ടും ത്വലാഖ് നടത്താവുന്നതാണ്. രണ്ടു രൂപത്തിലും ത്വലാഖ് സംഭവിക്കും. എന്നാൽ, ത്വലാഖിന്റെ വാക്യം രണ്ടിനമുണ്ട്; സ്വരീഹും കിനായത്തും – അഥവാ വ്യക്തമായതും അവ്യക്തമായതും. അവ്യക്തതയുള്ള വാക്യം ഉച്ചരിക്കുമ്പോൾ ത്വലാഖ് ചെല്ലുകയാണെന്ന നിയ്യത്തുണ്ടെങ്കിലേ ത്വലാക്ക് സംഭവിക്കുകയുള്ളൂ. വ്യക്തമായ വാക്യമാണെങ്കിൽ പ്രസ്തുത ഉദ്ദേശ്യമില്ലെങ്കിലും ത്വലാക്ക് സംഭവിക്കും. എന്നാൽ, എഴുത്ത് കിനായത്ത് വകുപ്പിൽ പെട്ടതാണ്. അതിനാൽ ഏതിനത്തിൽപ്പെട്ട വാക്യമാണെങ്കിലും ത്വലാഖ് ചൊല്ലുന്നു എന്ന നിയ്യത്തോടെ എഴുതിയാലേ ത്വലാഖ് സംഭവിക്കുകയുള്ളൂ. എഴുതുന്നവൻ തന്നെ നിയ്യത്ത് ചെയ്യണം. പ്രസ്തുത നിയ്യത്തോടെ ഭർത്താവ് എഴുതണം, അല്ലെങ്കിൽ എഴുതാനും നിയ്യത്ത് ചെയ്യാനും ഭർത്താവ് മറ്റൊരാളെ ഏൽപ്പിക്കുകയും നിയ്യത്തോടെ അദ്ദേഹം എഴുതുകയും വേണം. മറ്റൊരാൾ എഴുതുകയും ഭർത്താവ് നിയ്യത്ത് ചെയ്യുകയുമാണെങ്കിൽ ത്വലാഖ് സംഭവിക്കുന്നതല്ല. ഭർത്താവ് ഏൽപ്പിക്കാതെ മറ്റൊരാൾ നിയ്യത്ത് ചെയ്യുന്നതിനും ഫലമില്ല.



(അവലംബം തുഹ്ഫ 8/22, നിഹായ 6/437)

ഇരുകക്ഷികളും ധാരണയായിട്ടുണ്ടെങ്കിലും വക്കീൽ തയ്യാറാക്കുന്ന രേഖയിൽ വാക്യം എഴുതിച്ചേർത്തതുകൊണ്ടു മാത്രം ത്വലാഖ് സംഭവിക്കുകയില്ല. നിയ്യത്തോടെ ഭർത്താവ് തന്നെ എഴുതുകയോ എഴുത്തും നിയ്യത്തും ഭർത്താവ് ഏൽപ്പിച്ചതനുസരിച്ച് നിയ്യത്തോടെ മറ്റൊരാൾ എഴുതുകയോ വേണം എന്നെല്ലാം മേൽവിവരണത്തിൽ നിന്ന് വ്യക്തമായല്ലോ.

ഏതായാലും എഴുത്തിൽ നിയ്യത്തിന്റെ പ്രശ്നമുള്ളതിനാൽ ഇരുകക്ഷികളും ത്വലാഖിന് ധാരണയായ സ്ഥിതിക്ക് ഏറ്റവും നല്ലത് ഭർത്താവ് ത്വലാഖിന്റെ വ്യക്തമായ വാക്യം ഉച്ചരിക്കുന്നതാണ്. അക്കാര്യം വക്കീൽ തയ്യാറാക്കുന്ന രേഖയിൽ എഴുതിച്ചേർക്കുകയും ചെയ്യാം. മൂന്നും ചൊല്ലേണ്ടതില്ല. എണ്ണം ഉദ്ദേശിക്കാതെ 'എന്റെ ഭാര്യയായ ഇന്നവളെ ഞാൻ ത്വലാഖ് ചൊല്ലി' എന്നോ 'എന്റെ ഭാര്യയായ ഇന്നവളെ ഞാൻ ഒരു ത്വലാഖ് ചൊല്ലി' എന്നോ പറഞ്ഞാൽ മതിയാകുന്നതാണ്.

സെന്റിനറി

അബൂറയ്യാൻ

# സമസ്ത: മന്നേറ്റത്തിന്റെ സമരജ്വാല

തിരുനബി(സ)യും സ്വഹാബത്തും കാണിച്ചുതന്ന തെളിമയാർന്ന മാതൃകയിൽ നിന്നാണ് വിശുദ്ധ ഇസ്‌ലാമിന്റെ മധുരം കേരളത്തിലെ മുസ്‌ലിംകൾ അനുഭവിച്ചത്. ആ തെളിമയും പാരമ്പര്യവുമുള്ള വിശ്വാസത്തെ പതിനാലു നൂറ്റാണ്ടുകാലം പോറലേൽക്കാതെ മലയാളക്കര സംരക്ഷിച്ചുപോന്നു. പള്ളികളായിരുന്നു അക്കാലത്തെ വൈജ്ഞാനിക, ആത്മീയകേന്ദ്രങ്ങൾ. ഹിജ്റ ഒമ്പതാം നൂറ്റാണ്ടു മുതൽ പൊന്നാനി കേന്ദ്രമാക്കി മഖ്ദൂമുമാർ ഈ പാരമ്പര്യത്തനിമ കാത്തുസൂക്ഷിച്ചുകൊണ്ടു തന്നെ ഒരു വലിയ വൈജ്ഞാനിക ആത്മീയ വിപ്ലവത്തിന് തുടക്കം കുറിച്ചു. അതായിരുന്നു പള്ളിദർസുകൾ! പള്ളികളിൽ പ്രവർത്തിച്ചിരുന്ന ദർസുകൾ വിവിധ വിജ്ഞാനശാഖകളിലേക്ക് തുറക്കുന്ന വിസ്മയജാലകങ്ങളായി മാറി. വൈജ്ഞാനികമായ ഉണർവ് ആത്മീയമായ പുരോഗതിക്ക് ആക്കം കൂട്ടി. മൗലിദുകളും മാലപ്പാട്ടുകളും മഹാന്മാരെ പ്രകീർത്തിച്ചുകൊണ്ടുള്ള പ്രകീർത്തനകാവ്യങ്ങളും വിരചിതമായി. സാഹിത്യഗരിമയിലുപരി പാരമ്പര്യവിശ്വാസത്തിന്റെ തനിമയുള്ള ഈ രചനകൾ കേരളത്തിലെ മുസ്‌ലിംകൾക്ക് രോഗശാന്തിയും ആത്മീയപുരോഗതിയും സമ്മാനിച്ചു. പണ്ഡിതന്മാരുടെ തണലിൽ മുസ്‌ലിം സമൂഹം യഥാർത്ഥ ഇസ്‌ലാമിനെ പ്രായോഗികമാക്കി മുന്നോട്ടുപോകുമ്പോഴാണ് ഇരുപതാം നൂറ്റാണ്ടിന്റെ തുടക്കത്തിൽ സാമ്രാജ്യത്വശക്തികളുടെ പിന്തുണയോടെ ഇസ്‌ലാമിന്റെ പാരമ്പര്യപ്പെരുമയെ വികലമാക്കുന്ന പരിഷ്കരണസംഘം കേരളത്തിൽ തലപൊക്കിത്തുടങ്ങിയത്.

ഐക്യത്തോടെ കഴിഞ്ഞിരുന്ന കേരളത്തിലെ മുസ്‌ലിം സമൂഹത്തിനിടയിൽ ചില ഉല്പതിഷ്ണുക്കൾ അനാവശ്യമായ ഒരു 'ഐക്യസംഘം' രൂപീകരിച്ചു. അക്കാലത്ത് സജീവമായിരുന്ന ഖിലാഫത്ത് പ്രസ്ഥാനത്തിന്റെ നിഴൽപറ്റിയായിരുന്നു സംഘത്തിന്റെ പ്രവർത്തനം. തമിഴ്നാട്ടിൽ നടന്ന ഖിലാഫത്ത് നേതാക്കളുടെ സ്വീകരണ സമ്മേളനത്തിൽ വച്ച് തങ്ങളുടെ വികലവാദങ്ങൾ പ്രചരിപ്പിക്കുന്നതിനായി ഒരു പണ്ഡിത സംഘടനക്ക് അവർ രൂപം നൽകി. വാളക്കുളം അബ്ദുൽബാരി മുസ്‌ലിയാരടക്കം ദീർഘവീക്ഷണമുള്ള പണ്ഡിതന്മാരുടെ എതിർപ്പ് അവഗണിച്ചായിരുന്നു ഈ സംഘടനാ രൂപീകരണം. ഇബ്നുഅബ്ദുൽവഹാബ്, ഇബ്നുതൈമിയ്യ തുടങ്ങിയവരുടെ പിഴച്ച ആശയങ്ങൾ സംഘടനയുടെ പേരിൽ സമൂഹത്തിൽ അവർ പ്രചരിപ്പിച്ചു തുടങ്ങി. പാരമ്പര്യവിശ്വാസത്തെ പരിഹസിക്കുകയും മാലമൗലിദുകളെ തള്ളിപ്പറയുകയും ചെയ്തു. മുസ്‌ലിം സമുദായത്തിനിടയിലെ ഭിന്നത കൊതിച്ചു നടന്നിരുന്ന ബ്രിട്ടീഷുകാർ ഈ വികലവിഭാഗക്കാർക്ക് എല്ലാ പിന്തുണയും നൽകി.


ഈ കുതന്ത്രങ്ങൾ തിരിച്ചറിഞ്ഞ മഹത്തുക്കളായ പണ്ഡി



**സമസ്തയുടെ നേതൃനിരയിലുണ്ടായിരുന്ന പണ്ഡിതരുടെ നിസ്വാർത്ഥമായ സേവനവും പരിശ്രമവുമാണ് കേരളം ഇന്ന് കൈവരിച്ചിട്ടുള്ള ആത്മീയവും വൈജ്ഞാനികവുമായ പുരോഗതിയുടെ അടിത്തറയെന്നത് നിസ്തർക്കമാണ്. പുത്തനാശയങ്ങളുടെയും കള്ളത്വരീഖത്തുകളുടെയും പൊള്ളത്തരങ്ങൾ നിസ്തുലമായ ആദർശപ്രചാരണ ദൗത്യങ്ങളിലൂടെ സമസ്ത തുറന്നുകാട്ടിയിട്ടുണ്ട്.**

തന്മാർ ഉണർന്നുപ്രവർത്തിച്ചു. വികലവാദക്കാരെ പ്രതിരോധിക്കുന്നതിനു വേണ്ടി 1926 ൽ സമസ്ത കേരള ജംഇയ്യത്തുൽ ഉലമ എന്ന ആധികാരിക പണ്ഡിതസംഘടന രൂപീകരിച്ചു. 1934 ൽ സംഘടനയുടെ നിയമാവലി രജിസ്റ്റർ ചെയ്തു.

ദീർഘവീക്ഷണമുള്ള പണ്ഡിതന്മാർ സമസ്തയുടെ ലക്ഷ്യവും ആദർശവും കൃത്യമായി നിർണയിച്ചു രേഖപ്പെടുത്തി. വിശുദ്ധ ദീനുൽ ഇസ്‌ലാമിന്റെ ആചാരങ്ങളെയും വിശ്വാസങ്ങളെയും യഥാവിധി പ്രബോധനം ചെയ്യുക, പ്രചരിപ്പിക്കുക, വികല പ്രസ്ഥാനങ്ങളെയും അവരുടെ പ്രചാരണങ്ങളെയും നിയമാനുസൃതം തടയുകയും അതിൽ പതിയിരിക്കുന്ന അപകടത്തെക്കുറിച്ച് മുസ്‌ലിം സമൂഹത്തെ ബോധവൽക്കരിക്കുകയും ചെയ്യുക, മുസ്‌ലിം സമുദായത്തിന്റെ മതപരവും സാമുദായികപരവുമായ അവകാശങ്ങൾ സംരക്ഷിക്കുക, മതവിജ്ഞാനം പ്രചരിപ്പിക്കുന്നതിനു പുറമെ മതവിശ്വാസത്തിന് ഹാനികരമല്ലാത്ത ഭൗതികവിദ്യാഭ്യാസം പരിപോഷിപ്പിക്കുക, മുസ്‌ലിം സമുദായത്തിന്റെ പൊതുവായ ഗുണത്തിനുവേണ്ടി പ്രവർത്തിക്കുക, അനാചാരങ്ങളെയും അന്ധവിശ്വാസങ്ങളെയും അധർമ്മത്തെയും തിരുത്തി സമൂഹത്തിന്റെയും മതത്തിന്റെയും അഭിവൃദ്ധിക്കു വേണ്ടി പരിശ്രമിക്കുക എന്നിവയായിരുന്നു സമസ്തയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ.



സമസ്തയുടെ നേതൃനിരയിലുണ്ടായിരുന്ന പണ്ഡിതരുടെ നിസ്വാർത്ഥമായ സേവനവും പരിശ്രമവുമാണ് കേരളം ഇന്ന് കൈവരിച്ചിട്ടുള്ള ആത്മീയവും വൈജ്ഞാനികവുമായ പുരോഗതിയുടെ അടിത്തറയെന്നത് നിസ്തർക്കമാണ്. പുത്തനാശയങ്ങളുടെയും കള്ളത്വരീഖത്തുകളുടെയും പൊള്ളത്തരങ്ങൾ നിസ്തുലമായ ആദർശപ്രചാരണ ദൗത്യങ്ങളിലൂടെ സമസ്ത തുറന്നുകാട്ടിയിട്ടുണ്ട്.

സമസ്തയുടെ വാർഷിക സമ്മേളനങ്ങളിൽ അവതരിപ്പിക്കപ്പെട്ട ഗംഭീരപ്രമേയങ്ങളും നാടുകൾ തോറും നടന്ന മതപ്രഭാഷണങ്ങളും സംവാദങ്ങളും ഖണ്ഡനപ്രസംഗങ്ങളും അഹ്‌ലുസ്സുന്നയുടെ ആദർശങ്ങളിൽ അടിയുറച്ചു നിൽക്കാനും പുത്തൻവാദികളോട് അകലം പാലിക്കാനും കേരള മുസ്‌ലിംകൾക്ക് പ്രചോദനമായി. 1929 ൽ ഡിസംബറിൽ പ്രസിദ്ധീകരണമാരംഭിച്ച അൽബയാൻ മാസിക, ഇ കെ ഹസൻ മുസ്‌ലിയാർ പത്രാധിപരായി പ്രസിദ്ധീകരിച്ച അൽജലാൽ മാസിക, 1964 ൽ പ്രസിദ്ധീകരണമാരംഭിച്ച എസ് വൈ എസ് മുഖപത്രം സുന്നി ടൈംസ് (1974 മുതൽ സുന്നി വോയ്സ്) തുടങ്ങിയ ആനുകാലിക പ്രസിദ്ധീകരണങ്ങളും അനേകം സാരസമ്പന്നമായ രചനകളും അഹ്‌ലുസ്സുന്നയുടെ ആശയപ്രചാരണത്തിൽ മുഖ്യചാലകശക്തികളായി.

1961 ൽ കക്കാട് സമ്മേളനത്തിൽ സമസ്തയുടെ കീഴ്ഘടകമായി സുന്നി യുവജന സംഘം (എസ് വൈ എസ്) രൂപവത്കരിക്കപ്പെട്ടു. ആദർശരംഗത്ത് വിദ്യാർത്ഥികളെ ഉറപ്പിച്ചു നിർത്താനും സമന്വയ വിദ്യാഭ്യാസമുന്നേറ്റത്തിനും 1973 ൽ സുന്നി സ്റ്റുഡന്റ്സ് ഫെഡറേഷൻ (എസ്എസ്എഫ്) രൂപീകരിച്ചു. 2015 ഒക്ടോബർ പത്തിന് മലപ്പുറം ടൗൺഹാളിൽ ചേർന്ന സമ്മേളനത്തിൽ സമസ്ത സമുന്നത കീഴ്ഘടകമായി കേരള മുസ്‌ലിം ജമാഅത്ത് നിലവിൽ വന്നു.

100 പ്രകാശവർഷങ്ങൾ എന്ന ശീർഷകത്തിൽ സമസ്ത സെന്റിനറി സമ്മേളനം 2027 ജനുവരി 28, 29, 30, 31 തീയതികളിൽ മലപ്പുറം ജില്ലയിലെ വാദിഹറമൈനിൽ പ്രൗഢോജ്ജ്വലമാകാനിരിക്കെ കേരളത്തിലെ വിദ്യാഭ്യാസ, സാംസ്കാരിക, സാമൂഹിക, ജീവകാരുണ്യ മേഖലകളിൽ അതുല്യമായ കർമപദ്ധതികളാണ് സമസ്ത നടപ്പിലാക്കിക്കൊണ്ടിരിക്കുന്നത്.

ചോദ്യോത്തരം/ ഹനഫി

ഡോ. അബ്ദുൽ ഹകീമിൽ കനാഫലി

# കടം വീട്ടാതെ ഉംറ ചെയ്യാമോ?

***ചോദ്യം: മയ്യിത്ത് ഖബറടക്കിയ ശേഷം ഖബറിനു മുകളിൽ മൂന്നുപ്രാവശ്യം വെള്ളം ഒഴിക്കുന്നതായി ഞങ്ങളുടെ നാടുകളിൽ കാണുന്നു. ഇതിനെന്തെങ്കിലും അടിസ്ഥാന തെളിവുണ്ടോ?***
***കമാലുദ്ദീൻ, ദുബൈ***

**ഉത്തരം:** മയ്യിത്ത് മറവ് ചെയ്ത ശേഷം ഖബറിന്റെ മുകളിൽ വെള്ളം തളിക്കുന്നതിൽ തെറ്റില്ല. ഖബറിനു മുകളിലെ മണ്ണ് ഉറയ്ക്കുന്നതിനു വേണ്ടിയാണ് ഇങ്ങനെ ചെയ്യുന്നത്. എന്നാൽ ഇമാം അബൂയൂസഫ്(റ) എന്നവർ ഇത് കറാഹത്താണെന്ന് പറഞ്ഞിട്ടുണ്ട്. (അൽബിനായഃ 2/1041, അൽജൗഹറത്തുന്നയ്യിറഃ 1/132)

***ചോദ്യം: വാജിബായ നിസ്കാരങ്ങൾ ഇരുന്ന് നിസ്കരിക്കാമോ?***
***ജുമാന നൗഷാൻ***
***അൽഐൻ***

**ഉത്തരം:** വാജിബായ നിസ്കാരം (വിത്റ്) ഇരുന്നു നിസ്കരിക്കൽ നിൽക്കാൻ കഴിവുള്ളവർക്ക് അനുവദനീയമല്ല. (അൽഫതാവൽ ഹിന്ദിയ്യ 1/111)

***ചോദ്യം: കടമുള്ളയാൾ കടം വീട്ടുന്നതിനു മുമ്പായി ഉംറ നിർവഹിക്കുന്നത് തെറ്റാകുമോ?***
***സ്വാലിഹ, പന്തളം***

**ഉത്തരം:** കടമുള്ളയാൾ ഹജ്ജിന് പോകാനുദ്ദേശിച്ചാൽ ആർക്കാണോ കടം തിരിച്ചുനൽകാനുള്ളത്, അവരോട് സമ്മതം ചോദിക്കൽ അനിവാര്യമാണ്. (ഹാശിയത്തുത്വഹ്ത്വാവി, പേ. 477) ഉംറ നിശ്ചിതകാര്യങ്ങളിലൊഴികെ ഹജ്ജ് പോലെത്തന്നെയാണ്. (നൂറുൽഈളാഹ്, പേ. 60) അതിനാൽ, കടം കൊടുക്കാനുള്ളവരുടെ സമ്മതത്തോടെ ഉംറക്ക് പോകാവുന്നതാണ്.

***ചോദ്യം: റൂഹാനി എന്ന് പറയുന്ന ഒരു സൃഷ്ടിയുണ്ടോ? ഉണ്ടെങ്കിൽ അതിന് ഉപകാരവും ഉപദ്രവവും ചെയ്യാൻ കഴിയുമോ?***
***ജമീല നാസർ,***
***വണ്ടിപെരിയാർ***

**ഉത്തരം:** ഒരു വിഭാഗം മലക്കുകൾ റൂഹാനികൾ എന്ന പേരിൽ അറിയപ്പെടുന്നുണ്ട്. ജിബ്രീൽ(അ), മീക്കാഈൽ(അ), ഇസ്റാഫീൽ(അ) എന്നീ മലക്കുകൾ റൂഹാനികൾ എന്ന വിഭാഗത്തിൽ പെട്ടവരാണ്. (താജുൽ അറൂസ് 7/139) കാണപ്പെടുന്ന ശരീരമില്ലാത്ത സൃഷ്ടികളായ മലക്കുകൾ, ജിന്നുകൾ എന്നിവർ റൂഹാനികളാണ്. (തഹ്ദീബുല്ലുഗ 2/385) സൃഷ്ടികൾക്ക് സ്വയംപര്യാപ്ത കഴിവുകൾ ഇല്ലാത്തതിനാൽ ഉപകാരമോ ഉപദ്രവമോ ചെയ്യാൻ ഇവർക്ക് കഴിയില്ല. പരമമായ ഉപകാരവും മറ്റും ചെയ്യുന്നത് സ്രഷ്ടാവായ അല്ലാഹുതആലാ മാത്രമാണ്.

***ചോദ്യം: വഖഫ് ചെയ്യാത്ത പള്ളിയിൽ ഇമാമും ജമാഅത്തും നിർവഹിച്ചാൽ ജമാഅത്തിന്റെ പ്രതിഫലം കിട്ടുമോ?***
***അബ്ദുല്ലത്തീഫ്, കുമളി***

**ഉത്തരം:** പള്ളി എന്ന നിലക്ക് നിർമിച്ച കെട്ടിടത്തിൽ ജമാഅത്തായി നിസ്കരിക്കുകയോ ഒരാൾ പരസ്യമായി ബാങ്കും ഇഖാമത്തും കൊടുത്ത് നിസ്കരിക്കുകയോ ചെയ്താൽ അത് പള്ളിയായി മാറുന്നതാണ്. (അൽ ഇനായഃ 8/356) അതിനാൽ, ചോദ്യത്തിൽ പറഞ്ഞ പോലെ വഖ്ഫ് ചെയ്തിട്ടില്ലെങ്കിലും ജമാഅത്ത് നിസ്കാരം നടക്കുന്നതുകൊണ്ട് അത് പള്ളിയാണ്.

മതിയായ കാരണമില്ലാതെ വീടുപോലുള്ള സ്ഥലത്ത് ജമാഅത്തായി നിസ്കരിക്കൽ കറാഹത്തും ബിദ്അത്തുമാണെന്നും ജമാഅത്തിന്റെ പ്രതിഫലം ലഭിക്കുന്നതല്ലെന്നും ഇമാം ഹുൽവാനി(റ) എന്നവർക്ക് അഭിപ്രായമുണ്ടെങ്കിലും അത് കറാഹത്തില്ലെന്നും ജമാഅത്തിന്റെ പ്രതിഫലം ലഭിക്കുമെന്നുമാണ് പ്രബലാഭിപ്രായം. എന്നാലും പള്ളിയിലെ ജമാഅത്ത് നിസ്കാരത്തിനാണ് കൂടുതൽ പുണ്യമുള്ളത്. (റദ്ദുൽമുഹ്താർ 1/427)

## എസ് ജെ എം കന്നട ബാലമാസിക പ്രസിദ്ധീകരിക്കുന്നു

കോഴിക്കോട്: സുന്നി ജംഇയ്യത്തുൽ മുഅല്ലിമീൻ സെൻട്രൽ കമ്മിറ്റി കന്നട ഭാഷയിൽ ബാലമാസിക പ്രസിദ്ധീകരിക്കുന്നു. ഹംറ വർദ എന്ന പേരിലുള്ള ബാല മാസികയുടെ പ്രചാരണാർത്ഥം കർണാടക സ്റ്റേറ്റിലെ ദക്ഷിണ കന്നഡ ഈസ്റ്റ്, വെസ്റ്റ്, സൗത്ത്, ഉഡുപ്പി, കൊടക് ജില്ലകളിൽ സെൻട്രൽ കമ്മിറ്റി നേതാക്കളും കർണാടക സ്റ്റേറ്റ് നേതാക്കളും പര്യടനം നടത്താൻ തീരുമാനിച്ചു. പര്യടനം വിജയകരമാക്കണമെന്ന് എസ് ജെ എം സെൻട്രൽ കമ്മിറ്റി സെക്രട്ടറിയേറ്റ് യോഗം ആഹ്വാനം ചെയ്തു. ജൂലൈ 22ന് മാസിക പ്രകാശിതമാകും. അതോടനുബന്ധിച്ചു മംഗലാപുരത്ത് നടക്കുന്ന പരിപാടിയിൽ എസ് ജെ എം സെൻട്രൽ കമ്മിറ്റി സാരഥികളും കർണാടക നേതാക്കളും പണ്ഡിതരും മന്ത്രിമാരുമടക്കം നിരവധി പ്രമുഖർ സംബന്ധിക്കും. സെക്രട്ടറിയേറ്റ് യോഗത്തിൽ സയ്യിദ് അലി ബാഫഖി അധ്യക്ഷത വഹിച്ചു. അബൂഹനീഫൽ ഫൈസി ഉദ്ഘാടനം ചെയ്തു. വി പി എം വില്യാപ്പള്ളി, പ്രൊഫ. എ കെ അബ്ദുൽ ഹമീദ്, കെ പി എച്ച് തങ്ങൾ, സി എം യൂസുഫ് സഖാഫി, സുലൈമാൻ സഖാഫി കുഞ്ഞുകുളം, കെ ഉമർ മദനി, വി വി അബൂബക്കർ സഖാഫി, ബശീർ മുസ്‌ലിയാർ ചെറൂപ്പ ചർച്ചകൾക്ക് നേതൃത്വം നൽകി.

## മദ്റസാ ശാക്തീകരണ പദ്ധതികളുമായി വിദ്യാഭ്യാസ ബോർഡ്

കോഴിക്കോട്: സമസ്തയുടെ സെന്റിനറി ആഘോഷങ്ങളുടെ ഭാഗമായി സംഘടനാഘടകങ്ങളിലൂടെ നടപ്പിലാക്കുന്ന ജനക്ഷേമകരമായ അനേകം പദ്ധതികളിൽ സുന്നി വിദ്യാഭ്യാസ ബോർഡും പങ്കുചേരുന്നു. കേരളത്തിലും ഇതരസംസ്ഥാനങ്ങളിലും വിദേശത്തുമായി പതിനയ്യായിരത്തോളം മദ്റസകൾക്ക് നേതൃത്വം നൽകുന്ന ബോർഡ് മൂന്ന് കാറ്റഗറികളിലായി വിവിധ മദ്റസകൾക്ക് സാമ്പത്തികവും സാങ്കേതികവുമായ സഹായങ്ങൾ നൽകാനാണ് തീരുമാനിച്ചിരിക്കുന്നത്.

പദ്ധതികളുടെ ഭാഗമായി സാമ്പത്തിക പിന്നാക്കം നിൽക്കുന്ന പ്രദേശത്ത് പുതിയ കെട്ടിടങ്ങൾ നിബന്ധനങ്ങൾക്ക് വിധേയമായി നിർമിച്ചു നൽകും. പിന്നാക്ക പ്രദേശങ്ങളിലെ തെരഞ്ഞെടുത്ത മദ്റസകളിൽ ടോയ്‌ലറ്റ്, പ്രാർത്ഥനാഹാൾ എന്നിവ നിർമ്മിച്ചുനൽകുകയും ഫർണിച്ചർ സംവിധാനങ്ങൾ ഒരുക്കുകയും ചെയ്യും. സുന്നി മാനേജ്മെന്റ് അസോസിയേഷൻ നടത്തുന്ന ഗ്രേഡിങ് സംവിധാനത്തിലൂടെ മുൻനിരയിലെത്തുന്ന മദ്റസകളിൽ തെരഞ്ഞെടുക്കപ്പെടുന്നവർക്ക് ക്യാഷ് അവാർഡും അഭിനന്ദനപത്രവും ആദരവും നൽകും.

ഇതു സംബന്ധമായി സമസ്ത സെന്ററിൽ ചേർന്ന വിദ്യാഭ്യാസ ബോർഡ് പ്രവർത്തകസമിതി യോഗത്തിൽ പ്രസിഡന്റ് സയ്യിദ് അലി ബാഫഖി അധ്യക്ഷത വഹിച്ചു. സയ്യിദ് ഇബ്റാഹിം ഖലീലുൽ ബുഖാരി ഉദ്ഘാടനം ചെയ്തു. പ്രൊഫ. എ.കെ അബ്ദുൽഹമീദ് സ്വാഗതവും സി.പി സൈതലവി വരവുചെലവ് കണക്കും പ്രൊഫ കെ.എം.എ റഹീം നന്ദിയും പറഞ്ഞു. സയ്യിദ് ശറഫുദ്ദീൻ ജമലുല്ലൈലി, കെ.പി മുഹമ്മദ് മുസ്‌ലിയാർ, സയ്യിദ് ഫസൽ തങ്ങൾ, ടി. അബൂഹനീഫൽ ഫൈസി, വി.പി.എം വില്യാപ്പള്ളി, സി.മുഹമ്മദ് ഫൈസി, പി.എസ്.കെ മൊയ്തു ബാഖവി, വണ്ടൂർ അബ്ദുറഹ്മാൻ ഫൈസി, മാളിയേക്കൽ സുലൈമാൻ സഖാഫി, എൻ.അലി അബ്ദുല്ല, മജീദ് കക്കാട്, എ.സൈഫുദ്ദീൻ ഹാജി, അബൂബക്കർ മാസ്റ്റർ പടിക്കൽ, ഡോ. മുഹമ്മദ് കുഞ്ഞ് സഖാഫി, മുഹമ്മദലി സഖാഫി തൃക്കരിപ്പൂർ, അബ്ദുറഹ്മാൻ ദാരിമി കൂറ്റമ്പാറ, ബി.എസ് അബ്ദുല്ലകുഞ്ഞി ഫൈസി, അബ്ദുറഹ്മാൻ ദാരിമി സിഫോർത്ത്, സുലൈമാൻ സഖാഫി കുഞ്ഞുകുളം, ഇ യഅ്ഖൂബ് ഫൈസി, മുസ്തഫ മാസ്റ്റർ കോഡൂർ, ഉമർ മദനി, അബ്ദുറഹ്മാൻ മദനി ജപ്പു, കെ.കെ.എം കാമിൽ സഖാഫി, കെ.കെ അബ്ദുറഹ്മാൻ മുസ്‌ലിയാർ, പ്രൊഫ. യു സി മജീദ്, വി.എച്ച് അലി ദാരിമി, ഡോ എം.എ നാസർ ഹിശാമി, കെ.ഒ അഹ്മദ് കുട്ടി ബാഖവി, ശാദുലി ഫൈസി, തുടങ്ങിയവർ സംബന്ധിച്ചു.

## അസ്സുഫ്ഫ ദർസ് തുടക്കം പ്രൗഢോജ്ജ്വലമായി

കോഴിക്കോട്: സമസ്ത കേരള ജംഇയ്യത്തുൽ ഉലമ സെന്റിനറി ആഘോഷങ്ങളുടെ ഭാഗമായി 5 ലക്ഷം പഠിതാക്കളെ അണിനിരത്തിയുള്ള അസ്സുഫ്ഫാ നാട്ടുദർസിന് പ്രൗഢോജ്വല തുടക്കം. പാരമ്പര്യ ദീനീദഅ്‌വത്തിന്റെ പുനരാവിഷ്കാരം കൂടിയാണ് അസ്സുഫ്ഫ നാട്ടുദർസ്. ആഴ്ചയിലൊരിക്കൽ 40 മിനുട്ട് മുതൽ ഒരു മണിക്കൂർ വരെ ദൈർഘ്യമുള്ള ക്ലാസ്സിൽ ഓരോ പ്രദേശത്തെയും പൊതുജനങ്ങൾ പ്രായഭേദമന്യേ പങ്കെടുക്കും. പദ്ധതിയിലെ ക്ലാസ്സുകൾക്ക് നേതൃത്വം നൽകുന്ന ഉസ്താദുമാർക്കുള്ള പ്രത്യേക ഇജാസത്ത് സംഗമം മർകസിൽ നടന്നു. 65 വർഷമായി ദർസ്രംഗത്ത് സജീവസാന്നിധ്യമായ സുൽത്താനുൽ ഉലമ കാന്തപുരം എ പി അബൂബക്കർ മുസ്‌ലിയാരുടെ അത്യപൂർവ്വ വൈജ്ഞാനിക പാരമ്പര്യം മുദരിസുമാർ വഴി 5 ലക്ഷത്തോളം പഠിതാക്കളിലേക്ക് കൈമാറുകയായിരുന്നു സംഗമത്തിന്റെ ലക്ഷ്യം. അറബിയിലും മലയാളത്തിലുമായി അറുപതിലേറെ വിശ്വപ്രസിദ്ധ ഗ്രന്ഥങ്ങളുടെ കർത്താവായ കാന്തപുരം ഉസ്താദ് രചിച്ച കിതാബാണ് പഠിപ്പിക്കുന്നത്. സാമൂഹിക സാഹോദര്യം, കുടുംബസ്നേഹം, പൗരബോധം തുടങ്ങിയവ പഠിതാക്കളിൽ ഊട്ടിയുറപ്പിക്കുന്ന അധ്യായങ്ങളുള്ള ഗ്രന്ഥത്തിന്റെ പ്രകാശനവും സംഗമത്തിൽ നടന്നു. ഓഫ്‌ലൈനായും ഓൺലൈനായും ഇന്ത്യക്കകത്തും പുറത്തും നിന്ന് 8000 ത്തോളം പണ്ഡിതന്മാരാണ് ചരിത്രസംഗമത്തിന്റെ ഭാഗമായത്. ഉസ്താദുമാർക്ക് പ്രത്യേക ഇജാസത്ത് നൽകിയുള്ള സംഗമം കാന്തപുരം ഉസ്താദ് ഉദ്ഘാടനം ചെയ്തു. പഠിതാക്കളും മുദരിസുമാരും കോർത്തിണക്കിക്കൊണ്ടുള്ള പഠനരീതിയാണ് അവലംബിക്കേണ്ടതെന്ന് ഉസ്താദ് ഓർമിപ്പിച്ചു. സയ്യിദ് ഇബ്റാഹീമുൽ ഖലീലുൽ ബുഖാരി ആമുഖഭാഷണം നടത്തി. പേരോട് അബ്ദുറഹ്മാൻ സഖാഫി പ്രസംഗിച്ചു. വണ്ടൂർ അബ്ദുറഹ്മാൻ ഫൈസി സ്വാഗതവും റഹ്മത്തുല്ല സഖാഫി നന്ദിയും പറഞ്ഞു.

## എസ് ജെ എം സാരഥികൾക്ക് സ്വീകരണം നൽകി

കുടക്: ഭൗതിക വിദ്യാഭ്യാസത്തോടൊപ്പം മതവിജ്ഞാനവും സമ്പാദിച്ച് ഉന്നതങ്ങളിലെത്താൻ വിദ്യാർത്ഥികൾ ഉത്സുകരാകണമെന്ന് എസ് ജെ എം ട്രഷറർ വി പിഎം വില്യാപ്പള്ളി. എസ് ജെ എം സാരഥികൾക്ക് കൊട്ടമുടി മർകസുൽഹിദായയിൽ നൽകിയ സ്വീകരണസംഗമത്തിൽ ഉൽബോധനം നടത്തുകയായിരുന്നു അദ്ദേഹം. പ്രസിഡന്റ് സയ്യിദ് അലി ബാഫഖി പ്രാർത്ഥന നടത്തി. പ്രിൻസിപ്പൽ ഡോ. ഹുസൈൻ സഖാഫി അധ്യക്ഷത വഹിച്ചു. എസ് ജെ എം വൈസ് പ്രസിഡന്റ് ഡോ. നാസിർ ഹിശാമി, സെക്രട്ടറിമാരായ കുഞ്ഞുകുളം സുലൈമാൻ സഖാഫി, വി വി അബൂബക്കർ സഖാഫി, മുദരിസുമാരായ അബ്ദുസ്സലാം കാമിൽ സഖാഫി, അബ്ദുസ്സമദ് സഖാഫി, അശ്റഫ് സഖാഫി, അഡ്മിനിസ്ട്രേറ്റർ ഹമീദ് എം ബി സംബന്ധിച്ചു.

# സമസ്തയുടെ മാതൃക രാജ്യവ്യാപകമാകും

കോഴിക്കോട്: സമസ്ത കേരള ജംഇയ്യത്തുൽ ഉലമായുടെ വൈജ്ഞാനിക സാമൂഹിക മുന്നേറ്റ മാതൃക രാജ്യത്തെ മറ്റു സംസ്ഥാനങ്ങളിലേക്കും വ്യാപിപ്പിക്കുമെന്ന് കാന്തപുരം എ പി അബൂബക്കർ മുസ്‌ലിയാർ. സമസ്ത സെന്റിനറിയുടെ ഭാഗമായി രാജ്യത്തിന്റെ മതേതരത്വവും ഐക്യവും ശക്തിപ്പെടുത്താനും പാർശ്വവത്കൃത ജനതയെ സ്വയം പര്യാപ്തമാക്കാനുമുള്ള പദ്ധതികൾ സമസ്ത നടപ്പാക്കും. തീവ്രവാദ, മതപരിഷ്കരണ, മതനിരാസ സമീപനങ്ങളെ ശക്തമായി ചെറുക്കും. ആദർശ, ആത്മീയ പുരോഗതിയോടൊപ്പം സേവന, സാന്ത്വന മേഖലകളിൽ വിപുലമായ കർമപദ്ധതികൾ ആവിഷ്കരിക്കുമെന്നും സംഘടന എക്കാലവും മുറുകെപ്പിടിച്ച വർഗീയതാവിരുദ്ധ തീവ്രവാദവിരുദ്ധ നിലപാട് ശക്തമായി തുടരുമെന്നും കാന്തപുരം വ്യക്തമാക്കി.

ഒരു നൂറ്റാണ്ട് മുമ്പ് ഇതേ ടൗൺ ഹാളിൽ വെച്ച് രൂപീകൃതമായ സമസ്തയുടെ നേതാക്കളുടെ ഇഖ്‌ലാസും ഉദാത്തമായ ലക്ഷ്യബോധവുമാണ് നൂറു വർഷങ്ങൾക്കിപ്പുറവും അതേ ആദർശപാതയിൽ ഇങ്ങനെ ഒരുമിച്ചു കൂടാൻ അവസരം ഒരുക്കിയതെന്നും കാന്തപുരം ഓർമിപ്പിച്ചു.

കോഴിക്കോട് ടൗൺഹാളിൽ നടന്ന സമസ്ത സ്ഥാപകദിന സമ്മേളനത്തിൽ പ്രസിഡന്റ് ഇ സുലൈമാൻ മുസ്‌ലിയാർ അദ്ധ്യക്ഷത വഹിച്ചു. സയ്യിദ് അലി ബാഫഖി പ്രാർത്ഥന നടത്തി. സയ്യിദ് ഇബ്റാഹീം ഖലീലുൽ ബുഖാരി, പൊന്മള അബ്ദുൽ ഖാദിർ മുസ്‌ലിയാർ, പേരോട് അബ്ദുറഹ്മാൻ സഖാഫി, ഡോ. അബ്ദുൽ ഹകീം അസ്ഹരി വിഷയങ്ങൾ അവതരിപ്പിച്ചു. വണ്ടൂർ അബ്ദുറഹ്മാൻ ഫൈസി സ്വാഗതവും വിപിഎം വില്യാപ്പള്ളി നന്ദിയും പറഞ്ഞു. ചടങ്ങിൽ സമസ്ത ഡിജിറ്റൽ പ്ലാറ്റ്ഫോമും പുതിയ ലോഗോയും പ്രകാശനം നടത്തി. സമസ്ത സെന്റിനറിനിധിയുടെ സംസ്ഥാനതല ഉദ്ഘാടനം പുറക്കോട് മൊയ്തീൻകുട്ടി മുസ്‌ലിയാരിൽനിന്ന് ഫണ്ട് സ്വീകരിച്ചുകൊണ്ട് കാന്തപുരം നിർവഹിച്ചു. സമ്മേളനത്തിന് മുന്നോടിയായി സമസ്തസെന്ററിൽ നേതാക്കൾ ചേർന്ന് പതാക ഉയർത്തി.

# സമസ്ത സ്ഥാപകദിന പരിപാടികൾ ശ്രദ്ധേയമായി

കോഴിക്കോട്: 101 ലേക്ക് കടക്കുന്ന സമസ്തയുടെ സ്ഥാപകദിന പരിപാടികൾ ശ്രദ്ധേയവും ആകർഷകവുമായി. സ്ഥാപകദിനമായ ജൂൺ 26ന് സംസ്ഥാനത്തെ എല്ലാ യൂണിറ്റുകളിലും പതാക ഉയർത്തലും സന്ദേശപ്രഭാഷണങ്ങളും ലഘുലേഖ വിതരണവും നടന്നു. ജൂൺ 24ന് മദ്റസകളിലും സ്കൂളുകളിലും മറ്റു വിദ്യാഭ്യാസസ്ഥാപനങ്ങളിലും സ്റ്റുഡൻസ് അസംബ്ലികൾ നടന്നു. സമസ്തയുടെ ലക്ഷ്യവും പ്രാധാന്യവും അസംബ്ലികളിൽ വിശദീകരിക്കപ്പെട്ടു.

**മർകസിൽ**

കാരന്തൂർ ജാമിഅ മർകസിൽ നടന്ന അസംബ്ലി പ്രൗഢമായി. ആയിരത്തിലേറെ വരുന്ന ശരീഅവിദ്യാർത്ഥികളും എല്ലാ ഉസ്താദുമാരും സംബന്ധിച്ചു. സീനിയർ മുദരിസ് വിപിഎം വില്യാപ്പള്ളി അധ്യക്ഷത വഹിച്ചു പ്രാർത്ഥന നടത്തി. ഡയറക്ടർ ജനറൽ സി മുഹമ്മദ് ഫൈസി ഉദ്ഘാടനം ചെയ്തു. ഡോ. അബ്ദുൽ ഹകീം അസ്ഹരി, ഡോ. ഹുസൈൻ സഖാഫി ചുള്ളിക്കോട് പ്രസംഗിച്ചു. സയ്യിദ് ജസീൽ കാമിൽ സഖാഫി സ്വാഗതവും സുഹൈൽ അസ്ഹരി നന്ദിയും പറഞ്ഞു. കേന്ദ്ര മുശാവറ അംഗങ്ങളായ സി മുഹമ്മദ് ഫൈസി, വിപിഎം വില്യാപ്പള്ളി, അബ്ദുൽജലീൽ സഖാഫി, അബ്ദുൽ അസീസ് സഖാഫി, അബ്ദുൽ ഹകീം അസ്ഹരി, ഡോ. ഹുസൈൻ സഖാഫി എന്നിവരും മറ്റു ഉസ്താദുമാരും ചേർന്ന് പതാക ഉയർത്തി.

## ഹംഗ്ര വർദ പ്രചാരണം സജീവമാക്കുക, പ്രകാശനം വിജയിപ്പിക്കുക എസ് ജെ എം

കോഴിക്കോട്: കർണാടകയിലെ മദ്റസ വിദ്യാർത്ഥികൾക്കായി സുന്നി ജംഇയ്യത്തുൽ മുഅല്ലിമീൻ പ്രസിദ്ധീകരിക്കുന്ന ബാലമാസികയുടെ പ്രചാരണം സജീവമാക്കാൻ എസ് ജെ എം നേതാക്കൾ കർണാടകയിലെ മുഅല്ലിംകളോട് ആഹ്വാനം ചെയ്തു. ജൂലൈ 22ന് മംഗലാപുരത്ത് സംഘടിപ്പിക്കുന്ന പ്രകാശനസമ്മേളനം എല്ലാ മുഅല്ലിംകളും സംബന്ധിച്ച് വിജയിപ്പിക്കണം. എസ് ജെ എം സാരഥികളായ സയ്യിദ് അലി ബാഫഖി, അബൂഹനീഫൽ ഫൈസി, വിപിഎം വില്യാപ്പള്ളി അഭ്യർത്ഥിച്ചു.

# ഹംഗ്ര വർദ പ്രചാരണ കാമ്പയിൻ ഉജ്ജ്വലമായി

കോഴിക്കോട്: സുന്നി ജംഇയ്യത്തുൽ മുഅല്ലിമീൻ കർണാടകയിലെ മദ്റസ വിദ്യാർത്ഥികൾക്കായി കന്നടഭാഷയിൽ പ്രസിദ്ധീകരിക്കുന്ന ബാലമാസിക - ഹംഗ്ര വർദ പ്രചാരണ ക്യാമ്പയിൻ ഉജ്ജ്വലമായി. ഇതിന്റെ ഭാഗമായി ദക്ഷിണ കന്നടയിലെ വിവിധ ജില്ലകളിൽ സംഘടിപ്പിച്ച സ്വദർമുഅല്ലിം സംഗമങ്ങൾ വിജയകരമായി. ബി.സി റോഡ് ലയൺസ്ഭവനിൽ നടന്ന ഈസ്റ്റ് ജില്ല, സൗത്ത് ജില്ല സംഗമം എസ് ജെ എം സെക്രട്ടറി ഉമർ മദനി ഉദ്ഘാടനം ചെയ്തു.

മംഗളുരു സോൺ ബോസ് കോ ഹാളിൽ നടന്ന വെസ്റ്റ് ജില്ല, ഉഡുപ്പി ജില്ലാ സംഗമം സുന്നി വിദ്യാഭ്യാസ ബോർഡ് സെക്രട്ടറി പ്രൊഫ. എ കെ അബ്ദുൽ ഹമീദ് ഉദ്ഘാടനം ചെയ്തു. കൊട്ടമുടിയിൽ സംഘടിപ്പിച്ച കുടക് ജില്ലാ സംഗമം എസ് ജെ എം ട്രഷറർ വി പി എം വില്യാപ്പള്ളി ഉദ്ഘാടനം ചെയ്തു. സംഗമങ്ങളിൽ എസ് ജെ എം പ്രസിഡന്റ് സയ്യിദ് അലി ബാഫഖി പ്രാർത്ഥന നടത്തി. കന്നട സ്റ്റേറ്റ് പ്രസിഡന്റ് ജപ്പു അബ്ദുറഹ്മാൻ മദനി അധ്യക്ഷത വഹിച്ചു. കുഞ്ഞുകുളം സുലൈമാൻ സഖാഫി ക്യാമ്പയിൻ പ്രവർത്തനങ്ങൾ വിശദീകരിച്ചു. ക്യാമ്പയിൻ ഉരുപ്പടികൾ വിതരണം ചെയ്തു. വി വി അബൂബക്കർ സഖാഫി, ഡോ. നാസർ ഹിശാമി, ചെറൂപ്പ ബശീർ മുസ്‌ലിയാർ, കെ കെ എം കാമിൽ സഖാഫി, ഇബ്റാഹീം നദ്‌വി, ഹസൻ സുഹ്‌രി, അശ്റഫ് സഖാഫി, അബ്ദുല്ല സഖാഫി, ഹംസ കൊട്ടമുടി പ്രസംഗിച്ചു.

# ഹംഗ്ര വർദ: പ്രചാരണം ഊർജിതപ്പെടുത്തുക - ബോർഡ്

കോഴിക്കോട്: കർണാടക വിദ്യാർത്ഥികൾക്കായി സുന്നി ജംഇയ്യത്തുൽ മുഅല്ലിമീൻ പ്രസിദ്ധീകരിക്കുന്ന ഹംഗ്ര വർദ ബാലമാസികയുടെ പ്രചാരണം ഊർജിതപ്പെടുത്തുവാനും ജൂലൈ 22ന് മംഗലാപുരത്ത് നടക്കുന്ന പ്രകാശനസമ്മേളനം വിജയിപ്പിക്കുവാനും സുന്നി വിദ്യാഭ്യാസ ബോർഡ് ആഹ്വാനം ചെയ്തു. മലപ്പുറം, പാലക്കാട്, ആലപ്പുഴ എന്നിവിടങ്ങളിൽ നിന്നുള്ള നാലു മദ്റസകൾക്കു പുതുതായി അംഗീകാരം നൽകി.

ഇതു സംബന്ധമായി ചേർന്ന ബോർഡ് പ്രവർത്തകസമിതി യോഗം സയ്യിദ് അലിബാഫഖിയുടെ അധ്യക്ഷതയിൽ സയ്യിദ് ഇബ്റാഹീം ഖലീലുൽ ബുഖാരി ഉദ്ഘാടനം ചെയ്തു. പ്രൊഫ. എ കെ അബ്ദുൽ ഹമീദ് സ്വാഗതവും സി പി സൈതലവി മാസ്റ്റർ വരവ് ചെലവ് കണക്കും പ്രൊഫ. കെ എം എ റഹീം നന്ദിയും പറഞ്ഞു. ബോർഡ് മെമ്പർമാർ സംബന്ധിച്ചു.

## അക്കാദമിക് കൺവീന് തുടക്കം

കോഴിക്കോട്: ജാമിഅ മർകസ് സ്റ്റുഡൻസ് യൂണിയൻ ഇഹ്‌യാഉസ്സുന്ന അക്കാദമിക് കൺവീന് തുടക്കമായി. പ്രഥമ സംഗമം സീനിയർ മുദരിസ് വിപിഎം വില്യാപ്പള്ളി ഉദ്ഘാടനം ചെയ്തു. പഠനം കഴിഞ്ഞ് സേവനമേഖലയിലേക്കിറങ്ങുമ്പോൾ ഏൽപ്പിക്കപ്പെടുന്ന ദൗത്യം കൃത്യമായും ഭംഗിയായും നിർവഹിക്കാൻ ആവശ്യമായ കഴിവും ഊർജ്ജവും പഠനകാലത്ത് സ്വായത്തമാക്കണമെന്ന് അദ്ദേഹം വിദ്യാർത്ഥികളെ ഉൽബോധിപ്പിച്ചു. സയ്യിദ് ജസാർ ബാഫഖി അധ്യക്ഷത വഹിച്ചു. മിസ്അബ് മുസ്തഫ, ഹനീൻ മഹ്മൂദ് വിഷയാവതരണം നടത്തി. ഉസ്മാൻ ചിക്മംഗളൂർ പ്രകീർത്തനവേദിക്ക് നേതൃത്വം നൽകി. സാലിം മണ്ണാർക്കാട് സ്വാഗതവും മുശറഫ് പൊന്നാനി നന്ദിയും പറഞ്ഞു.

## മൂല്യബോധമുള്ള വായനക്കാരാവുക

ധാർമികമൂല്യങ്ങൾ ഉൾക്കൊള്ളുന്ന, വൈജ്ഞാനിക പുരോഗതിക്ക് ഉപകരിക്കുന്ന നല്ല വായനകൾക്ക് വിദ്യാർത്ഥികൾ സമയം കണ്ടെത്തണമെന്നും ആദർശവ്യതിയാനത്തിനിടവരുത്തുന്ന പുസ്തകങ്ങൾ വായിക്കാതിരിക്കാൻ ശ്രദ്ധിക്കണമെന്നും വിപിഎം വില്യാപ്പള്ളി. മർകസ് സ്റ്റുഡൻസ് യൂണിയൻ ലൈബ്രറിയുടെ ഈ വർഷത്തെ പ്രവർത്തനോദ്ഘാടനം നിർവഹിച്ച് സംസാരിക്കുകയായിരുന്നു അദ്ദേഹം. ചടങ്ങിൽ പ്രസിഡന്റ് സയ്യിദ് ജസാർ ബാഫഖി അധ്യക്ഷത വഹിച്ചു. സയ്യിദ് നഈം അഹ്ദൽ, മിസ്അബ് പിലാക്കൽ, ബിശ്ർ ബത്തേരി, ആദിൽ പോലൂർ സംബന്ധിച്ചു. തമീം മുഗുറോഡ് സ്വാഗതവും മുശ്ഫിഖ് പെരുമുഖം നന്ദിയും പറഞ്ഞു.

# സ്മാർട്ട് എക്സാം ശ്രദ്ധേയമാകുന്നു

സമസ്ത കേരള സുന്നി വിദ്യാഭ്യാസ ബോർഡ് മദ്റസ വിദ്യാർത്ഥികളെ മികവിലേക്കയർത്തുന്നതിന്റെ ഭാഗമായി നടപ്പിലാക്കിവരുന്ന സ്മാർട്ട് സ്കോളർഷിപ്പിന്റെ ഈ വർഷത്തെ തയ്യാറെടുപ്പുകൾ നടന്നുവരുന്നു. കേരളത്തിലും കർണാടകയിലും ഗൾഫ്‌രാജ്യങ്ങളിലുമായി രണ്ട് ലക്ഷം കുട്ടികളുടെ പങ്കാളിത്തം ലക്ഷ്യമിടുന്ന സ്മാർട്ട് എക്സാമിനേഷൻ വിദ്യാഭ്യാസമേഖലയിൽ പുതുപ്രതീക്ഷയായി മാറിക്കഴിഞ്ഞിട്ടുണ്ട്.

കുട്ടികൾ ധാരാളം വായിക്കുന്നു എന്നതാണ് മദ്റസാധ്യാപകരും രക്ഷിതാക്കളും ഇതിൽ താൽപര്യം കാണിക്കുന്നതിന്റെ പ്രധാന കാരണം. മദ്റസയിൽ പഠനസമയം വളരെ കുറവാണ്. കുട്ടികൾ ഉത്സാഹത്തോടെ ആവർത്തിച്ചു വായിച്ച് പരീക്ഷക്ക് തയ്യാറെടുക്കുന്നു എന്നത് ചെറിയ കാര്യമല്ല. അതിലൂടെ അവർക്ക് കിട്ടുന്ന അംഗീകാരവും വിലപ്പെട്ടതാണ്. സ്മാർട്ട് മെയിൻ പരീക്ഷയിൽ പങ്കെടുക്കുന്ന കുട്ടികൾക്ക് മെഡലുകളും സർട്ടിഫിക്കറ്റുകളും വിജയികൾക്ക് സ്കോളർഷിപ്പ് തുകയും റാങ്ക് ജേതാക്കൾക്ക് സ്വർണ്ണനാണയങ്ങളും ലഭിക്കുന്നു. കൂടുതൽ കുട്ടികളെ പങ്കെടുപ്പിക്കുന്ന സ്ഥാപനവും അധ്യാപകരും ആദരിക്കപ്പെടുന്നു. കൂടുതൽ വിജയശതമാനം ലഭിക്കുന്ന സ്ഥാപന കോ-ഓർഡിനേറ്ററായ അധ്യാപകന് പ്രത്യേകം ക്യാഷ് അവാർഡും ലഭിക്കുന്നുണ്ട്.

നമ്മുടെ കുട്ടികളും സ്മാർട്ട് പരീക്ഷയിൽ പങ്കെടുക്കട്ടെ. വ്യക്തിഗത കഴിവുകളെ കണ്ടെത്താനും തിരിച്ചറിയാനും അതവരെ സഹായിക്കുന്നു. ആത്മവിശ്വാസം വളർത്തുന്നു. പഠന-പഠനനുബന്ധ പ്രവർത്തനങ്ങളുടെ ഗുണനിലവാരം ഉയർത്തുന്നു. യഥാർത്ഥ അറിവും കഴിവും കണ്ടെത്താൻ സഹായിക്കുന്നു. ഭാവിയിൽ ഉന്നതപരീക്ഷകളെ നേരിടേണ്ട രീതി പരിചയപ്പെടുന്നു. കഠിനാധ്വാന ശീലവും അച്ചടക്കവും വളർത്തുന്നു. ചോദ്യങ്ങളുടെ ശൈലി പരിഗണിച്ച് പ്രശ്നപരിഹാരശേഷി വർദ്ധിക്കുന്നു.

ഇത്തരം പരീക്ഷകളിൽ പങ്കെടുക്കുന്നതിലൂടെ നമ്മുടെ മക്കളുടെ ബൗദ്ധികനിലവാരം ഉയരുന്നുണ്ടെന്നത് എത്രമേൽ സന്തോഷദായകമാണ്! മക്കൾ സാംസ്കാരികമായും ധാർമികപരമായും ഉന്നതപദവികളിലെത്തുമ്പോൾ രക്ഷിതാക്കളിലുണ്ടാകുന്ന നിർവൃതി എത്രമേൽ വലുതാണ്! വിദ്യാഭ്യാസ ബോർഡിനു മാത്രമല്ല; മദ്റസകൾക്കും അധ്യാപകർക്കും രക്ഷിതാക്കൾക്കും അഭിമാനകരമായ പരീക്ഷയാണിത്. 3 മുതൽ പ്ലസ് ടു വരെ ക്ലാസുകളിൽ പഠിക്കുന്ന നമ്മുടെ കുട്ടികളെയെല്ലാം സ്മാർട്ട് പരീക്ഷയിൽ പങ്കെടുപ്പിക്കുമല്ലോ?


*പ്രതീക്ഷയോടെ,*

**അബൂബക്കർ മാസ്റ്റർ പടിക്കൽ**
*(നോഡൽ ഓഫീസർ, സ്മാർട്ട് സ്കോളർഷിപ്പ് എക്സാം)*

തീരം

റൈഹാൻ

# ഓർമ്മകളുടെ ആറ്റുവഞ്ചി



വേനൽ കനക്കുമ്പോൾ
നാട്ടുമാവിൻ ചില്ലകളിൽ
പഴുത്തുതൂങ്ങാറുള്ള മാങ്ങകൾ
പൂവാകുമ്പോഴേ കരിഞ്ഞ്
കൊഴിഞ്ഞു പോകുന്നു.

കശുമാവിൻ കൊമ്പിൽ
മഞ്ഞയും ചുവപ്പും നിറത്തിൽ
അലങ്കാര ബൾബുകൾ പോലെ
പറങ്കിമാങ്ങകൾ പറമ്പിലിപ്പോൾ
കാണാനേയില്ലെങ്ങും.

ചുളകളിൽ തേനൂറും
തേൻവരിക്കച്ചക്കകൾ തിന്നാൻ
അണ്ണാനോ കിളികളോ
ചില്ലകളിൽ ചിലച്ചെത്താറില്ലിപ്പോൾ.
പഴുത്തു കറുത്ത്, ഞെട്ടിയൂർന്നവ
നിലംപതിച്ചഴുകിപ്പോകുന്നു.

പടിഞ്ഞാറ്റത്തെ മല കടന്ന്
ഇരമ്പിയാർത്തു വരാറുള്ള
ഇടവപ്പാതിപ്പെയ്ത്തിപ്പോൾ
ഇടയ്ക്കെപ്പോഴെങ്കിലും
കരഞ്ഞൊഴിഞ്ഞുപോകുന്ന
വിരുന്നുകാരനായി മാറി.

മഴ പെയ്തു നിറയുമ്പോൾ
ആമ്പൽക്കുളത്തിൽ നിന്നും
നെൽപ്പാടത്തിൽ നിന്നും
കാക്കത്തോട്ടിൽ ഒരുമിക്കാറുള്ള
പരൽമീനുകൾ പതിയെ
ഓർമ്മപ്പൊയ്കയിലേക്ക്
ഒഴുക്കു നീന്തിപ്പോയി.

ഋതുഭേദങ്ങൾ ഒന്നുമില്ലാതെ
ആണ്ടുകളുടെ കടലാഴം
തുഴഞ്ഞുപോകുന്നു,
ഓർമ്മകളുടെ ആറ്റുവഞ്ചി.

Printed & Published by Kunhalavi musliyar on behalf of Samastha Isalamic Centre, Jaferkhan Colony, P.O Eranhipalam
Kozhikode - 673006 and printed at Al kamal offset, East Nadakkavu, Kozhikode, Editor : VP Moidu Faizy Villyapally